# കരയോഗ സൗഹൃദം

*സത്യം പരം ധീമഹി* Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം Pages - 84

വാല്യം - 8 ലക്കം - 12 വൃശ്ചികം - 1191 ഡിസംബർ 2015




# സ്മരണാഞ്ജലി










സേവനം ജീവിത സാഫല്ല്യമെന്നൊരാ-
വേദവാക്യത്തെ സാധൂകരിക്കുവാൻ
ക്രാന്തദർശികൾ, പൂർവ്വികർ നമ്മുടെ
കാര്യലാഭത്തെക്കാളുമുപരിയായ്
ലോകശ്രേയസ്സിനായ്ക്കൊണ്ട് ചെയ്തൊരാ-
ക്ഷേത്രകാര്യങ്ങളെത്ര മഹത്തരം
ഇന്നു നാം കാണുന്നൊരീമഹാസൗധവും
മന്നിലുള്ളൊരാ പേരും പെരുമയും
എല്ലാമെല്ലാം നമുക്ക് ലഭിച്ചതാ-
കർമ്മധീരരാം നേതാക്കൾ തന്നുടെ
കൂർമ്മബുദ്ധിയും ത്യാഗമനസ്ഥിതിയും
ഒത്തുചേർന്ന് വിളങ്ങിതെളിഞ്ഞൊരാ
കർമ്മശേഷിതൻ സിദ്ധികളല്ലയോ?
നന്മകളേകി നമ്മെ അനുഗ്രഹിച്ചീടുവാൻ
നമ്രശീർഷരായ് നിന്നു നമിച്ചിടാം
പുണ്യമോലുമാ പൂർവ്വികർ തന്നുടെ
ധന്യധന്യമാമോർമ്മകൾ തന്മുന്നിൽ
പരമപൂജ്യരാം പൂർവ്വികശ്രേഷ്ഠരെ!
നിങ്ങൾതൻ,
സ്മരണയിൽപോലും പുളകിതരാകുവോ
രിവരോടെന്നും കരുണ കാട്ടീടണേ
സകല ശക്തിയും നൽകിയീ യജ്ഞങ്ങൾ
സഫലമാക്കാനനുഗ്രഹിക്കേണമേ







വാല്യം 8 ലക്കം 12 ഡിസംബർ 2015

ഉള്ളടക്കം നം


| ഉള്ളടക്കം | നം |
| --- | --- |
| എഡിറ്റോറിയൽ | 03 |
| ജനറൽ സെക്രട്ടറിയുടെ പംക്തി | 05 |
| ബാലലോകം | 07 |
| എറണാകുളം കരയോഗം ചാരിറ്റി | 08 |
| വാസ്തു | 09 |
| രാഗപരിചയം | 10 |
| മാതാപിതാക്കളും മക്കളും അറിയേണ്ടത് | 11 |
| ക്ഷേത്രങ്ങളിലൂടെ | 16 |
| വ്യക്തിവിശേഷം | 19 |
| പ്രമേഹം | 20 |
| ചിതറിയ ചിന്തകൾ | 22 |
| ഇനിയും ഈ ഭൂമിയിൽ ജനിക്കണം | 26 |
| ജലദോഷം | 28 |
| കേരളം അന്നും ഇന്നും | 29 |
| കൊച്ചിയുടെ ചരിത്രം | 32 |
| പ്രശാന്തി | 36 |
| വദതു സംസ്കൃതം | 37 |
| ഉറക്കക്കുറവ് | 38 |
| കാഴ്ചയും കാഴ്ചപ്പാടും | 41 |
| കാവ്യ സരണിയിലൂടെ ഒരു തീർത്ഥയാത്ര | 44 |
| തോട പറഞ്ഞ കഥ | 46 |
| ഭാരതീയന്റെ നാണം മാറാൻ | 50 |
| എറണാകുളം കരയോഗം - നവതി ആഘോഷങ്ങൾ | 54 |
| ആദരാഞ്ജലികൾ | 65 |
| മാസഫലം | 72 |
| Mangalyam Matrimonial | 73 |



പത്രാധിപസമിതി

കെ.പി. കൃഷ്ണമേനോൻ
(മാനേജിംഗ് എഡിറ്റർ)
എം. ശ്രീവല്ലഭൻ നായർ (എഡിറ്റർ)
പി. രാമചന്ദ്രൻ (വേണു)
കെ.ടി. മോഹനൻ
എ. മുരളീധരൻ
കെ. പ്രസന്നകുമാർ


## എഡിറ്റോറിയൽ

### ഒരു ആത്മ വിചിന്തനം

# നവതിയുടെ നിറവിൽ

നവതിയുടെ നിറവിൽ നിറഞ്ഞ് നില്ക്കുകയാണല്ലോ നമ്മുടെ എറണാകുളം കരയോഗം.എറണാകുളത്തുള്ള എല്ലാ വിഭാഗം ആളുകൾക്കും, അല്ല ഈ രാജ്യത്തെ മുഴുവൻ ആളുകൾക്കും പ്രയോജനപ്രദമായ മഹത്തായ ഈ സ്ഥാപനത്തിന് ബീജാവാപം ചെയ്ത ക്രാന്തദർശികളായിരുന്ന നമ്മുടെ ആ പൂർവ്വപിതാക്കളുടെ മുമ്പിൽ മനസാപ്രണമിച്ച് ഒന്ന് തിരിഞ്ഞ് നോക്കുക എന്നുള്ളത് ഇത്തരുണത്തിൽ അവശ്യം നിർവ്വഹിക്കേണ്ട കടമ തന്നെയെന്ന് കരുതുന്നു. പൗരാണിക കാലം മുതൽ തന്നെ പൊതുസമൂഹത്തിനും നാടിനും വേണ്ടി നിസ്വാർത്ഥ സേവനം അനുഷ്ഠിച്ചു പോന്നവരുടെ പിൻമുറക്കാരായിരുന്നുവല്ലോ അവരും. നാടിനും നാട്ടുകാർക്കും വേണ്ടി ജീവിക്കുകയും മരിക്കുകയും ചെയ്യുക എന്നുള്ളത് ജൻമസിദ്ധമായ കടമ എന്നുറക്കെ വിശ്വസിച്ച് അതിനുവേണ്ടി ജീവിതം ഉഴിഞ്ഞ് വെച്ച മഹാത്യാഗികളും, ദേശസ്നേഹികളുമായ ഒരു വിഭാഗത്തിന്റെ പിൻമുറക്കാർ."സേവനം ജീവിത സാഫല്യ"മെന്ന മഹത്തായ ആശയത്തിന് ഊടും പാവും നൽകി പൂർണ്ണതയിലെത്തിച്ചു, ഈ മഹനീയ സ്ഥാപനത്തിന്റെ പ്രവർത്തനാരംഭത്തിൽ പോലും. നാട്ടുകാർക്ക് മാത്രമല്ല സർക്കാരിനും ഏറെ പ്രയോജനം സിദ്ധിച്ചിട്ടുണ്ട്, ഇതിന്റെ പ്രവർത്തനമികവുകൊണ്ട്.

കഴിഞ്ഞ കുറെ കാലങ്ങളായി സേവനത്തിന്റെ സമസ്തമേഖലകളിലും കടന്ന് ചെന്ന്, ആശയറ്റവർക്കും, അശരണർക്കും, അനാഥർക്കും, അഗതികൾക്കും ആശ്വാസമേകുന്ന സാന്ത്വനാലയമായി മാറാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട് എന്നുള്ളതിൽ ഇതിലെ ഓരോ അംഗത്തിനും അഭിമാനിക്കാം. ഇന്ന് നമ്മുടെ കരയോഗം എറണാകുളത്തിന്റെ ഹൃദയഭാഗത്ത് എല്ലാ വിഭാഗം ജനങ്ങൾക്കും, എല്ലാത്തരം സദ്പ്രവർത്തനങ്ങൾക്കും വേദിയൊരുക്കിക്കൊണ്ട്, എല്ലാവർക്കും തണലേകുന്ന വൻ വടവൃക്ഷമായി പടർന്ന് പന്തലിച്ച് നിൽക്കുന്നു. ഇവിടെ നാം ചിന്തിക്കേണ്ട മറ്റൊന്ന്,നമ്മെക്കാൾ എത്രയോ ഇരട്ടി അംഗസംഖ്യയുള്ള, ആസ്തിയുള്ള വളരെ വിശാലമായ പ്രവർത്തനമണ്ഡലമുള്ള, പണ്ടൊക്കെ അവരുടെ വാക്കിനും നോക്കിനും വില കല്പിച്ചിരുന്ന,നമ്മേക്കാൾ 'ഇമ്മിണി' വലിയ സംഘടന നിസ്തേജരായി മാറിക്കൊണ്ടിരിക്കുമ്പോഴാണ് നമുക്ക് ഈ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത്.

അതുകൊണ്ട് തന്നെ സംസ്ഥാന തലത്തിൽ മാത്രമല്ല, ലോകമെമ്പാടുമുള്ള നമ്മുടെ സമുദായാംഗങ്ങളിലെ ഉൽപ്പതിഷ്ണുക്കളായ നല്ല ഒരു വിഭാഗം ഇന്ന് പ്രതീക്ഷയോടെ ഉറ്റുനോക്കുന്നത് നമ്മെയാണ്. അവരുടെ പ്രതീക്ഷകൾക്കൊത്തുയരുകയെന്നുള്ളത് നമ്മുടെ കടമയാണ്, കാലത്തിന്റെ ആവശ്യമാണ്, മാത്രവുമല്ല ശതാബ്ദിയിലെത്തുമ്പോൾ എറണാകുളം കരയോഗത്തെ ലോകം മുഴുവൻ അറിയപ്പെടുന്ന, അംഗീകരിക്കുന്ന, ആദരിക്കുന്ന, ഒരു സാംസ്കാരിക പ്രസ്ഥാനമാക്കി വളർത്തണം, ഉയർത്തണം. ഒരു ശരീരവും ഒരു മനസ്സും എന്നപോലെ ഐക്യത്തോടു കൂടി മുമ്പോട്ട് നീങ്ങിയാൽ നമുക്കത് സാധിക്കും. കഴിഞ്ഞ അഞ്ച് വർഷത്തെ പ്രവർത്തനം അതിനുദാഹരണമാണ്. കരയോഗാംഗങ്ങൾ നൽകിയ പരിപൂർണ്ണമായ പിന്തുണകൊണ്ടാണ് ആരെയും അതിശയിപ്പിക്കും വിധത്തിലുള്ള പുരോഗമനപരിപാടികൾ നടപ്പാക്കാൻ നമുക്ക് കഴിഞ്ഞത്. നമ്മുടെ കരയോഗത്തിന്റെ കെട്ടിലും മട്ടിലും വന്ന മാറ്റങ്ങൾ എത്രയെന്ന് നേരിട്ട് കണ്ടറിയുക. മുൻപുണ്ടായിരുന്ന അതേ സ്ഥലത്ത് ആധുനീക രീതിയിൽ വിവിധാവശ്യങ്ങൾക്ക് ഉപയുക്തമാംവിധം പത്ത് ഹാളുകളാണ് സജ്ജമാക്കിയിരിക്കുന്നത്. അതുപോലെ തന്നെ ചാരിറ്റി പ്രവർത്തനങ്ങൾ വിപുലികരിച്ചതും. എറണാകുളം നഗരവാസികളും, കൊച്ചി കോർപ്പറേഷനും മാത്രമല്ല സംസ്ഥാനതലത്തിൽ പോലും നമ്മുടെ പ്രവർത്തനങ്ങൾക്ക് അഭിമാനകരമായ അംഗീകാരമാണ് നല്കിവരുന്നത്. ഇതെല്ലാം സാദ്ധ്യമാകുന്നത് കാര്യപ്രാപ്തിയുള്ള, ദീർഘവീക്ഷണമുള്ള, അർപ്പണമനോഭാവമുള്ള നേതൃനിരയുള്ളതുകൊണ്ടാണ്. അവരുടെ പ്രവർത്തനശൈലിയിലും ഭരണനൈപുണ്യത്തിലുമുള്ള മികവാണ് ഇന്ന് നാം കൈവരിച്ചിരിക്കുന്ന നേട്ടങ്ങൾക്കെല്ലാം കാരണം. അവരുടെ കരങ്ങൾക്ക് ശക്തിപകർന്ന് വിജയത്തിൽ നിന്ന് വിജയിത്തിലേക്കുള്ള നമ്മുടെ പ്രയാണത്തെ ത്വരിതപ്പെടുത്തണം.

ഇനി ഒന്നുകൂടി, എല്ലാ വിഭാഗം ആളുകളും, അവരവരുടേതായ കുടക്കീഴിൽ അണിനിരന്ന് സംഘടിച്ച് മുന്നേറുകയാണ്. സംഘടിക്കാതെ ആർക്കും ശക്തരാകാൻ സാധിക്കാത്ത ഈ കാലത്ത് മുഴുവൻ കരയോഗാംഗങ്ങളും കരയോഗത്തിന്റെ കീഴിൽ അണിനിരന്ന് ഒറ്റക്കെട്ടായി നിന്നാൽ നാടിന്റെ ഭാഗധേയം നിർണ്ണയിക്കുന്നതിൽ ഒരു മുഖ്യ പങ്ക്വഹിക്കുവാൻ നമുക്കും കഴിയും. ആലസ്യം വെടിഞ്ഞ് ഉണരുക അണി ചേരുക, വിജയം നമ്മുടേതാക്കുക.

## അറിയിപ്പ്

**എല്ലാ ബുധനാഴ്ചയും**
**ഉച്ചയ്ക്ക് മൂന്നുമണിക്ക് ഗീതാ ക്ലാസ്സ്**
**ഉണ്ടായിരിക്കുന്നതാണ്**

**Contact No. : 9895986343**

# ജനറൽ സെക്രട്ടറിയുടെ പംക്തി

ഈ ഡിസംബർ ആഘോഷങ്ങളുടെ മാസമാവുകയാണ്. പ്രത്യേകിച്ച് എറണാകുളം കരയോഗത്തെ സംബന്ധിച്ച് 2015 ഡിസംബർ ചരിത്ര മുഹൂർത്തമാണ്. നവതി ആഘോഷിക്കുന്ന എറണാകുളം കരയോഗം ഡിസംബർ 21 മുതൽ 25 വരെയുള്ള ദിവസങ്ങളിൽ അതി വിപുലമായ പരിപാടികൾക്കാണ് രൂപം കൊടുത്തിരിക്കുന്നത്. ബഹു. കേരള ഗവർണർ, മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, കേരള ഹൈക്കോടതി ജഡ്ജിമാർ, മതനേതാക്കൾ, സാമൂഹ്യ രാഷ്ട്രീയ രംഗത്തെ പ്രഗത്ഭർ, കലാസാഹിത്യ രംഗത്തെ പ്രമുഖർ എന്നിവരെയെല്ലാം പങ്കെടുപ്പിച്ചുകൊണ്ട് വിവിധ വേദികളിലായി സെമിനാറുകൾ, സിമ്പോസ്യങ്ങൾ, ചർച്ചകൾ, വിപുലമായ ഉദ്ഘാടനസമാപനസമ്മേളനങ്ങൾ, കൂടാതെ നാടൻ കലാരൂപങ്ങളെ പരിചയപ്പെടുത്തിക്കൊണ്ടുള്ള പ്രദർശനങ്ങൾ,ഫോട്ടോ എക്സിബിഷനുകൾ, എല്ലാ സായംസന്ധ്യകളിലും പ്രശസ്തരും പ്രഗത്ഭരുമായവരുടെ വിവിധ കലാവിരുന്നുകൾ, കഥകളി, നൃത്ത സംഗീത വാദ്യവിഭാഗങ്ങളിലായി വിവിധ കലാരൂപങ്ങളുടെ സംഗമം തുടങ്ങി ഒട്ടേറെ പരിപാടികൾ നടത്തപ്പെടുന്നു. 10 മുതൽ 18 വയസ്സുവരെയുള്ള കുട്ടികൾക്കായി നടത്തപ്പെടുന്ന കലാമത്സരങ്ങൾ നവതി ആഘോഷത്തിൻെറ കൊഴുപ്പു കൂട്ടുന്നു.

ആഘോഷങ്ങൾക്കപ്പുറം നാം ആസൂത്രണം ചെയ്തിരിക്കുന്ന ബൃഹത്തായ പദ്ധതികൾ പ്രായോഗിക തലത്തിൽ കൊണ്ടു വരുന്നതിനുള്ള ശ്രമങ്ങൾ അന്തിമഘട്ടത്തിലാണ്. പോളി ക്ലിനിക്, ഗുരുവായൂർ ഗസ്റ്റ് ഹൗസ് എന്നിവ നവതി സ്മാരക സ്ഥാപനങ്ങളായി ഉണ്ടാവേണ്ടതുണ്ട്. എറണാകുളം കരയോഗത്തെ സംബന്ധിച്ച് അതിൻെറ പ്രത്യേകത മറ്റുള്ള ഏതു പ്രസ്ഥാനത്തെക്കാളും, ദീർഘവീക്ഷണത്തോടെ സമൂഹനൻമയെ ലക്ഷ്യമാക്കിക്കൊണ്ട് പ്രവർത്തനവും പരിപാടികളും പദ്ധതികളും ആസൂത്രണം ചെയ്യുക എന്നതാണ്. അതിന് ഏറ്റവും പ്രോത്സാഹനജനകമായ ഘടകം ഈ പ്രസ്ഥാനത്തിൻെറ അംഗങ്ങളാണ്.

എറണാകുളം കരയോഗത്തിന്റെ ഇന്നു കാണുന്ന ഈ വളർച്ചയ്ക്ക് നിർലോഭമായ സഹകരണവും, സഹായവും, ഉപദേശങ്ങളും ലഭിച്ചിട്ടുള്ളത് നല്ലവരായ കരയോഗാംഗങ്ങളിൽ നിന്നാണ് എന്ന് ഇവിടെ പ്രത്യേകം സ്മരിക്കുന്നു. ഈ സ്ഥാപന ത്തിൻെറ വളർച്ചയ്ക്ക് ജാതിമത രാഷ്ട്രീയ വ്യത്യാസങ്ങളില്ലാതെ, സമൂഹത്തിൻെറ നാനാതുറകളിലുമുള്ള ആളുകൾ നിർലോഭമായ സഹകരണവും പ്രോത്സാഹനവുമേകി നമ്മുടെ കരയോഗത്തിന്റെ വളർച്ചയ്ക്ക് എല്ലാവിധ സഹായങ്ങളും നൽകിയിട്ടുണ്ട് എന്നത് എടുത്തു പറയട്ടെ. ഈ പ്രസ്ഥാനത്തിൻെറ വളർച്ചയ്ക്ക് എനിക്കു മുൻപ് കരയോഗത്തിൻെറ വിവിധ ഭാരവാഹികൾ ചെയ്തിട്ടുള്ള എല്ലാ നല്ല കാര്യങ്ങളും ഇവിടെ ഓർക്കുന്നു. ഈ സമുദായത്തിലെ ഉന്നതരും, പ്രശസ്തരും, പ്രഗത്ഭരുമായ മഹത്വ്യക്തികൾ ഇരുന്ന ഈ കസേരയിലിരുന്നുകൊണ്ട് എളിയവനായ എനിക്ക് എന്തെങ്കിലും ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ അതിൻെറ മുഴുവൻ മികവും പൂർവ്വികർക്കുള്ളതാണെന്ന് ആത്മാർത്ഥമായി വിശ്വസിക്കുന്നു.

ഇന്ന് കേരളത്തിൽ മാത്രമല്ല ഭാരതമൊട്ടാകെ തന്നെ സാമുദായിക സ്പർദ്ധയ്ക്ക് കൂടുതൽ ഊർജ്ജം പകരുന്ന പ്രവർത്തനങ്ങളും പ്രഭാഷണങ്ങളുമാണ് ദിനംപ്രതി നാം കേട്ടുകൊണ്ടിരിക്കുന്നത്. ഭാരതീയ സംസ്കാരം ഉയർത്തിപ്പിടിച്ച് ഹൈന്ദവതയിലൂന്നി, നാനാത്വത്തിൽ ഏകത്വം എന്ന സങ്കല്പത്തിലൂടെ രാജ്യത്തിന് മുന്നോട്ടു പോകുവാൻ കഴിയണം. കേരളത്തിലെ ഒരു ചെറിയ സംഘടന എന്ന നിലയിൽ എറണാകുളം കരയോഗം എല്ലാവരെയും ഉൾക്കൊള്ളുവാനും, ഒന്നായിക്കാണുവാനും, അവശതയും കഷ്ടപ്പാടും ദുരിതവുമനുഭവിക്കുന്നവർക്ക് ആവും വിധം കൈതാങ്ങ് ആയി സഹായം നൽകുവാൻ എന്നും ശ്രമിച്ചിട്ടുണ്ട് എന്ന്

ഇത്തരുണത്തിൽ അംഗങ്ങളെ ഓർമ്മിപ്പിക്കുന്നു. തികച്ചും മാതൃകാപരമായി ശക്തമായ കെട്ടുറപ്പോടെ ഇനിയും വളരെ ദൂരം നമുക്ക് മുന്നോട്ടു പോകേണ്ടതുണ്ട്.

നവതി ആഘോഷം ഭംഗിയായും മംഗളമായും നടത്തുക എന്നുള്ളതിന് എല്ലാ അംഗങ്ങൾക്കും പൂർണ്ണ ഉത്തരവാദിത്തമുണ്ടെന്ന് ഓർമ്മിപ്പിക്കട്ടെ. എല്ലാ ദിവസവും രാവിലെ 9 മണി മുതൽ രാത്രി 9 മണി വരെ വിവിധ വേദികളിലായി നടക്കുന്ന വ്യത്യസ്ത പരിപാടികളിൽ നിറസാന്നിദ്ധ്യം കൊണ്ടും സഹകരണം കൊണ്ടും നമ്മുടെ ക്ഷണം സ്വീകരിച്ച് ഇവിടെ എത്തിച്ചേരുന്ന അതിഥികൾക്ക് പ്രോത്സാഹനമായ രീതിയിൽ പരിപാടികളിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ അഞ്ചു ദിവസവും അംഗങ്ങൾക്ക് രാവിലെ മുതൽ രാത്രി വരെയുള്ള ഭക്ഷണത്തിനുള്ള സൗകര്യം ടിഡിഎം ഹാളിൽ ഒരുക്കിയിട്ടുണ്ട്. കുടുംബ സമേതം പരിപാടികളിൽ പങ്കെടുത്തുകൊണ്ട് കരയോഗത്തിൻെറ പരിപാടികൾ വിജയിപ്പിക്കുവാൻ ഒരിക്കൽ കൂടി അഭ്യർത്ഥിക്കുന്നു. നവതി ആഘോഷ പരിപാടികളുടെ വിജയം ഓരോ അംഗങ്ങൾക്കും മാത്രമാണെന്ന് ഒരിക്കൽ കൂടി ഓർമ്മിപ്പിച്ചു കൊണ്ട് നവതി ആഘോഷത്തിലേയ്ക്ക് എല്ലാവരെയും ക്ഷണിച്ചുകൊള്ളുന്നു.

ഗുരുവായൂർ നാരായണീയദിനത്തോടനു ബന്ധിച്ച് ഡിസംബർ 14ന് രാവിലെ 7.30 മണി മുതൽ ടിഡിഎം ഹാളിൽ ശ്രീമതി. രാജം ആർ. മേനോൻെറ നേതൃത്വത്തിൽ സമ്പൂർണ്ണ നാരായണീയ പാരായണം ഉണ്ടായിരിക്കും. എല്ലാ ഗുരുവായൂരപ്പ ഭക്തൻമാരോടും നാരായണീയ പാരായണത്തിൽ പങ്കെടുക്കുവാൻ അഭ്യർത്ഥിക്കുന്നു. ഈ വർഷത്തെ തിരുവാതിര ആഘോഷം ഡിസംബർ 25ാം തീയതി എറണാകുളം കരയോഗം നവതി ആഘോഷങ്ങളുടെ സമാപനദിവസമാണ്. എന്നാൽ എറണാകുളം കരയോഗവും സ്ത്രീ സമാജവും സംയുക്തമായി നടത്തിവരാറുള്ള തിരുവാതിര ആഘോഷം മുടങ്ങാതെ ഈ വർഷവും ഡിസംബർ 25ാം തീയതി, രാത്രി 8.30 മണിക്ക് ടി.ഡി.എം ഹാളിൽ പരമ്പരാഗതമായ ചടങ്ങുകളോടെ നടത്തുന്നതാണ്. കരയോഗത്തിലെ എല്ലാ അമ്മമാരേയും സഹോദരിമാരേയും പ്രത്യേകം ക്ഷണിക്കുന്നു.

എറണാകുളം കരയോഗം കഥകളി ക്ലബ്ബിൻെറ ഡിസംബർ മാസത്തെ കഥകളി "നളചരിതം ഒന്നാം ദിവസം" നവതി ആഘോഷത്തോടനുബന്ധിച്ച് ഡിസംബർ 22 ന് വൈകുന്നേരം 6.15 മണിക്ക് ടിഡിഎം ഹാൾ ഗംഗയിൽ അവതരിപ്പിക്കുന്നതാണ്. എറണാകുളം കരയോഗത്തിൻെറ സഹകരണത്തോടെ ബീം അവതരിപ്പിക്കുന്ന പ്രതിമാസ പരിപാടി ''ഖയാലേ ഖവ്വാലി'', ഹിന്ദുസ്ഥാനി സംഗീതസന്ധ്യ, ഡിസംബർ 16 ാം തീയതി ബുധനാഴ്ച വൈകുന്നേരം 6.30 മണിക്ക് ടി ഡി എം ഹാൾ ഗംഗയിൽ ഉണ്ടായിരിക്കുന്നതാണ്.

കരയോഗത്തിൻെറ തുടർന്നുള്ള പ്രവർത്തനങ്ങളിൽ എല്ലാ കരയോഗാംഗങ്ങളുടേയും സഹകരണം അഭ്യർത്ഥിച്ചു കൊള്ളുന്നു.

ജനറൽ സെക്രട്ടറി

---

പ്രിയ സുഹൃത്തേ,

നമ്മുടെ കരയോഗത്തിന്റെ നവതി ആഘോഷം കൊണ്ടാടുന്ന ഈ വേളയിൽ ശതാഭിഷേകം കഴിഞ്ഞ നമ്മുടെ കരയോഗാംഗങ്ങളെ 21.12.2015 രണ്ടു മണിക്ക് ആദരിക്കുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം സസന്തോഷം അറിയിച്ചു കൊള്ളട്ടെ. എല്ലാ അംഗങ്ങളുടേയും ജനനത്തീയ്യതി സംബന്ധിച്ച് രേഖകൾ പൂർണ്ണമായി ലഭ്യമല്ല. അതുകൊണ്ട് ശതാബ്ദി കഴിഞ്ഞ എല്ലാ മാന്യഅംഗങ്ങളോ, അവരുടെ കുടുംബാംഗങ്ങളോ കരയോഗം ജനറൽ സെക്രട്ടറിയുമായി ബന്ധപ്പെടുവാൻ താല്പര്യപ്പെടുന്നു. ചടങ്ങിനെ സംബന്ധിച്ചുള്ള പൂർണ്ണവിവരങ്ങൾ ലഭിക്കുന്നതിനുവേണ്ടി ബന്ധപ്പെടുക.

ഫോൺ : 0484 2361160, Ext: 56



# ബാലലോകം



ലക്ഷ്മിദേവി നായർ

പ്രിയപ്പെട്ട കൂട്ടുകാരെ,

പുതുവർഷമെത്താറായി എന്തെങ്കിലുമൊക്കെ നമുക്ക് ചെയ്യണ്ടേ? പുതിയതായി എന്തെങ്കിലുമൊക്കെ പഠിക്കുക, കൂടുതൽ നിഷ്ഠയോടെ സ്കൂളിലെ പാഠങ്ങളൊക്കെ ഹൃദിസ്ഥമാക്കുക, നല്ല ശീലങ്ങൾ വളർത്തുക, അച്ഛനമ്മമാരോടും, ഗുരുക്കന്മാരോടും ബഹുമാനത്തോടെ പെരുമാറുക, നല്ല വാക്കുകൾ പറയുക, കൂട്ടുകാർക്കിതൊന്നും പറഞ്ഞുതരാതെ തന്നെ അറിയുമല്ലോ?

മലയാളഭാഷ പഠിക്കാൻ എല്ലാവർക്കും ഇഷ്ടമല്ലേ? മനോഹരമായ മാതൃഭാഷ കൂട്ടുകാരെല്ലാം പഠിക്കുന്നുണ്ടാവാം. മലയാളം നമ്മുടെ ഔദ്യോഗികഭാഷ ആവുകയാണ്. ഇംഗ്ലീഷും ഇതര ഭാഷകളുമൊക്കെ കൂട്ടുകാർ പഠിച്ചോളു. പക്ഷെ മാതൃഭാഷക്കാവട്ടെ ഒന്നാം സ്ഥാനം. ഈ ഭാഷ നമ്മുടെ അവകാശമാണ്.

മലയാളഭാഷയിലെ അതിപ്രശസ്തനായ ഉള്ളൂർ എസ്. പരമേശ്വര അയ്യർ എന്ന കവിയുടെ വരികൾ പരിചയപ്പെട്ടോളൂ.

മലയാള കവിതാവേദിയിൽ നിരവധി സംഭാവനകൾ നൽകിയ ഇദ്ദേഹം കവിത്രയത്തിൽ ഉൾപ്പെട്ട വ്യക്തിയാണ് അദ്ദേഹം. കുട്ടികാലത്തുതന്നെ കവിതാരചനയിൽ തല്പരനായിരുന്നു സന്ധ്യാവന്ദനം കഴിഞ്ഞാൽ കൂട്ടുകാർ ചെയ്യേണ്ട കാര്യത്തെക്കുറിച്ച് അദ്ദേഹം എഴുതിയ വരികൾ വായിച്ചു ഹൃദസ്ഥമാക്കു. അത് മാത്രം പോര കൂട്ടുകാർ അത് പ്രായോഗികമാക്കുകയും വേണം കേട്ടോ.

**ദീപം കൊളുത്തുവാൻ കൈകാൽ കഴുകണം**
**ആപത്തു നീങ്ങുവാൻ നാമം ജപിക്കണം**
**പിന്നെ ക്രമത്താൽ പഠിക്കേണ്ട പാഠങ്ങൾ**
**ഒന്നൊഴിയാതെ പഠിച്ചു തീർത്തീടണം**

അക്ഷരകേളി

| | | |
|---|---|---|
| അ | ളി | തെ |
| എ | നി | ത |
| ഒ | രു | ക |
| കാ | ട | മ |

അരുമ, എരുമ, ഒരുമ, ഏളിമ, തെളിമ, തനിമ, കാളിമ, കടമ

## ഗാന്ധിസൂക്തം

**എല്ലാവരും ജന്മനാ സമന്മാരാണ്. സ്വതന്ത്രരാണ്. ഇതിൽ ചിലർ മാനസികമായും ശാരീരികമായും കരുത്തൻമാരാവും. ചിലർ ദുർബ്ബലരായി മാറുന്നു. പുറമേ അവർ തമ്മിൽ യാതൊരു ബന്ധവുമില്ല. എന്നാൽ അടിസ്ഥാനപരമായ ഒരേകതയുണ്ട്. എന്നെ ഗാന്ധിയെന്നും, നിങ്ങളെ ഖേതൻ എന്നും ഈശ്വരൻ തിരിച്ചറിഞ്ഞു ചിന്തിക്കാൻ പോകുന്നില്ല. അല്ലെങ്കിൽ തന്നെ ഈ വലിയ പ്രപഞ്ചത്തിൽ നാമാരാണ്. അണുവിനെക്കാളും ചെറുത്. അങ്ങനെയിരിക്കെ നമ്മളിൽ ആരു വലുത് ആര് ചെറുത് എന്ന് ചോദിക്കുന്നതിൽ എന്തർത്ഥമാണുള്ളത്. വർഗ്ഗത്തിലോ, വർണ്ണത്തിലോ, കാലാവസ്ഥയിലോ, ദേശീയതയിലോ ഉള്ള വ്യത്യാസങ്ങൾ നിലനിൽക്കുന്നതല്ല. അതേ രീതിയിൽ എല്ലാ മതങ്ങളും തുല്യമാണ്.**

**ഹരിജൻ 13.3.1937, പുറം 38**

# എറണാകുളം കരയോഗം

## ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2015 നവംബർ മാസത്തിൽ സംഭാവനനൽകിയവർ

| | | |
|---|---|---|
| 1. | ശ്രീമതി. ശാരദ ജഗദീഷ്, ശരണ്യ, ചിറ്റൂർ റോഡ്, കൊച്ചി 682018 | 1,00,000 |
| 2. | ശ്രീ. രാജ്കുമാർ. എസ്, ശ്രീകൈലാസം, പാലിയം റോഡ്, കൊച്ചി 682016 | 24,809 |
| 3. | ശ്രീ. ജെ. ശ്രീനാഗേഷ്, പോത്പ്ലാക്കേരിൽ, ആലപ്പാട്ട് ക്രോസ് റോഡ്, രവിപുരം | 10,000 |
| 4. | ശ്രീ. ജയകുമാർ. വി, കൃഷ്ണമന്ദിർ, ദിവാൻസ് റോഡ്, കൊച്ചി 682016 | 10,000 |
| 5. | ശ്രീ. സി. സേതുമാധവൻ, 382270, ചെമ്മാത്ത് റോഡ്, ഗാന്ധിനഗർ | 10,000 |
| 6. | ശ്രീ. വിജയകുമാർ. കെ., ശ്രീരാഗം, ടാഗോർ നഗർ, കടവന്ത്ര | 10,000 |
| 7. | ശ്രീമതി സതി മുകുന്ദൻ, ധന്യ, ചർച്ച് ലാന്റിംങ് റോഡ്, പള്ളിമുക്ക്, കൊച്ചി | 10,000 |
| 8. | ശ്രീ. ഉമേഷ്ശങ്കർ മേനോൻ, ടി.ഡി. റോഡ്, കൊച്ചി 682011 | 10,000 |
| 9. | ശ്രീമതി. ലക്ഷ്മി നാരായണ സേതുമാധവൻ, കൊടകലാട്ട് ഹൗസ്, കാരിയ്ക്കാമുറിക്രോസ് റോഡ്, എറണാകുളം | 5,000 |
| 10. | ശ്രീമതി. സുജയ. ആർ, ശ്രീകീർത്തി, വൈമേലിൽ നഗർ, തൃപ്പൂണിത്തുറ | 5,000 |

## നവരാത്രി എൻഡോവ്മെന്റ്

1. ആർ. രമ, ആർ. സുഷമ, ആർ കർമ്മചന്ദ്രൻ , ആർ. ദേവിക എന്നിവർ ചേർന്ന്
കെ. രാമൻകുട്ടി കുറുപ്പിന്റെ സ്മരണയ്ക്ക് — 50,000

## സ്കോളർഷിപ്പ് എൻഡോവ്മെന്റ്

1. ആർ. രമ, ആർ. സുഷമ, ആർ കർമ്മചന്ദ്രൻ , ആർ. ദേവിക എന്നിവർ ചേർന്ന്
ഡി. സേതുലക്ഷ്മി കുറുപ്പിന്റെ സ്മരണയ്ക്ക് — 50,000

## എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറം

### ഡിസംബർ ജനുവരി മാസത്തെ പരിപാടികൾ

| തീയതി | ഇന്നത്തെ ചിന്താവിഷയം അവതാരകൻ | മുഖ്യപ്രഭാഷകൻ | വിഷയം | ഹോസ്റ്റ് | നമ്പർ |
|---|---|---|---|---|---|
| 17.12.15 | കനകവല്ലി അമ്മ | അഡ്വ. മാധവൻ നായർ | ആഫ്രിക്കൻ യാത്രാവിവരണം | കനകവല്ലി അമ്മ | 852 |
| 24.12.15 | നവതി ആഘോഷമായതിനാൽ യോഗം ഇല്ല | | | | |
| 31.12.15 | എം. രാജലക്ഷ്മി | ആർ. മുരളീധരൻ നായർ | മനോഭാവത്തിന്റെ മാറ്റത്തിലൂടെ ജീവിതവിജയം | ആർ. മുരളീധരൻ നായർ | 853 |
| 07.1.16 | കെ. വിജയൻ | ടി.എൻ.ടി.നായർ | പുതുവത്സര ചിന്തകൾ | ടി.കെ. ശ്രീകുമാരൻ നായർ | 854 |
| 14.1. 16 | പ്രൊ. സുമംഗലാദേവി | അഡ്വ. എം. ആർ. രാജേന്ദ്രൻ നായർ | എന്റെ ഒരു ദിവസം | പ്രൊ. സുമംഗലാദേവി & Adv. M.R. രാജേന്ദ്രൻ നായർ | 855 |



**വാസ്തുവിന്റെ വാസ്തവം**

# നാലുകെട്ടും വാസ്തുവും



**ശ്രീ പ്രഭാകരമേനോൻ പര്യാടത്ത്**
റിട്ടയേർഡ് എഞ്ചിനിയർ, വാസ്തു വിദഗ്ദ്ധൻ

കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ നടുമുറ്റമുള്ള നാലു വീടുകൾ കാണേണ്ട തായി വന്നു. ഒരു വീട്ടിൽ ഊൺ മുറിയുടെ പടിഞ്ഞാറു വശത്ത് പത്തടി ചതുരത്തിൽ, രണ്ടടി താഴ്ചയിൽ കുഴിയുണ്ടാക്കി നടുമുറ്റമാണ് എന്നു പറഞ്ഞു. യാതൊരു കാരണവശാലും വീടിന്റെ മദ്ധ്യത്തിന്റെ പടിഞ്ഞാറും തെക്കും യാതൊരു വിധത്തിലുള്ള കുഴികളും പാടില്ല. മറ്റൊരു വീട്ടിൽ പ്രധാന ഹാളിന്റെ തെക്കു വശത്ത് സമചതുരത്തിൽ കുഴിയുണ്ടാക്കി അതിൽ വെള്ളം നിർത്തി താമരച്ചെടി വളർത്തി കണ്ടു. വെള്ളം നില്ക്കുന്ന കുഴി വീടിന്റെ തെക്കു പടിഞ്ഞാറെ മൂലയിലാണ്. യാതൊരു കാരണവശാലും തെക്കു പടിഞ്ഞാറെ മൂല താഴ്ന്നിരിക്കുകയൊ അവിടെ വെള്ളം നിർത്തുകയൊ പാടില്ല. ഏതെങ്കിലും കാരണവശാൽ നടുമുറ്റം വേണമെന്നു തോന്നിയാൽ വീടിന്റെ മദ്ധ്യത്തിൽ കൂടി കിഴക്കുനിന്നു പടിഞ്ഞാട്ടും, വടക്കു നിന്ന് തെക്കോട്ടും ഒരു വര വരച്ചാൽ ഈ വരകളുടെ വടക്കുകിഴക്കെ ഭാഗത്തായിരിക്കണം നടുമുറ്റം. ഒരിക്കലും നടുമുറ്റം ചതുരം ആകരുത്. ദീർഘചതുമായിരിക്കണം. കിഴക്കു പടിഞ്ഞാറുള്ളതിനെക്കാൾ തെക്കു വടക്ക് നീളം കൂടണം. അവിടെ നിന്നും മഴവെള്ളം പുറത്തേക്കു പോകുവാനുള്ള പൈപ്പ് നടുമുറ്റത്തിന്റെ വടക്കു കിഴക്കെ മൂലയിലായിരിക്കണം. ഒരിക്കലും തെക്കു പടിഞ്ഞാറെ മൂലയിലാകരുത്. നടുമുറ്റത്തേക്ക് ഇറങ്ങണമെങ്കിൽ ചവിട്ടുകൽ തെക്കുനിന്ന് വടക്കോട്ടോ , പടിഞ്ഞാറു നിന്ന് കിഴക്കോട്ടോ ആകാം. നടുമുറ്റത്തിനു ചുറ്റുമുള്ള സ്ഥലം തെക്കിനേക്കാൾ കൂടുതൽ വടക്കും, പടിഞ്ഞാറിനേക്കാൾ കൂടുതൽ കിഴക്കും വേണം.

ചെറിയ വീടുകളിൽ കഴിയുന്നതും നടുമുറ്റം ഒഴിവാക്കുന്നതാണ് നല്ലത്. എറണാകുളത്ത് ഒരു വീട്ടിൽ നടുമുറ്റം പണിതിട്ട് താമസമാക്കിയപ്പോൾ ഊൺ മേശ ഇടാൻ സ്ഥലമില്ലാതെ അതു നികത്തിയും കണ്ടു.

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻകൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**

(രാഗപരിചയം)

# ബാഗേശ്രീ



ഡോ. ജയലക്ഷ്മി നന്ദകുമാർ

ഹിന്ദുസ്ഥാനി സംഗീതത്തിൽ നിന്നും കർണ്ണാടക സംഗീതത്തിലേക്കു പരിചയപ്പെടുത്തിയ ഒരു ദേശ്യ രാഗമാണ് ബാഗേശ്രീ.ഇന്ന് കർണ്ണാടക സംഗീതത്തിൽ വളരെ പ്രചാരമുള്ള രാഗമാണിത്. ഹിന്ദുസ്ഥാനി സംഗീതത്തിൽ കാഫി ഥാട്ടിന്റെ ജന്യരാഗമാണ് ബാഗേശ്രീ. കർണ്ണാടക സംഗീതത്തിൽ കാഫി ഥാട്ടിനോടു സമാനമായ ഖരഹരപ്രിയ രാഗത്തിന്റെ ജന്യരാഗമായി അറിയപ്പെടുന്നു. ബാഗേസരി, ബാഗേശ്വരി എന്നും പലയിടങ്ങളിൽ ബാഗേശ്രീ എന്നും വിളിക്കപ്പെടുന്നു.

**ആരോഹണം** : സ ഗ മ ധ നി സ

**അവരോഹണം** : സ നി ധ മ പ ധ ഗ മ ഗ രി സ

**സ്വരസ്ഥാനങ്ങൾ** : ഷഡ്ജം, ചതുഃശ്രുതി ഋഷഭം, സാധാരണ ഗാന്ധാരം, ശുദ്ധ മദ്ധ്യമം, പഞ്ചമം, ചതുഃശ്രുതി ധൈവതം, കൈശികി നിഷാദം.

ആരോഹണത്തിൽ ഋഷഭം, പഞ്ചമം എന്നീ സ്വരങ്ങൾ വർജ്ജ്യമാണ്. ആരോഹണത്തിൽ അഞ്ചും അവരോഹണത്തിൽ ഏഴു സ്വരങ്ങൾ വക്രമായും വരുന്നതുകൊണ്ട് ബാഗേശ്രീ ഒരു ഔഡവ - വക്ര സമ്പൂർണ്ണ രാഗമാണ്. ഭക്തി, ശാന്തത എന്നീ ഭാവങ്ങളാണ് ഈ രാഗത്തിൽ നിന്നും ഉളവാക്കുന്നത്.

ദീർഘമായ രാഗാലാപനയ്ക്കും മറ്റും സാദ്ധ്യത ഇല്ലാത്ത രാഗമാണിത്. സംഗീതക്കച്ചേരികളിൽ രണ്ടാം പകുതിയിൽ മുഖ്യകൃതിക്കും ശേഷമാണ് ബാഗേശ്രീ രാഗത്തിലുള്ള കൃതികൾ ആലപിക്കുക. വിരുത്തം, പദം, ഭജൻ, ദേവർനാമം തുടങ്ങിയവയ്ക്കു ഉത്തമമായ രാഗമാണിത്. രാത്രി വൈകിയ നേരമാണ് ബാഗേശ്രീ രാഗം ആലപിക്കുന്നതിനു ശോഭനീയമായ സമയം. സമ്മർദ്ദം ഉറക്കമില്ലായ്മ എന്നിവ അകറ്റി മനസ്സിനു ധൈര്യവും ശാന്തതയും നല്കുവാൻ കഴിവുള്ള രാഗമാണിത്.

## ഈ രാഗത്തിലുള്ള കൃതികൾ

| | | | | |
|---|---|---|---|---|
| 1. ഗോവിന്ദമിഹ | : | ആദി | : | നാരായണതീർത്ഥർ |
| 2. സാഗര ശയന | : | ആദി | : | ഡോ .ഡി. രാമനാഥൻ |
| 3. ഭജനം ചെയ്‌വിൻ കൃഷ്ണപാദം | : | ആദി | : | കുട്ടമത്ത് കുഞ്ഞികൃഷ്ണക്കുറുപ്പ് |
| 4. ബൃന്ദാവനലോലേ | : | ആദി | : | നീലകണ്ഠ ശിവൻ |
| 5. ഏറുമയിലേറി വിളയാട് | : | ഖണ്ഡചാപ്പ് | : | അരുണഗിരിനാഥൻ |

## ചലചിത്രഗാനങ്ങൾ

| | | | | | |
|---|---|---|---|---|---|
| 1. ചന്ദനം മണക്കുന്ന | : | അച്ചുവേട്ടന്റെ വീട് | 6. ഇന്നുമെന്റെ കണ്ണുനീരിൽ | : | യുവജനോത്സവം |
| 2. അജ്ഞാത സഖീ ആത്മ സഖീ | : | ഉള്ളതു മതി | 7. അമ്പിളി ചങ്ങാതി | : | സരോവരം |
| 3. കൈക്കുടന്ന നിറയെ | : | മായാമയൂരം | 8. മഴൈവരുത് | : | രാജാ കൈയ്യ വച്ചാ |
| 4. മാനസമൈനേ വരൂ | : | ചെമ്മീൻ | 9. ആജാരേ പർദേശി | : | മധുമതി |
| 5. ചെമ്പകത്തൈകൾ പൂത്ത | : | കാത്തിരുന്ന നിമിഷം | | | |





ഡോ. എൻ. ഗോപിനാഥൻ നായർ

# മാതാ - പിതാക്കളും മക്കളും അറിയേണ്ടത്

## കാലം മാറി, കഥമാറി

പൈതൃക സമ്പത്തായി നമുക്ക് ലഭിച്ച നമ്മുടെ സംസ്ക്കാരം പതിനായിരത്തിലേറെ വർഷങ്ങൾ പഴക്കമുള്ളതാണ്. ഈ പാരമ്പര്യം നമുക്ക് വളരെയധികം അഭിമാനിക്കാനുള്ള വക നൽകുന്നു. ഭാരതീയ പൈതൃക സന്ദേശങ്ങൾ നമ്മുടെ തലമുറ അടുത്ത തലമുറക്ക് പകർന്ന് നൽകേണ്ടത് ഓരോ മാതാപിതാക്കളുടേയും, ഗുരുക്കന്മാരുടേയും കടമയും, ദൗത്യവുമാണെന്ന് നാം മറക്കരുത്. വിദ്യാലയങ്ങളിൽ നിന്ന് കുട്ടികൾക്ക് വളരെ പരിമിതമായ അറിവ് ലഭിക്കാനെ സാധ്യതയുള്ളൂ. പരിമിതമായ ഈ അറിവുപോലും പൂർണ്ണമായി ഉൾക്കൊള്ളൻ ആവശ്യമായ മാനസികാവസ്ഥ കുട്ടികളിൽ സൃഷ്ടിക്കേണ്ടത് മാതാപിതാക്കളുടെ ഉത്തരവാദിത്വമാണ്.

നാം കടന്നുപോകുന്ന ഈ കാലഘട്ടം അധർമ്മവും, അനീതിയും, അഴിമതിയും, ഭീകരവാദവും കൊടികുത്തി വാഴുന്നതാണ്. എന്താണ് ഇപ്പോൾ സംഭവിച്ചു കൊണ്ടിരിക്കുന്നത്? എവിടെയാണ് നാം ഇപ്പോൾ എത്തി നിൽക്കുന്നത് ? വിലകൊടുത്തു വാങ്ങിയ വ്യാജബിരുദ സർട്ടിഫിക്കറ്റുകളുപയോഗിച്ച് ഡോക്ടർമാരും, എൻജിനീയർമാരും, വക്കീലന്മാരും മാത്രമല്ല വിദ്യാഭ്യാസ രംഗത്ത് ചാൻസലർമാർ വരെയുള്ള ഉന്നതപദവികളിൽ എത്തുന്നു. കുറുക്കു വഴികളിലൂടെ സ്ഥാനമാനങ്ങൾ നേടാനും പണം സമ്പാദിക്കാനുമുള്ള ആർത്തിയും മത്സരവുമാണ് ഇന്നും നാം എവിടെയും കാണുന്നത്. ഇത് തുടർന്നാൽ സമൂഹത്തിൽ ദൂരവ്യാപകമായ നാശനഷ്ടങ്ങളും ദുരന്തങ്ങളും സംഭവിക്കുമെന്നതിൽ സംശയമില്ല. നമ്മുടെ കുട്ടികൾ തിന്മയുടെ മാർഗ്ഗത്തിലേക്ക്, ലോകത്തേക്ക് പോകാതിരിക്കാൻ നാം എന്താണ് ചെയ്യേണ്ടത്? പിൽക്കാലത്ത് അവർ നമ്മളെ കുറ്റപ്പെടുത്താനും നമുക്ക് കുറ്റബോധം തോന്നാനുമുള്ള അവസരങ്ങൾ ഉണ്ടാകാതെ നോക്കണം. ഭാവിതലമുറ കഴിഞ്ഞുപോയ തലമുറയെ സ്നേഹത്തോടെ, ആദരവോടെ, അഭിമാനത്തോടെ ഓർമ്മിക്കപ്പെടാൻ ഇട വരുത്തണം.

## നന്മകളിലൂടെ വഴിനടത്തണം

ഭാരതത്തിലെ ഋഷി പരമ്പര നമുക്ക് ഉപദേശിച്ചു തന്നിട്ടുള്ളതെന്താണ്? 'സത്യം വദ ധർമ്മം ചര' സത്യം മാത്രം പറയണം. ധർമ്മ മാർഗ്ഗങ്ങളിലൂടെ മാത്രം ജീവിതം നയിക്കണം. 'സത്യമേവ ജയതേ' എന്ന വാക്യം ഋഷി പ്രോക്തമാണ്. ജീവിത ലക്ഷ്യത്തിലെത്താനുള്ള നേരായ മാർഗ്ഗം എന്താണെന്ന് മനസ്സിലാക്കി പ്രവർത്തിയിൽ കൊണ്ടു വരണം. നന്മതിന്മകൾ തിരിച്ചറിയാനുള്ള കഴിവുകൾ

ഉണർത്തണം. ജീവിതവിജയം നേടാൻ മക്കളിൽ ഇച്ഛാശക്തിയും,ജ്ഞാനശക്തിയും ക്രിയാശക്തിയും വളർത്തിയെടുക്കണം.

ശൈശവത്തിൽ മൂന്നാം വയസ്സു മുതൽ പഠിക്കാനും പഠിപ്പിക്കാനും ആരംഭിക്കണം. കഥകളിൽ നിന്നുമുള്ള സന്ദേശങ്ങളും അനുഭവങ്ങളിലൂടെ പഠിച്ച പാഠങ്ങളും പറഞ്ഞു കൊടക്കുണം

6 വയസ്സാകുന്നതോടെ കുട്ടികൾ സംശയങ്ങൾ തീർക്കാനായി ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങുന്നത്. അതിനു സത്യസന്ധമായി, യുക്തിയുക്തമായി ഉത്തരങ്ങൾ നൽകണം.

വളരെ നിർണ്ണായകമായ ഒരു ഘട്ടത്തിലേക്കാണ് 9 – 10 വയസ്സാകുമ്പോൾ എത്തിച്ചേരുന്നത്. അപ്പോൾ മുതിർന്നവരോട് വാദിക്കാനും തർക്കിക്കാനുമുള്ള വ്യഗ്രത കൂടുതലായിട്ടുണ്ടാകും. വളരെ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യേണ്ട സമയമാണിത്. ഉപദേശങ്ങൾ സ്വീകരിക്കാനും അഭിപ്രായങ്ങളെ ആദരിക്കാനുമുള്ള മാനസികാവസ്ഥയിലേക്ക് അവരെ നയിക്കണം. അവർക്ക് സമയമുള്ളപ്പോൾ നമുക്ക് സമയമുണ്ടാകണം, അവർക്ക് സമയമില്ലാത്തപ്പോൾ നമ്മൾ പറയുന്നത് ശ്രദ്ധിക്കുകയോ ഉപദേശങ്ങൾ സ്വീകരിക്കുകയോ അവ പ്രാവർത്തികമാക്കാനുള്ള ശ്രമങ്ങൾ ഉണ്ടാവുകയോ പ്രയാസമാണ്. അവരുടെ ബാല്യകാലത്ത് നാം ചെയ്യേണ്ടത് ചെയ്യാതെ, അവർക്ക് കിട്ടേണ്ടത് കിട്ടാത്ത അവസ്ഥ വന്നാൽ പ്രശ്ന സാധ്യതകൾ കൂടുന്നു.

വയസ്സ് 13 – 14 ലേക്ക് കടക്കുമ്പോൾ മുതിർന്നവരെ നിഷേധിക്കാനും ഒരുപക്ഷെ വെല്ലുവിളിക്കാനുമുള്ള സാധ്യതകൾ ഉണ്ടാകാം. ഈ സമയത്ത് മാതാപിതാക്കളെക്കാൾ സ്വാധീനം മറ്റുള്ളവർക്കായിരിക്കാം സുഹൃത്തുക്കളും, സഹവാസികളുമടക്കം.

വിദ്യാലയങ്ങളിൽ കുട്ടികൾക്ക് ജീവിത മൂല്യങ്ങൾ പകർന്നുനൽകുന്നതിന് അദ്ധ്യാപകർക്ക് വളരെ പരിമിതികളുണ്ട്. ആഴ്ചയിൽ 35 മണിക്കൂറാണ് (5x7)കുട്ടികൾ സ്കൂളിൽ സമയം ചിലവിടുന്നത്. ബാക്കി 133 മണിക്കൂർ വീട്ടിലും പുറത്തുമായി ചിലവിടുന്നു. അപ്പോൾ മൂല്യാധിഷ്ടിത അറിവുകൾ, മാതാപിതാക്കൾ, ബന്ധുക്കൾ, സുഹൃത്തുക്കൾ എന്നിവരിൽ നിന്നാണ് ലഭിക്കേണ്ടത്. പരന്ന വായനയിലൂടെ വളരെയധികം കാര്യങ്ങളിൽ അറിവ് നേടാനും സാധിക്കും.

കുടുംബാംഗങ്ങളും, കൂട്ടുകാരും കുട്ടികളുടെ സ്വഭാവരൂപീകരണത്തിലും അറിവ് സമ്പാദനത്തിലും അങ്ങിനെ ഭാവി ജീവിതം കരുപ്പിടിപ്പിക്കുന്നതിലും, വലിയ പങ്ക് വഹിക്കുന്നു. കുടുംബാംഗങ്ങൾക്കിടയിലെ സ്നേഹബന്ധങ്ങളും നന്മ നിറഞ്ഞ ചിന്തകളും പ്രവർത്തികളും അതിനെല്ലാം അടിസ്ഥാനമായ ഈശ്വരവിശ്വാസവും അതിനോടു ബന്ധപ്പെട്ട ചടങ്ങുകളിൽ പങ്കെടുക്കുന്നതും ആവശ്യമാണ്. ഇവിടെയാണ് മാതാ, പിതാ, ഗുരു, ദൈവം എന്ന ചൊല്ലിന് പ്രസക്തി. ഇവരെല്ലാവരും ദൈവത്തിന് സമാനരായി കണ്ട് ആദരിക്കപ്പെടേണ്ടവരാണ്. മുതിർന്നവരെ ആദരിക്കുകയെന്നത് ഭാരതീയ സംസ്കാരത്തിലധിഷ്ടിതമായ പ്രവർത്തിയാണ്. ഇതിനാലാണ് മുതിർന്നവരെ കാൽ തൊട്ട് വണങ്ങി അനുഗ്രഹം വാങ്ങുന്നത്. പ്രത്യേകിച്ചും ശുഭ കാര്യങ്ങൾക്കായി ഇറങ്ങിത്തിരിക്കുന്നതിനു മുമ്പായി മാതൃ ദേവോഭവ:, പിതൃ ദേവോഭവ:, ആചാര്യ ദേവോഭവ:, അതിഥി ദേവോഭവ:, എന്ന ആപ്ത വാക്യങ്ങൾ ഓർമ്മിക്കുക. അവസരം വരുമ്പോളെല്ലാം മക്കളെ അനുമോദിക്കാനും അനുഗ്രഹിക്കാനും മടിക്കരുത്. മുതിർന്നവരുടെ ഉപദേശം തേടാനും സഹായം നൽകാനുമുള്ള സാഹചര്യം ഉണ്ടാക്കണം. മാതാപിതാക്കൾ തങ്ങളുടെ നന്മയും, സുരക്ഷയുമാണ് ആഗ്രഹിക്കുന്നതെന്നും അതിനുവേണ്ടി ത്യാഗങ്ങൾ സഹിക്കുന്നു എന്നും മക്കൾക്ക് ബോധ്യപ്പെടണം. മനസ്സ് തുറന്ന് ആത്മവിശ്വാസത്തോടെ തങ്ങളോട് സംസാരിക്കാൻ അച്ഛനമ്മമാർ അവസരമൊരുക്കണം. ചെറിയ തെറ്റുകൾക്ക്, കുറ്റങ്ങൾക്ക് കോപിക്കുകയോ, ശിക്ഷിക്കുകയോ ചെയ്യാതെ സ്നേഹപൂർവ്വം ഉപദേശിച്ച് തെറ്റുകൾ തിരുത്താൻ

അവരെ പ്രേരിപ്പിക്കണം.

വാർദ്ധക്യത്തിൽ മാതാപിതാക്കളെ സംരക്ഷിക്കേണ്ടത് തങ്ങളുടെ ധർമ്മവും കടമയുമാണെന്ന് മക്കളെ ബോദ്ധ്യപ്പെടുത്താൻ ശ്രമിക്കണം. അതിനായി അനാഥാലയങ്ങളും, വൃദ്ധസദനങ്ങളും കുട്ടികളോടൊപ്പം സന്ദർശിക്കാനും അന്തേവാസികൾക്ക് ആവുന്നത്ര സഹായങ്ങൾ നൽകാനും സമയം കണ്ടെത്തണം, ഇതിലൂടെ അവരിൽ സ്നേഹം, കാരുണ്യം, ദയ, സേവനചിന്ത, അഭിമാനം, ആത്മസംതൃപ്തി, സഹാനുഭൂതി, തുടങ്ങിയ മാനുഷിക വികാരങ്ങൾ ഉണർത്താൻ കഴിയുന്നു. ഈ ഭൂമിയിൽ സമ്പത്തും, സുഖലോലുപതയും മാത്രമല്ലെന്നും, ദാരിദ്രവും, ദുരിതങ്ങളും, രോഗങ്ങളും അനുഭവിക്കുന്നവരുണ്ട് എന്നറിയുന്നതും അവരുടെ മനസ്സിനെ ആഴത്തിൽ സ്പർശിക്കാൻ ഇടവരും.

### സ്നേഹവും, ത്യാഗവും

രണ്ടും പരസ്പര പൂരകങ്ങളാണ്, കാരണം സ്നേഹമുള്ളിടത്തെ ത്യാഗമനോഭാവമുണ്ടാവുകയുള്ളൂ. അതില്ലാത്തിടത്ത് പകരമുണ്ടാകുന്നത് സ്വാർത്ഥതയും പാരുഷ്യവും അസൂയയുമാണ്.

സ്നേഹം പ്രകടിപ്പിക്കാൻ പല മാർഗ്ഗങ്ങളുണ്ട്, എന്നാൽ ത്യാഗത്തിലൂടെയുള്ള സ്നേഹപ്രകടനമാണ് ഏറ്റവും ഉൽകൃഷ്ടമായിട്ടുള്ളത്. സ്നേഹം എന്ന വികാരം വ്യക്തികളോടോ, സമൂഹത്തോടോ അതെല്ലങ്കിൽ രാജ്യത്തിനോടോ ആകാം. വ്യക്തികളിൽ, അച്ഛനമ്മമാരും, മക്കളും തമ്മിൽ, മുതിർന്നവരും കുട്ടികളും തമ്മിൽ, സുഹൃത്തുക്കൾ തമ്മിൽ സ്നേഹബന്ധങ്ങൾ ഉടലെടുക്കുന്നു. ഈ തലത്തിൽ നിന്നാണ് സമൂഹസ്നേഹവും, രാജ്യസ്നേഹവും രൂപപ്പെടുന്നതും അങ്ങനെ ജീവിതത്തിൽ എല്ലാ രംഗത്തും ത്യാഗമനസ്ഥിതിയോടെ പ്രവർത്തിച്ച് കഷ്ടനഷ്ടങ്ങൾ സഹിച്ചാണെങ്കിലും മഹാത്മക്കളായവർ നമ്മുടെ സമൂഹത്തിലുണ്ട്.

ബാല്യത്തിലും കൗമാരത്തിലും മക്കളുടെ സംരക്ഷണത്തിലും അവരുടെ ഭാവി ശോഭനമാക്കാനുമായി തങ്ങളുടെ സുഖസൗകര്യങ്ങൾ ഉപേക്ഷിക്കുകയും, പട്ടിണിയും രോഗാവസ്ഥയും സഹിച്ച് അദ്ധ്വാനിക്കുന്നത് അസാധാരണമല്ല. ഇത് തിരിച്ചറിഞ്ഞ മക്കൾ ഉന്നതങ്ങളിലെത്തുമ്പോൾ സ്വന്തം മാതാപിതാക്കളെ ഉചിതമായി സംരക്ഷിച്ച്, വാർദ്ധക്യത്തിൽ സംതൃപ്ത ജീവിതം നയിക്കാൻ പ്രാപ്തരാക്കുന്നു. മറിച്ചു സംഭവിക്കുന്നതും ഈ കാലഘട്ടത്തിൽ നമ്മൾ നേരിട്ടും പത്ര ദൃശ്യ മാധ്യമങ്ങളിലൂടെയും കാണാൻ ഇടവരുന്നു. സമൂഹത്തിൽ ഇങ്ങനെ സംഭാവിക്കാതിരിക്കാൻ നമ്മൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

### വീട്വിട്ടോടുന്ന തലമുറ

പീഢനം എന്ന വാക്ക് ഇപ്പോൾ സർവ്വസാധാരണമായി ഉപയോഗിക്കാനിടവരുന്നു. മാധ്യമങ്ങിളൽ ഇത് ദിവസവും കാണുന്നു, കേൾക്കുന്നു. സ്ത്രീകളും കുട്ടികളുമാണ് പ്രധാന ഇരകൾ. പുരുഷന്മാരും ഇപ്പോൾ ഇരകളാകുന്നുത് അപൂർവ്വമല്ല. നമുക്ക് കുട്ടികളുടെ കാര്യമെടുക്കാം. പ്രത്യേകിച്ചും പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ കാര്യം അവർ പ്രണയക്കുടുക്കിൽപ്പെട്ട കാമുകനോടൊപ്പം വീട് വിട്ട് മാതാപിതാക്കളെ ഉപേക്ഷിച്ച് ഒളിച്ചോടുന്നു. ഒടുവിൽ ചതിയിലും, വഞ്ചനയിലും പെട്ട് എത്തിച്ചേരുന്നത് തെരുവിലോ, പെൺവാണിഭക്കാരുടെ കയ്യിലോ ആകാം, അല്ലെങ്കിൽ കൊലപാതകത്തിലോ, ആത്മഹത്യയിലോ ആകാം. ആൺകുട്ടികളാണെങ്കിൽ മദ്യത്തിനും, മയക്കുമരുന്നിനും അടിമപ്പെടുന്നു. അവർ ലൈഗീക പീഢനത്തിന് ഇരകളാകുന്നതും ഇന്ന് സർവ്വ സാധാരണമായിരിക്കുന്നു. എന്തുകൊണ്ട് ഇങ്ങനെയെല്ലാം സംഭവിക്കുന്നുവെന്ന് ചിന്തിക്കണം?

കൂട്ടുകുടുംബങ്ങളുടെ സ്ഥാനം ഇന്ന് അണുകുടുംബങ്ങളുടെ അവസ്ഥയിലേക്ക് മാറിയിരിക്കുന്നു. തന്മൂലം കുട്ടികൾക്ക് മുതിർന്നവരിൽ നിന്നും ലഭിക്കേണ്ട സ്നേഹവാത്സല്യങ്ങളും, ആശ്വാസവചനങ്ങളും നഷ്ടമായിരിക്കുന്നു. അന്യ സ്ഥലങ്ങളിൽ വസിക്കുന്ന കുടുംബങ്ങളിലെ കുട്ടികൾ അവധിക്കാലം ആഘോഷിക്കാൻ നാട്ടിലെ തറവാട്ടിലെത്തി മുതിർന്നവരുമായി ഇടപഴകാനു

മുള്ള അവസരങ്ങൾ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് സ്ഥിതി വ്യത്യസ്തമാണ് കാരണം, അവധിക്കാലങ്ങൾ പ്രവേശന പരീക്ഷകളിലും സ്പെഷ്യൽ ക്ലാസ്സുകളിലും മറ്റു കലാകായിക പരിപാടികളിലും പങ്കെടുക്കാനായി ചിലവിടുന്നു.

കുട്ടികൾക്ക് കുടുംബത്തിൽ, സ്നേഹവും, സന്തോഷവും, വിശ്വാസവും നഷ്ടപ്പെടുന്നതാവാം ഓടിപോകുന്നതിന്റെ പ്രധാന കാരണം. മുതിർന്നവരിൽ നിന്നും നേരിടുന്ന വേദനാജനകവും അസഹനീയവുമായ പെരുമാറ്റവും,കൂടെ ദാരിദ്ര്യവും, കഷ്ടപ്പാടുകളും അനുഭവിക്കുന്നതുമാകാം. പുറം ലോകത്തിൽ നിന്നോ (ചുറ്റുപാടുകൾ) പരന്ന വായനയിലൂടെയോ അറിവുകൾ ലഭിക്കുന്നില്ല. അതിനാൽ ഈ ലോകത്തിൽ നടക്കുന്ന നന്മതിന്മകളെ തിരിച്ചറിയുന്നില്ല. അധികസമയവും, ചിലവിടുന്നത് ടി.വി.യുടെ മുമ്പിലാണ്. കോമിക്കുകളും അല്ലെങ്കിൽ കുടുംബകലഹങ്ങളും പീഡനങ്ങളും നിറഞ്ഞ സീരിയലുകളുമാണ് വിഷയം. ഇൻർനെറ്റ് ഉപയോഗം നേർവഴിക്കല്ലെങ്കിൽ അബദ്ധങ്ങളിലും, അപകടങ്ങളിലും ചെന്നു ചാടാൻ സാധ്യതയുണ്ട്. അമിതമായ സമ്പത്തിലൂടെ ആഡംബരത്തിലും, സുഖലോലുപതയിലും ജീവിക്കുന്ന കുട്ടികൾ, നേരം പോക്കിനുവേണ്ടി,അല്ലെങ്കിൽ Thrill excite- ment, adventure മുതലായ മാനസികാവസ്ഥയിലൂടെ വഴി തെറ്റാൻ അവസരമുണ്ടാകുന്നു.'ലവ് ജിഹാദ്' എന്ന പദപ്രയോഗം ഈ അടുത്ത കാലത്ത് മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്നു. അത് സമൂഹത്തിലുണ്ടാക്കുന്ന പ്രശ്നങ്ങൾ നിസ്സാരമായി തള്ളിക്കളയരുത്.

ഈ സാഹചര്യങ്ങളിൽ മാതാപിതാക്കളുടെ ശ്രദ്ധാപൂർവ്വമായ നിരീക്ഷണം കുട്ടികളിലുണ്ടാവണം. ആരംഭത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കണം. നല്ല കാര്യങ്ങൾക്കുവേണ്ടി സമയം ചിലവഴിക്കാൻ സഹായിക്കണം. കല, കായികരംഗങ്ങളിൽ വാസനയും, കഴിവുമുള്ളവരെ പ്രോത്സാഹിപ്പിച്ച് വളർത്തിക്കൊണ്ടു വരണം. നല്ല കഴിവുള്ളവരെ നല്ല വഴികളിലൂടെ നയിച്ച് ഉയരങ്ങളിലെത്താൻ, ലക്ഷ്യം നേടാൻ സഹകരിച്ച് സഹായിക്കണം.

കുടുംബത്തിലെ ആഘോഷങ്ങൾ നടത്തുമ്പോൾ, അതിഥികൾക്ക് സമൃദ്ധമായി ഭക്ഷണം വിളമ്പുമ്പോൾ, ഓർക്കേണ്ടത് അനാഥാലയങ്ങളും, വൃദ്ധസദനങ്ങളുമാണ്. കുട്ടികൾ ഈ സ്ഥാപനങ്ങൾ സന്ദർശിച്ച്, ജീവിതത്തിന്റെ മറ്റൊരു വശം കാണാൻ സാധിക്കണം. സ്നേഹിക്കാനും, ലാളിക്കാനും മാതാപിതാക്കളില്ലാത്ത, ഇഷ്ടഭക്ഷണം ലഭിക്കാൻ സാധിക്കാത്ത അനാഥകുട്ടികൾ, മരണം കാത്തുകഴിയുന്ന വൃദ്ധ ജനങ്ങൾ, ഇവരെല്ലാം കുട്ടികളുടെ ചിന്തകളെയും, പ്രവർത്തികളെയും സ്വാധീനിക്കും. തങ്ങളും ഒരു കാലത്ത് അവരെപ്പോലെ വൃദ്ധരാവുമെന്നും അപ്പോൾ മറ്റുള്ളവരുടെ പരിചരണം ആവശ്യമാണെന്ന് തിരിച്ചറിവുണ്ടാകും. ചുരുക്കത്തിൽ ജീവിത സത്യങ്ങൾ എന്താണെന്ന് കാണാനും, കേൾക്കാനും ചിന്തിക്കാനും, ചർച്ച ചെയ്യാനുമുള്ള അവസരങ്ങൾ ഉണ്ടാക്കണം.

**ജയ പരാജയങ്ങളും , സുഖ ദു:ഖങ്ങളും**

ജയവും തോൽവിയും, സുഖവും ദു:ഖവും സാധാരണ ജീവിതത്തിൽ സംഭവിക്കുന്ന കാര്യങ്ങളാണ്. തോൽവിയെ നേരിടാനും, ദു:ഖത്തെ മറികടക്കാനും സാധിക്കേണ്ടത് ജീവിത വിജയത്തിന് വളരെ ആവശ്യമാണ്. ഇതിന് വേണ്ട ധൈര്യവും, ആത്മവിശ്വാസവും ചെറുപ്രായത്തിൽ തന്നെ നേടേണ്ടതാണ്. വിജയങ്ങളിലും, സുഖഭോഗങ്ങളിലും അമിതമായ ആഹ്ലാദവും ആവേശവും ഒരുവനെ തെറ്റായ ദിശയിലേക്ക് നയിക്കാം.

ബാല്യം, കൗമാരം, യൗവ്വനം, വാർദ്ധക്യം എന്നീ നാലുഘട്ടങ്ങളിലൂടെയാണ് മനുഷ്യജീവിതം കടന്നു പോകുന്നത്. ഇതിൽ ബാല്യത്തിലും, കൗമാരത്തിലുമാണ് സ്വഭാവ രൂപികരണവും, ജീവിതശൈലിയിലെ, മാറ്റങ്ങളും സംഭവിക്കുന്നത്. ഈ സമയത്ത് മാതാപിതാക്കളുടെയും, മുതിർന്നവരുടേയും, സുഹൃത്തുക്കളുടേയും പെരുമാറ്റം അവരിൽ സ്വാധീനം ചെലുത്തുന്നു. തോൽവിയിലും, ദു:ഖങ്ങളിലും ഭയപ്പെടാതെ തളരാതെ അതിനെ സധൈര്യം നേരിടുവാനും അതിജീവിക്കാനും സാധിക്കണം. ജീവിതാരംഭത്തിൽ നേടുന്ന ഈ മാനസിക ശാക്തികരണം ശിഷ്ടകാല ജീവിതം വിജയകരമാക്കാൻ

സഹായിക്കുമെന്നതിന് ഒരു സംശയവുമില്ല.

വിജയകരമായ, സംതൃപ്തി നിറഞ്ഞ ഒരു ജീവിതം നയിക്കാൻ 5 കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. അവ മനസ്സ്, ശരീരം, കുടുംബം, സ്വധർമ്മം, രാഷ്ട്രം എന്നിവയാണ്.

മനസ്സ് : സ്വന്തം മനസ്സിനെ നന്മകളിലേക്ക് നയിച്ച് ജീവിതനിലവാരം ഉയർത്താൻ നിരന്തരം ശ്രമിക്കണം.

ശരീരം : ആരോഗ്യത്തിനും രോഗപ്രതിരോധത്തിനുമായി ആഹാരവും, വ്യായാമവും ക്രമീകരിക്കണം.

കുടുംബം : കുടുംബഭദ്രത, സന്തോഷവും, സംതൃപ്തിയും നിറഞ്ഞ കുടുംബജീവിതത്തിന് ആവശ്യമാണ്. കുടുംബാംഗങ്ങളിൽ പരസ്പര സ്നേഹവും, ബഹുമാനവും, ത്യാഗമന:സ്ഥിതിയും വളർത്തിയെടുക്കണം.

സ്വധർമ്മം : മനുഷ്യന് ജീവിതാരംഭദശയിൽ തന്നെ ഒരു ജീവിത ലക്ഷ്യം ഉണ്ടാകണം ഇല്ലെങ്കിൽ അത് ഉണ്ടാക്കണം. ഈ ലക്ഷ്യത്തിൽ എത്തിച്ചേരാൻ എന്താണ് ചെയ്യേണ്ടതെന്ന് മുതിർന്നവരുമായി ആലോചിച്ച് തീരുമാനിച്ച് കാലാകാലങ്ങളിൽ, സമയാസമയങ്ങളിൽ ഫലപ്രദമായി നടപ്പിലാക്കണം.

രാഷ്ട്രം: നമ്മുടെ നാടിന്റെ പാരമ്പര്യം എന്താണെന്നറിയാൻ ഭാരതീയ സംസ്കാരത്തെപ്പറ്റി അറിഞ്ഞിരിക്കണം. അതംഗീകരിച്ച് അതിൽ സന്തോഷിക്കാനും, അഭിമാനിക്കാനും വകയുണ്ടെന്ന് തിരിച്ചറിയണം. ഇപ്പോൾ നാട് എവിടെ എത്തിനിൽക്കുന്നുവെന്നും ഭാവിയിൽ നമ്മുടെ രാഷ്ട്രം എങ്ങിനെ വികസിക്കണമെന്നും, അതിൽ നമ്മുടെപങ്ക് (Contribution) എന്തായിരിക്കണമെന്നും തീരുമാനിച്ച് പ്രവർത്തിക്കണം. അടുത്ത തലമുറക്ക് പകർന്ന് നൽകാനുള്ള അറിവും, പ്രവർത്തന ശൈലിയും നമ്മുടെ ഭാഗത്ത് നിന്നുമുണ്ടാവണം. കല, സാഹിത്യം, ശാസ്ത്രം, കായികം, പൊതുജനസേവനം, തുടങ്ങിയ ഏതെങ്കിലും മേഖലകളിൽ ഓർമ്മിപ്പിക്കപ്പെടാൻ നമ്മുടെയും, മക്കളുടെയും പങ്ക്, പിന്നാലെ വരുന്ന തലമുറക്ക് അഭിമാനകരമായിരിക്കണം. ബാല്യത്തിലെ തന്നെ അതിന്റെ അടിത്തറ സ്ഥാപിച്ച് നിശ്ചയദാർഢ്യത്തോടെ പ്രവർത്തനങ്ങളിൽ ഏർപ്പെടണം.

ബാല്യത്തിൽ തന്നെ ഭാരതീയ പൈതൃകസംസ്കാരത്തിന്റെ അകത്തളങ്ങളിലേക്ക് കടന്നു കയറി അറിവുകൾ നേടുന്നത് , ജീവിത വിജയത്തിന് തുടക്കമിടാൻ വളരെയധികം സഹായിക്കുമെന്നതിന് സംശയമില്ല.

**ലോകാ:സമസ്താ: സുഖിനോ ഭവന്തു**
**ഓം , ശാന്തി, ശാന്തി, ശാന്തി**

# വിശേഷ ദിവസങ്ങൾ

## ഡിസംബർ 15 മുതൽ ജനുവരി (2016) 15 വരെ

### ഡിസംബർ

| | |
|---|---|
| 21 | വൈകുണ്ഠ ഏകാദശി, ഗീതാദിനം |
| 23 | കുചേലദിനം |
| 24 | നബിദിനം |
| 25 | ക്രിസ്മസ്, കരയോഗം സ്ഥാപകദിനം തിരുവാതിര, തിരുവൈരാണിക്കുളം ക്ഷേത്രത്തിൽ നടതുറപ്പ് |
| 27 | ശബരിമല മണ്ഡലപൂജ |

### ജനുവരി

| | |
|---|---|
| 2. | മന്നം ജയന്തി |
| 7 | പ്രദോഷവ്രതം |
| 12 | എരുമേലി പേട്ടതുള്ളൽ |
| 15 | മകരവിളക്ക്, തൈപ്പൊങ്കൽ എറണാകുളം ശിവക്ഷേത്രത്തിൽ കൊടിയേറ്റ് |




ജ്ഞാനപ്പാനയിൽ പറഞ്ഞിരിക്കുന്നതു പോലെ പല ജന്മങ്ങൾ മരമായും, പക്ഷിയായും മൃഗമായും, കൃമിയായും എല്ലാം കഴിഞ്ഞശേഷം ലഭിക്കുന്ന മനുഷ്യജന്മത്തിൽ ജനനം മുതൽ മരണം വരെയുള്ള കാലയളവിൽ എന്തെല്ലാം നാം അനുഭവിക്കേണ്ടതായി വരുന്നു. മഹാരോഗങ്ങൾക്കും മനോവിഷമതകൾക്കും എല്ലാം നാം ആശ്രയിക്കുന്നത് ഈശ്വരനെയാണ്. ഒരർത്ഥത്തിൽ ഈശ്വര സാക്ഷാത്കാരം തന്നെയാണ് നമ്മുടെ ഓരോരുത്തരുടേയും ജന്മ ഉദ്ദേശം തന്നെ. അതിനുള്ള ആദ്യ പടിയാണ് ക്ഷേത്രദർശനം. നാമ ജപവും, ക്ഷേത്രദർശനവും തീർച്ചയായും നമ്മിൽ ഭക്തിയുണ്ടാക്കും, ഈശ്വരനോടുള്ള ഭക്തിയാണല്ലോ ഏറ്റവും മഹത്തരം. ശക്തി സ്വരൂപിണിയായ ദേവിയുടെ, പരാശക്തിയുടെ ക്ഷേത്രങ്ങളിൽ വളരെ പ്രധാനമുള്ള ഒരു ക്ഷേത്രമാണ് ചെറുവള്ളികാവ് ദേവീക്ഷേത്രം. ഈ ക്ഷേത്രത്തെ കുറിച്ചും ഐതിഹ്യത്തെ കുറിച്ചും എന്റെ അറിവിൽ പെട്ട ചില കാര്യങ്ങൾ പറഞ്ഞു കൊള്ളട്ടെ.

കോട്ടയം ജില്ലയിൽ പൊൻകുന്നം മണിമല റൂട്ടിലാണ് ഈ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. അടുത്തു തന്നെ ചിറക്കടവ് മഹാദേവക്ഷേത്രവും ഉണ്ട്. അനേകം ദേശങ്ങളിൽ ചെറുവള്ളികാവ് എന്ന പേരിൽ ധാരാളം ക്ഷേത്രങ്ങൾ ഉണ്ട്. ഒരുപക്ഷേ ഈ ക്ഷേത്രങ്ങളുടെ എല്ലാം മൂലക്ഷേത്രം ഈ ക്ഷേത്രം ആകുന്നതിനുള്ള സാധ്യത വളരെ കൂടുതലാണ്. ആയതിനാൽ ധാരാളം കുടുംബക്കാരുടെ പരദേവതാ സ്ഥാനവും ഇവിടുത്തെ ദേവിക്കുണ്ട്.

ഭദ്രകാളിയാണ് പ്രതിഷ്ഠ. എന്നാൽ ശ്രീമഹാമായയായും ആദിപരാശക്തിയായും ആരാധിക്കുന്നു. കിഴക്കോട്ടു ദർശനമായിട്ടുള്ള വരിക്കപ്ലാവിൽ കൊത്തിയ ദാരുവിഗ്രഹമാണ് ഇവിടുത്തെപ്രതിഷ്ഠ. ചാന്താട്ടം ഉണ്ട്. വിഗ്രഹത്തിന് കേടുപാടുകൾ ഉണ്ടാകാതെ ഇരിക്കുന്നതിനും ഉറപ്പിനും ചൈതന്യവർദ്ധനവിനും ചാന്താട്ടം നടത്തുന്നു. വളരെ വിശേഷപ്പെട്ട ഒരു വഴിപാടാണ് ചാന്താട്ടം. തേക്കിന്റെ കാതൽ ചെറുതായി അരിഞ്ഞു വാറ്റിയെടുക്കുന്ന ചാന്താണ് ഇതിന് ഉപയോഗിക്കുന്നത്.

ഐതിഹ്യം

പത്ത് പന്ത്രണ്ട് നൂറ്റാണ്ടുകൾക്ക് മുമ്പ് ശ്രീ ശങ്കരാചാര്യ സ്വാമികളുടെ ആഗ്രഹാനുഗ്രഹപ്രേരണയാൽ ശ്രീ മൂകാംബികാദേവി ഇവിടെ കറുത്ത മഞ്ഞാടി എന്ന സ്ഥലത്ത് തേജോരൂപിണിയായി ആവിർഭവിച്ചു. ദേവി അവിടെ അപ്പോൾ ഗിരിവർഗ്ഗക്കാരിയായ ഒരു സ്ത്രീയെ കണ്ടു. ആ സ്ത്രീയോട് ദേവി 'നീ എന്തു ചെയ്യുന്നു' എന്ന് ചോദിച്ചു. ചെറുവള്ളികിഴങ്ങ് മാന്തുകയാണെന്ന് അവർ

മറുപടിയും പറഞ്ഞു. അങ്ങനെ ആ സ്ഥലത്തിന് ചെറുവള്ളിക്കാവ് എന്ന നാമധേയം ഉണ്ടായി എന്ന് പറയപ്പെടുന്നു. അവിടെ നിന്നും ദേവി ഒരു ഭക്തന്റെ ഓലക്കുടപ്പുറത്ത് അധിവസിക്കുകയും ആ ഭക്തൻ ഇന്ന് പാട്ടമ്പലം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് തന്റെ കുട വയ്ക്കുകയും, ദേവി അവിടെ കുടി കൊള്ളുകയും ചെയ്തു. അവിടുത്തെ ജലാശയത്തിൽ ആണ് ദേവി കുടികൊണ്ടിരുന്നത്. അതിനാൽ ഇവിടുത്തെ പക്കങ്ങൾ മാറുന്നതനുസരിച്ച് ഇന്നും നിറ വ്യത്യാസം ഉണ്ടായിക്കൊണ്ടിരിക്കുന്നു. പിന്നീട് തെക്കോട്ടു മാറി ക്ഷേത്രം പണിയുകയും പ്രതിഷ്ഠ നടത്തുകയും ചെയ്തു. ഓലക്കുടയിൽ ദേവിയെ കൊണ്ടുവന്ന ഭക്തൻ അവിടെ അടുത്തുള്ള തറയിൽ കുടുംബത്തിലെ ഒരു അംഗമായിരുന്നതിനാൽ (പൂർവ്വീകൻ) ഇന്നും എഴുന്നെള്ളത്തു സമയത്ത് ആ കുടുംബത്തിലെ ഒരാളാണ് ഓലക്കുടയുമായി മുമ്പേ നടക്കുന്നത്. അതുപോലെ തന്നെ അമ്മയുടെ എഴുന്നള്ളത്ത് കറുത്ത മഞ്ഞാടിയിലെത്തുമ്പോൾ അമ്മയുടെ ദർശനപുണ്യം ആദ്യം ലഭിച്ച ഗിരിവർഗ്ഗക്കാരിയായ സ്ത്രീക്കും നേദ്യം നൽകും. അതുപോലെ മകരം 28-ാം തീയതി ഗിരിവർഗ്ഗക്കാർ കൂട്ടമായി വന്ന് ദേവിക്ക് കാഴ്ചകൾ സമർപ്പിക്കുന്ന പതിവ് ഇന്നും നടക്കുന്നു. (മകരം 28 ന് ചൊവ്വാ ഉച്ചാവസ്ഥയെ പ്രാപിക്കുന്നു. ജ്യോതിഷത്തിൽ ഭദ്രകാളീ പൂജകൾ ചൊവ്വാഗ്രഹവുമായി ബന്ധപ്പെടുത്തിയിരിക്കുന്നു.) ആദ്യകാലത്ത് ക്ഷേത്രത്തിന്റെ അവകാശം വണിപ്പുഴ മഠത്തിന് ആയിരുന്നു. പിന്നീട് 1960 നുശേഷം തിരുവിതാംകൂർ ദേവസ്വത്തിന്റെ ഭരണത്തിൽ കീഴിലായി ക്ഷേത്രകാര്യങ്ങൾ. പിന്നീട് ക്ഷേത്ര പുനരുദ്ധാരണ കർമ്മങ്ങളും മറ്റും നടത്തിയാണ് ക്ഷേത്രം ഇന്നിരിക്കുന്ന രീതിയിൽ ആയത്. താന്ത്രികാവകാശം താഴമൺ മഠത്തിൽക്കാർക്കാണ്. മണ്ഡലകാലത്ത് കളമെഴുത്തും പാട്ടുമുണ്ട്. ക്ഷേത്രമതിൽക്കകത്ത്. ഗണപതി, വീരഭദ്രൻ, ശാസ്താവ്, വിഷ്ണു, സുബ്രഹ്മണ്യൻ, ദുർഗ്ഗ, രക്ഷസ്സ്, ശിവ പാർവ്വതി നട, സർപ്പസന്നിധി യക്ഷിയമ്മ, കൊടുംകാളി എന്നിവർ ക്ഷേത്ര മതിലിനു വെളിയിലായും ഉണ്ട്. കൂടാതെ ജഡ്ജിയമ്മാവന്റെ നടയുമുണ്ട്. അമ്മയുടെ പൂജയ്ക്ക് ശേഷം ഉപദേവതാ ക്ഷേത്രങ്ങൾ എല്ലാം അടച്ചശേഷം യക്ഷിയമ്മയ്ക്കും കൊടുംകാളിക്കും ഗുരുതി നടത്തുന്നു. ശത്രുദോഷത്തിനും ആഭിചാരദോഷത്തിനും ശമനമായിട്ടാണ് ഇവ നടത്തുന്നത്. അതിനും ശേഷമാണ് ജഡ്ജിയമ്മാവന്റെ നട തുറക്കുന്നത്. അമ്മയ്ക്ക് കടുംപായസം ഇഷ്ടവഴിപാടാണ്. ഉദ്ദിഷ്ടകാര്യ സാദ്ധ്യത്തിനായി കുങ്കുമാഭിഷേകവുമുണ്ട്. ഇത് മഞ്ഞൾ ചേർന്ന കുങ്കുമംകൊണ്ടുള്ള അഭിഷേകമാണ്. കൂടാതെയും ധാരാളം വഴിപാടുകൾ ഭക്തജനങ്ങൾ നടത്താറുണ്ട്.

**ജഡ്ജിയമ്മാവൻ**

ഇവിടുത്തെ ഏറ്റവും വലിയ പ്രത്യേകത ജഡ്ജിയുടെ നടയാണ്. ഏകദേശം മുന്നൂറ്റമ്പത് വർഷങ്ങൾക്ക് മുമ്പ് തിരുവല്ലായിൽ തലവടി എന്ന സ്ഥലത്ത് രാമവർമ്മ പുരം മഠത്തിൽ പുണർതം നക്ഷത്രത്തിൽ ജനിച്ച ഗോവിന്ദപിള്ളയാണ് ജഡ്ജിയമ്മാവന്റെ പ്രതിഷ്ഠയിലുള്ള ചൈതന്യം. ഇദ്ദേഹത്തിന്റെ മൂലകുടുംബം ചെറുവള്ളിയിലുള്ള പയ്യംപള്ളിയാണെന്ന് പറയപ്പെടു ന്നു. ആയതിനാൽ ഇദ്ദേഹത്തിന്റെ പരദേവത ചെറുവള്ളി കാവിൽ അമ്മയാണ്. അമ്മയുടെ തികഞ്ഞ ഉപാസകനായിരുന്ന ഇദ്ദേഹം തിരുവിതാംകൂർ സദർ കോടതിയിൽ ജഡ്ജിയായിരുന്നു. നീതി നടപ്പാക്കുന്നതിൽ അങ്ങേയറ്റം സത്യസന്ധനും ധർമ്മിഷ്ഠനുമായിരുന്നു. ഒരിക്കൽ ഒരു തെറ്റിദ്ധാരണ മൂലം സ്വന്തം അനന്തിരവൻ ആയിരുന്ന പത്മനാഭപിള്ളയെ വധശിക്ഷയ്ക്ക് വിധിക്കുകയും ശിക്ഷനടപ്പാക്കുകയും ചെയ്തു. പിന്നീടാണ് പത്മനാഭപിള്ള നിരപരാധി ആയിരുന്നു എന്ന സത്യം ജഡ്ജി മനസ്സിലാക്കുന്നത്. അതിൽ മനം നൊന്ത അദ്ദേഹം ഒരു നിരപരാധിയെ തൂക്കി കൊല്ലാൻ വിധിച്ച തന്നെ ഒരു കൊലപാതകി ആയി കണ്ട് ശിക്ഷിക്കണം എന്ന് അന്നത്തെ മഹാരാജാവിനോട് അപേക്ഷിച്ചു. എന്നാൽ ജഡ്ജിയോട് അതിരറ്റ വിശ്വാസവും

വാത്സല്യവും ഉണ്ടായിരുന്ന രാജാവ് അതിന് വിസമ്മതിക്കുകയും പ്രായശ്ചിത്തം പറഞ്ഞ് എല്ലാ തെറ്റുകളും ഏറ്റു പറഞ്ഞതിനാൽ താൻ ക്ഷമിച്ചതായി പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ ജഡ്ജിയുടെ നിർബ്ബന്ധത്തിന് വഴങ്ങി രാജാവ് ഗോവിന്ദപ്പിള്ളയ്ക്ക് സ്വയം ശിക്ഷ തീരുമാനിക്കാം എന്ന് ഉത്തരവിട്ടു. തന്റെ കുതികാൽ വെട്ടി തന്നെ തന്റെ ജന്മനാടായ തിരുവല്ലായിൽ തന്നെ തൂക്കിലിടണം എന്ന് ജഡ്ജി സ്വയം ശിക്ഷ വിധിച്ചു. അങ്ങനെ തലവടിയിലുള്ള മുകളടിമുക്ക് എന്ന സ്ഥലത്ത് പമ്പാ നദിയുടെ തീരത്ത് അദ്ദേഹത്തെ തൂക്കിലേറ്റി, അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം, മൂന്നുദിവസം ജഡം അവിടെ തൂങ്ങി കിടന്നു. പമ്പാനദിയിൽ കൂടി വള്ളത്തിൽ വന്നവർ ഈ മൃതദേഹം കണ്ട് കളിയാക്കുകയും ജഡ്ജിയുടെ ആത്മാവ് വള്ളം മറിച്ച് അവരെ ശിക്ഷിക്കുകയും ചെയ്തു. തുടർന്ന് ആത്മാവ് മോക്ഷം ലഭിക്കാതെ അലഞ്ഞു നടക്കുകയും നാട്ടിൽ പല ഉപദ്രവങ്ങൾ ചെയ്യുകയും ഉണ്ടായി. തുടർന്ന് കുടുംബകാരണവരായ ചെമ്പകരാമൻപിള്ള പ്രശ്നം വെയ്ക്കുകയും പ്രശ്നത്തിൽ ജഡ്ജി ധർമ്മദേവതയായ ചെറുവള്ളിയമ്മയുടെ സമീപം കൂടി കൊള്ളാം എന്ന് സമ്മതിക്കുകയും ചെയ്തു. അങ്ങനെയാണ് അദ്ദേഹത്തിന് അവിടെ സ്ഥാനം ഉണ്ടായത്. ദേവിയുടെ അറുകൊലയുടെ സഹായത്തോടു കൂടി ജഡ്ജിയമ്മാവൻ ഇന്നും ഭക്തജനങ്ങളുടെ ന്യായമായ സങ്കടങ്ങൾക്ക് ശാന്തി വരുത്തുകയും അവർക്ക് അനുകൂലമായ വിധി നടപ്പാക്കി സഹായിക്കുകയും ചെയ്തു വരുന്നു. വെറ്റില പാക്ക്, കരിക്ക് ഇവ അടങ്ങിയ വെള്ളം കുടിയും തിരളി (അട) നേദ്യവുമാണ് പ്രധാനം. എല്ലാ നടയും അടച്ചശേഷം ഈ നട തുറന്ന് പൂജ നടത്തി പ്രാർത്ഥിക്കുന്നു. ഈ സമയം കാര്യസാധ്യത്തിനായും കാര്യം സാധിച്ച ശേഷം നടത്തുന്ന വഴിപാടിലേക്കായും ധാരാളം ഭക്തജനങ്ങൾ ഇവിടെ വരാറുണ്ട്. വർഷങ്ങളോളം നീണ്ടു നില്ക്കുന്ന കോടതി വ്യവഹാരങ്ങൾ ജഡ്ജിയമ്മാവന്റെ നടയിലെ പ്രാർത്ഥനയിൽ വളരെ പെട്ടെന്നു തന്നെ അനുകൂലമായ വിധി നേടിയെടുക്കുന്നതിന് സാധിക്കും. കൂടാതെ ന്യായമായ നമ്മുടെ എന്താവശ്യവും ജഡ്ജിയമ്മാവൻ സാധിച്ചു തരും എന്നാണ് ഭക്തജന വിശ്വാസം. ജാതി മതഭേദമില്ലാതെ കേസുകാര്യങ്ങൾക്കായി അനേകം പേർ ഇവിടെയെത്തുന്നു. ദേവിയെ തൊഴുത് പ്രാർത്ഥിച്ച് ജഡ്ജിയമ്മാവനെ കണ്ട് സങ്കടം ഉണർത്തിച്ചാൽ നടക്കാത്തതായി ഒന്നും തന്നെയില്ല.

ഈ ക്ഷേത്രത്തെ കുറിച്ച് ഒരുപാട് വിശേഷങ്ങളും അനുഭവങ്ങളും ഉണ്ടെങ്കിലും ചുരുക്കം ചിലത് മാത്രമേ പ്രതിപാദിക്കുന്നുള്ളൂ. അഭീഷ്ടവരദായിനിയായ ചെറുവള്ളി കാവിലമ്മയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുന്നു.

'പാരിലാനന്ദദീപമായി മിന്നും
ചെറുവള്ളിയിൽ വാഴുമംബേ
പാരിനാശ്രയമായ് വിളങ്ങീടും
പാപനാശിനി പാഹിമാം'

## എറണാകുളം സ്ത്രീസമാജത്തിന്റെ ഡിസംബർ മാസത്തെ പരിപാടികൾ

| തീയതി | പരിപാടി | സമയം |
|---|---|---|
| 15.12.2015 (ചൊവ്വാഴ്ച) | അംഗങ്ങളുടെ ഒത്തുചേരൽ | |
| 23.12.2015 (ബുധൻ) | കുചേല ദിനം – ഓമന ആർ മേനോൻ നയിക്കുന്ന സമ്പൂർണ്ണ നാരായണീയ വായന | 7.30.a.m. |
| 25.12.2015 (വെള്ളി) | തിരുവാതിര ഉറക്കമിളപ്പ് (ടി.ഡി.എം. ഹാൾ) | 8.00.p.m. |

(വ്യക്തി വിശേഷം)

# എം.എൻ. ശിവരാമൻ നായർ

കോട്ടയം ജില്ലയിൽ കുമരകം ദേശത്ത് മണിമല വീട്ടിൽ ശ്രീ. എം.എൻ.ശിവരാമൻ നായർ ഭൂജാതനായി. ഇദ്ദേഹം 4 ആൺമക്കളിൽ ഏറ്റവും ഇളയ ആളായിരുന്നു. താമസം, വിദ്യാഭ്യാസം കുമരകത്ത് അമ്മ കുഞ്ചുകുട്ടി യോടൊത്ത് ആയിരുന്നു. പ്രാഥമിക വിദ്യാഭ്യാസം കുമരകത്തും ബി.എ. ബനാറസ് ഹിന്ദു യൂണിവേഴ്സ്റ്റിയിൽ നിന്നും, ബി.എൽ. ഡിഗ്രി. തിരുവനന്തപുരത്തെ ലോ കോളേജിൽ നിന്നും നേടി. അച്ഛൻ വളരെ ചെറുപ്പത്തിലേ മരണപ്പെട്ടതിനാൽ അമ്മാവനായ ഏറ്റുമാനൂർ കാളേച്ചു വീട്ടിൽ എം.എൻ. നായരായിരുന്നു ഇവരുടെ മാർഗ്ഗദർശി. തുടർന്ന് തിരുകൊച്ചി ചീഫ് കോർട്ടിൽ വക്കീലായി പ്രാക്ടീസ് ആരംഭിക്കുകയും പിന്നീട് കയ്മകുളങ്ങര പാറുകുട്ടി അമ്മയുടെയും ശങ്കരൻ തമ്പിയുടേയും മകളായ ലീലയെ വിവാഹം കഴിക്കുകയും എറണാകുളത്ത് സ്ഥിരതാമസം ആക്കുകയും ചെയ്തു. അതിനുശേഷം സ്വാതന്ത്ര്യസമരം കൊടുംപിരി കൊണ്ടിരിക്കുമ്പോൾ തന്റെ വക്കീൽ പണി ഉപേക്ഷിച്ച് സ്വതന്ത്ര്യസമരത്തിലേക്ക് എടുത്തു ചാടുകയും 1941 ൽ രൂപികൃതമായ "കൊച്ചി പ്രജാമണ്ഡലം" എന്ന സ്വാതന്ത്ര്യസമര സംഘടനയിലൂടെ സജീവമായി, അന്നത്തെ പ്രഗൽഭ നേതാക്കളായ ശ്രീ.പനമ്പിള്ളി ഗോവിന്ദ മേനോൻ (കൊച്ചി പ്രധാനമന്ത്രി), ശ്രീ. കെ.പി. മാധവൻ നായർ, ശ്രീ.വി.ആർ. കൃഷ്ണ നെഴുത്തച്ഛൻ തുടങ്ങി വലുതും ചെറുതുമായ നിരവധി സ്വാതന്ത്ര്യ സമര പോരാളികളോടൊപ്പം എറണാകുളത്തും പരിസരത്തും നിരന്തരം ബ്രിട്ടീഷുകാർക്കെതിരായി പോരാടി. ടാറ്റാ ഓയിൽ മിൽസിന്റെ ആദ്യകാല തൊഴിലാളി നേതാവായും കൊച്ചിൻ പോർട്ടിലെ ആദ്യകാല തൊഴിലാളി നേതാവായും, പിന്നീട് എറണാകുളം മുൻസിപ്പൽ കൗൺസിലറായും സേവന മനുഷ്ഠിച്ചിട്ടുണ്ട്. ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ സജീവ പ്രവർത്തകനായും, ഹിന്ദി പ്രചാര സഭയുടെ സജീവ പ്രവർത്ത കനായും വളരെ കാലം സേവനം അനുഷ്ഠിച്ചു. സ്വാതന്ത്ര്യ സമരത്തിലെ ഒരു ജിഹ്വയായിരുന്നു "ദീന ബന്ധു"വിന്റെ പത്രാധിപരും എല്ലാം എല്ലാമായിരുന്നു അദ്ദേഹം. അവസാനം എറണാകുളം മാതൃഭൂമിയുടെ സബ് എഡിറ്ററായും സേവനം അനുഷ്ഠിച്ചു. കറകളഞ്ഞ രാജ്യസ്നേഹവും, കറപുരളാത്ത കൈകളുമായി ശ്രീ. എം. എൻ ശിവരാമൻ നായർ തല ഉയർത്തി നിന്നിരുന്നു. 1971 ൽ ഹൃദയാഘാതം മൂലം മരണപ്പെടുന്നതുവരെ അദ്ദേഹം കർമ്മനിരതനായിരുന്നു.

---

# നവതിക്കായ് ഒരു ഗീതം

സ്വർണ്ണലത നന്ദകുമാർ

നവതി തൻ നിറവിൽത്തിളങ്ങും കരയോഗ-
സ്മരണകളുണർത്തിനാം മുന്നോട്ടു പോയിടാം

പണ്ടു പിതാമഹർ നട്ടതാം വൃക്ഷത്തൈ-
തണലേകും വടവൃക്ഷമായി വളർന്നുവല്ലോ!

അറിവിന്റെ കൈത്തിരിവെട്ടം പകർത്തിയും
ആലംബഹീനർക്കാശ്വാസമേകിയും

ആതുരസേവനരംഗത്തിറങ്ങിയും
ആദ്ധ്യാത്മവേദികളൊക്കെയൊരുക്കിയും

അറബിക്കടലിന്റെ റാണിയാം കൊച്ചിതന്ന-
ഭിമാനഭാജനമായ് നിലകൊള്ളുന്നു

മലയാളമണ്ണിലെന്നല്ല അതിൻ കീർത്തി
ഉലകാകെ അലയടിച്ചുയർന്നീടുന്നു

സേവനം ജീവിത സാഫല്യമെന്നൊരാ
മാർഗ്ഗദീപം തെളിയിച്ചു നൽകിയ

കർമ്മ ധീരരാം പൂർവ്വിക ശ്രേഷ്ഠരെ
നന്ദിയോടെന്നും നമുക്കു സ്മരിച്ചിടാം.

അന്നവർ കത്തിച്ച കൈത്തിരിനാളങ്ങ-
ളെന്നുമണയാതെ കാത്തുസൂക്ഷിച്ചിടാം.



# പ്രമേഹം

ഡോ. കല്യാണിമേനോൻ

ആരോഗ്യകരമയ ജീവിതം എന്ന സന്ദേശവുമായി ഇക്കൊല്ലം ലോക പ്രമേഹ ദിനം നവംബർ 14 ന് ആഘോഷിക്കപ്പെട്ടു. പ്രമേഹത്തിന്റെ തലസ്ഥാനമെന്ന പദവി ഇന്ത്യ നേടുമ്പോൾ, Highest Prevalance Rate (20%) എന്ന ബഹുമതി നമ്മുടെ കൊച്ചു കേരളം നേടുന്നു. ഇതിൽ1/5 മാത്രമേ രോഗനിർണ്ണയം ഉണ്ടാവുന്നള്ളു. ശരിയായ ചികിത്സ ലഭിക്കുന്നവർ അതിലും കുറവാണ്.

ശരീര കോശങ്ങളുടെ പ്രവർത്തന ത്തിന് ഊർജ്ജം നൽകുന്നത്, ഭക്ഷണം വഴി ലഭിക്കുന്ന Glucose ആണ്. അതിന് ആഗികരണം ചെയ്തു ഉപയോഗിക്കുവാൻ Insulin ആവശ്യമാണ്. പാൻക്രിയാസ് ഗ്രന്ഥിയിലെ B കോശങ്ങളാണ് Insulin ഉണ്ടാക്കുന്നത് ഉപയോഗിക്കാൻ പറ്റാത്ത തുകാരണം കോശങ്ങൾക്ക് ഊർജ്ജം ലഭിക്കാ ത്ത അവസ്ഥയും, രക്തത്തിൽ Glucose ന്റെ അളവ് കൂടുകയും ചെയ്യുന്നു. അതിന്റെ കേട് എല്ലാ ശരീര അവയവങ്ങളേയും രക്തധമനികളേയും നാഡീവ്യൂഹത്തെയും ബാധിക്കുന്നു. പ്രതിരോധശക്തി കുറയുന്ന അവസ്ഥയായതിനാൽ ശരീരം Infections ന് വേഗം അടിമപ്പെടുകയും ചെയ്യുന്നു.

നേരത്തെ കണ്ടുപിടിച്ച്, ആരോഗ്യകരമായ ജീവിതശൈലികൾ സ്വീകരിച്ച്, അതിൽ control ആയില്ലെങ്കിൽ മരുന്നും കഴിക്കുകയാണ് വേണ്ടത്. പിന്നീട് ഉണ്ടാവുന്ന ഗുരുതരമായ പ്രത്യാഘാതങ്ങൾ ഒഴിവാക്കുവാനും Delay ചെയ്യാനും ഇതുകൊണ്ട് സാധിക്കും.

**Blood Sugar Values**

| | Normal | Pre Diabetes | Diabetes |
|---|---|---|---|
| Fasting | 70-100mg/dl | 100-125mg/dl | >126mg/dl |
| 2 hours after food | <140mg/dl | 140-199mg/dl | >200 |
| HB A/C | 4- 6.5% | | >7% |

**Types of Diabetes**

Type I: പാൻക്രിയാസിലെ B കോശങ്ങൾ നശിക്കുന്നതു മൂലം Insulin ശരീരത്തിൽ ഉണ്ടാവാത്ത അവസ്ഥ Auto immune Mechanism ആണ് കാരണം. (ശരീരത്തിലെ പ്രതിരോധ സംവിധാനം തന്നെ സ്വന്തം കോശങ്ങൾക്ക് എതിരായി അവയെ നശിപ്പിക്കുന്ന അവസ്ഥ) virus Infections കാരണവും ഈ അവസ്ഥ ഉണ്ടാവാം. കുട്ടികളിലും ചെറുപ്പക്കാരിലും ആണ് സാധാരണ കണ്ടു വരുന്നത്. life long insulin substitution തന്നെ ആണ് ചികിത്സ.

Type2: മുതിർന്നവരിൽ ആണ് കൂടുതലും കണ്ടുവരുന്നത്. കാരണം Multifactorial ആണ്. ജനിതകം, പാരമ്പര്യം, പരിതസ്ഥിതി, ജീവിതശൈലി (Genetic, Environmental, Life Style) എന്നിവ പ്രധാന പങ്ക് വഹിക്കുന്നു. B കോശങ്ങളുടെ എണ്ണം കുറഞ്ഞ് Insulin ന്റെ നിർമ്മാണം കുറയുന്നു. Insulin ഉണ്ടെങ്കിലും കോശങ്ങളുടെ Insulin Sensitivity കുറയുന്നു. (Devolopment of Insulin Resistance) എന്നിവ Type 2 പ്രമേഹത്തിൽ കണ്ടുവരുന്നു. Insulin Resistance ന്റെ കൂടെ പ്രഷറും കൊളസ്ട്രോളും (High Triglyceride Levels) അമിത ഭാരവും

ഉണ്ടാകുന്ന അവസ്ഥ Metabolic Symdrome എന്ന അറിയപ്പെടുന്നു.

ആരോഗ്യകരമായ ജീവിതരീതി (ഭക്ഷണം, വ്യായാമം, ശരീരഭാര നിയന്ത്രണം) തന്നെയാണ് ചികിത്സയുടെ അടിത്തറ. ഇതിൽ Control ആയില്ലെങ്കിൽ മരുന്നു തുടങ്ങണം. പല തരത്തിൽ പ്രവർത്തിക്കുന്ന മരുന്നുകൾ ഉണ്ട്.

B കോശങ്ങളെ Stimulate ചെയ്യാൻ, ഇൻസുലിൻ Sensitivity കൂട്ടാൻ, Glucose ന്റെ Absorption കുറയ്ക്കാൻ, കരളിൽ Glucose Production കുറയ്ക്കാൻ എന്ന പല വിധത്തിലും ഇവ പ്രവർത്തിക്കുന്നു. Individualise ചെയ്ത് Dose and Combinations നിശ്ചയിക്കുന്നു.

കുറച്ചുകാലം കഴിഞ്ഞാൽ ചിലർക്ക് മുൻ പറഞ്ഞ ഗുളികകൾ ഫലിക്കാതെ ആവുകയാണെങ്കിൽ Insulin തുടങ്ങേണ്ടി വരും. ഗുളികകളിൽ Control ആയവർക്ക് പോലും Stress Situation ൽ (അസുഖങ്ങൾ, ശസ്ത്രക്രിയകൾ) Insulin Temporary ആയി വേണ്ടി വരും.

## Gestational Diabetes (GDM)

### (ഗർഭകാലത്തുണ്ടാകുന്ന പ്രമേഹം)

ഗർഭകാലത്ത്, സാധാരണ ആറാം മാസം കഴിഞ്ഞ് കാണുന്ന പ്രമേഹം ആണ് (GDM). ഗർഭകാലത്ത് Glucose അളവ് കൂട്ടുന്ന മറ്റു ഹോർമോണുകളുടെ പ്രവർത്തനം കൂടുന്നതുകൊണ്ട് കാണുന്ന ഈ സ്ഥിതി വിശേഷണത്തിന്, ഭക്ഷണക്രമം കൊണ്ട് Control ആയില്ലെങ്കിൽ, Insulin എടുക്കേണ്ടി വരുന്നു. പ്രസവം കഴിഞ്ഞാൽ സ്ഥിതി Normal ആവുന്നു. എന്നാൽ GDM ഉണ്ടായിട്ടുള്ളവർക്ക് പിന്നീട് Type 2 DM ഉണ്ടാകാൻ സാധ്യതയുണ്ട്.

Pancreatic രോഗങ്ങളും, Malnutrition കാരണവും പ്രമേഹം ഉണ്ടാവാം. നേരത്തെ കണ്ടുപിടിച്ച് ശരിയായി ചികിത്സക്കുന്നതാണ് പ്രാധാനം.

# നിത്യസത്യം



ഉണ്ണി വാരിയത്ത്

അയാൾ നടക്കുകയായിരുന്നു. തിരക്കില്ലാത്ത വഴി.

അങ്ങനെയൊരു വഴിയോ? ഇക്കാലത്തോ?

ഈ നാട്ടിലോ?

ചോദ്യങ്ങൾക്ക് പ്രസക്തിയുണ്ട്. എവിടെയും എല്ലായ്പ്പോഴും എല്ലാവർക്കും തിരക്കാണല്ലോ.

അപ്പോൾ അയാൾക്കുമാത്രം എന്താണ് തിരക്ക് അനുഭവപ്പെടാത്തത് ? അയാൾ സ്വപ്നത്തിന്റെ പാതയിലാണോ സഞ്ചാരം?

അല്ല. യാഥാർത്ഥ്യത്തിന്റെ പാതയിലാണയാൾ. എന്നുവെച്ചാൽ സത്യത്തിന്റെ പാതയിൽ. അവിടെ ഒപ്പം നടക്കാനോ മറികടക്കാനോ തിരക്കില്ലെന്നതാണല്ലോ നിത്യസത്യം.

– കെ.വി. കൈമൾ

## പൊണ്ണത്തടിയനെ എന്തിനു കൊള്ളാം...

പൊണ്ണത്തടിയനെ എന്തിനു കൊള്ളാം
വലിയ പുരയ്ക്കൊരു തൂണിനു കൊള്ളാം
എല്ലിച്ചവനെ എന്തിനു കൊള്ളാം
വെള്ളരി നട്ടൊരു പാടത്തങ്ങനെ
പത്തലുപോലെ നിറുത്താൻ കൊള്ളാം
കള്ളൻമാരെ എന്തിനുകൊള്ളാം
കള്ളൻമാരുടെ നേതാവാക്കാം
ഇവരുടെയെല്ലാം വിക്രമനായാൽ
രാഷ്ട്രീയത്തിൽ നേതാവാക്കാം
നാലാൾ കൂടി പണി ചെയ്താൽ
അവിടെച്ചെന്ന് യൂണിയൻ കൂട്ടും
തൊഴിലാളികളെ കൊള്ളയടിക്കും
മുതലാളികളുടെ പണവും വാങ്ങും
സ്വാർത്ഥത കൊണ്ടൊരു വീടുണ്ടാക്കും
വീടിനുള്ളിൽ കാറും കേറ്റും
രാഷ്ട്രീയത്തിൽ സ്ഥാനം പോയാൽ
വേറെ ചെന്നൊരു പാർട്ടീം കൂട്ടും
ഇങ്ങനെ നമ്മുടെ നാടു നശിക്കും
ഓർത്താലെന്തൊരു കഷ്ടം കഷ്ടം

# ചിതറിയ ചിന്തകൾ

– ബാലസുബ്രഹ്മണ്യൻ

വേദനകളുടെ ചെങ്കുത്തായ പാറക ളിൽ നിന്നും വഴുതി വീഴുന്നത് ഓർമ്മകളുടെ പൂപ്പായി പിടിച്ചവയിലേക്കാണ്,

അവിടെ...........

ഒന്നിനും ഒരു പിടിയും കിട്ടുന്നില്ല, എന്തോ കളഞ്ഞു പോയ ഒരു തോന്നൽ . ഹൃദയത്തിൽ എവിടെയോ ഒരു നീറൽ! ഓർക്കാൻ ശ്രമിച്ചിട്ടും ഓർമ്മകൾ വിട്ടകലു കയാണ്, കാറ്റത്ത് പാറുന്ന അപ്പൂപ്പൻ താടി പോലെ. അവ്യക്തതയുടെ ചണ്ടി നീക്കി ഓർമ്മ കളെത്തേടി ഊളിയിട്ടിറങ്ങി വട്ടം പിടിച്ച കണ്ണുകളുമായി, മുങ്ങിപോയ ഓർമ്മകളെ കണ്ടെ ത്തിയിരിന്നെങ്കിൽ , അവിടെ ശ്വാസം മുട്ടുന്ന കഴിഞ്ഞ രാത്രിയിലെ അനുഭവങ്ങളെ കണ്ടെത്തിയെങ്കിലേ സമാധാനമാകു. നിദ്രയുടെ മണപ്പുറത്ത് പണിതീർത്ത മോഹ ങ്ങളുടെ കടലാസു സൗധങ്ങൾ തകർത്തു കളഞ്ഞ ജ്യേഷ്ഠത്തിയോട് കടുത്ത ദേഷ്യം തോന്നി.

താഴെ കോലായിലും അഞ്ചാം പുരയിലും ഒരേ ബഹളമാണ്. ദേഹണ്ണക്കാർ രാത്രി ഉറങ്ങി കാണുകയില്ല. പാർട്ടിക്കു വേണ്ടി പലഹാരങ്ങൾ വീട്ടിൽ തന്നെ ഉണ്ടാ ക്കണമെന്നത് അമ്മാവന്റെ നിർബന്ധമാണ്. മുഹൂർത്തം 10 നും 11 നും ഇടയിലാണ്. രാഹുകാലത്തിനു മുമ്പ് ഇറങ്ങ ണമെങ്കിൽ ആറ് മണിക്കുള്ളിൽ എല്ലാം തീർ ത്തിരിക്കണം. തെക്കേ അകത്തും ഇടനാഴി യിലും പുറപ്പാടിന്റെ ബഹളമാണ്. വെള്ള ടർലിൻ ഷർട്ടും കസവുദോത്തിയും ഉടുത്ത് പോകേണ്ടത് ഓർത്തപ്പോൾ പ്രയാസം തോന്നാതിരുന്നില്ല. ഗംഗയ്ക്കും മുകുന്ദനും വരാനുള്ള വകയായി. ജനിക്കാത്ത നാളയെ ക്കുറിച്ച് ചിന്തിക്കാതെ മരിച്ച ഇന്നലകളെ ത്തേടി അലയുകയാണ് ചിന്തകൾ!

കളിപ്പാട്ടം നഷ്ടപ്പെട്ട ഒരു കുഞ്ഞിന്റെ മനോവികാരത്തോടെ സിഗരറ്റ് ഒന്നെടുത്ത് കത്തിച്ചു വലിച്ചു. ജനലഴികളിലൂടെ അകത്തു കടന്ന നേരിയ വെളിച്ചത്തിന്റെ പാതകളിൽ പുക ചുഴികളുണ്ടാക്കി നൃത്തം വെച്ച് അന്തരീ ക്ഷത്തിൽ അലിഞ്ഞു ചേർന്നു. ചിന്തകൾ ആ ചുഴികളിലൂടെ ഊളിയിട്ടിറങ്ങി. മറ്റൊന്നും വ്യക്തമായില്ലെങ്കിലും നിന്നെക്കുറിച്ചുള്ള ഓർമ്മകളുടെ ഒരു സ്വർണ്ണമീൻ മാത്രം ഒഴുകി പ്പോകുന്നു. ഓരോന്നും വ്യക്തമാവുകയാണ്.

പല രാത്രികളിലും ചന്ദ്രികയുടെ ശാലീ നതയിൽ നീ എന്നിലേയ്ക്ക് കടന്നു വരാറുണ്ട്. വിടർന്ന നീലകണ്ണുകളിൽ ലഹരി പിടിപ്പിക്കു ന്ന ഒട്ടനവധി വികാരങ്ങളുമായി, വിതുമ്പുന്ന ചുണ്ടുകളിൽ സംഗീതത്തിന്റെ ഒട്ടു വളരെ രാഗ ങ്ങളുമായി, അവയിൽ കൂടെ മാത്രം ജീവിച്ച എത്ര നല്ല രാത്രികൾക്ക് പകൽ ശവകല്ലറ പണി തു കഴിഞ്ഞു

എങ്കിലും,

സ്വപ്നങ്ങളുടെ വസന്തത്തെ എതിരേൽക്കാ റുള്ള പലതും സംഗീതാത്മകങ്ങളായിരുന്നു. എന്നാൽ മരിച്ച ഓർമ്മകളെ മാത്രം സമ്മാനിച്ച ഇന്നത്തെ പ്രഭാതം തികച്ചും വ്യത്യസ്തമാണ്.

കഴിഞ്ഞ മൂന്ന് കൊല്ലകാലങ്ങളിലെ സംഭവങ്ങളുടെ സന്തതികളായ ഒട്ടനവധി കടലാസു കഷണങ്ങളെയും അവക്കാധാരമായ മറ്റു പലതിനേയും ചേർത്തു വെച്ചത് ഇന്നലെയായിരുന്നു. അവസാനമായിട്ടുള്ള

വിടവാങ്ങലിൽ അവയിൽ കൂടെ ഒരാവർത്തി സഞ്ചരിക്കാൻ തോന്നി അപ്പോൾ .........

അവിടെ,

പരിഭവങ്ങൾ...........

വാഗ്ദാനങ്ങൾ...........

സന്ദർഭങ്ങൾ............

സ്ഥലങ്ങൾ................

വേദനകൾ..................

വേദാന്തങ്ങൾ.................

സംഭവങ്ങളെ വളർത്തിയെടുത്ത കൈപ്പടകൾ ശവകുടീരത്തിൽ അർപ്പിക്കപ്പെട്ട പൂക്കളെ പ്പോലെ കാലപഴക്കത്തിൽ മങ്ങിയിരിക്കുന്നു!

എങ്കിലും

കാലങ്ങളെ ബന്ധിച്ച അവയെ നശിപ്പിക്കാൻ തോന്നിയില്ല. ഭാവനയിൽ കൂടെ നിന്റെ ഛായ പകർത്താൻ ഒരു ശ്രമം നടത്തിയ ആ ചിത്രം ഇന്നലെയും കുറച്ചു നേരം നോക്കിയിരുന്നു പോയി !

ചുറ്റുപാടും നാളത്തെ ദിവസത്തിനു വേണ്ടി ഒരുക്കു കൂട്ടുമ്പോൾ ഞാൻ മാത്രം ഭൂതകാലത്തിന്റെ ശവകുടീരങ്ങളിൽ കൂടി സഞ്ചരിക്കുകയായിരുന്നു.

അവിടെ

സത്യങ്ങളെക്കാളേറെ സങ്കൽപങ്ങളായിരുന്നി ല്ലേ? അവയെ താലോലിച്ചു വളർത്താൻ അന്ന് സുഖമായിരിന്നു. ആരംഭത്തിൽ തന്നെ അവ സാനിച്ച അവ ദീർഘനിശ്വാസങ്ങളെ മാത്രം സമ്മാനിച്ചു. അടയ്ക്കപ്പെട്ട ആ അദ്ധ്യായങ്ങളെ ക്കുറിച്ച് അധികം ചിന്തിക്കാതിരിക്കാൻ ശ്രമിച്ചു. നൃത്തം അവസാനിപ്പിച്ച ഒരു വേദിയായിരി ക്കുന്നു. മനസ്സിന്ന്.

സങ്കൽപങ്ങളില്ല

പ്രതീക്ഷകളില്ല

ഉള്ളതെല്ലാം ഒരു ചോദ്യം മാത്രം ഈ നാടകത്തിലെ ഒരു കഥാപാത്രമാകേണ്ടിയി രുന്നോ? ശരിയും തെറ്റും വേർതിരിക്കാനുള്ള ശ്രമം വൃഥാവിലാണ് ചിന്തകൾ വീണ്ടും ഓർമ്മ കളുടെ കൈത്തിരിയുമായി തേടുകയാണ്.

..... ഈ വീണ മുറുക്കിയ കമ്പികളോടെ ഇതാ ഏൽപ്പിക്കുന്നു ഒന്നു .....മീട്ടു .... അവസാനം വരെ അതിനായി കാത്തിരിക്കും.......

കാത്തിരിക്കുമെന്നും,കാത്തിരിക്കണമെന്നും പ്രതീക്ഷിച്ചിരുന്നോ എന്തോ രൂപം കൊള്ളാത്ത വയാണ് അവയെല്ലാം.

എന്നാൽ.......

ആ വീണകമ്പികൾ ചലിപ്പിക്കപ്പെട്ടപ്പോൾ മൗനം കൊള്ളാനെ കഴിഞ്ഞുള്ളു !

.........രാധാടാക്കീസിൽ "തേൻ മഴ" നിങ്ങളെ രണ്ടു പേരേയും സ്വാഗതം ചെയ്യുമ്പോൾ അടുത്ത ക്രൗൺ ടാക്കീസിൽ "മുഖം മൂടികളെ" ഞാൻ പരിചയപ്പെടുകയായിരുന്നു. തികച്ചും യാദൃച്ഛിക മാണെങ്കിലും മനസ്സിനെ ആഴത്തിൽ മുറി വേൽപ്പിച്ച ഒരനുഭവമായിരുന്നു അത്. അന്വേഷിക്കാതെയും, അറിയാതെയുമുള്ള രണ്ടു വർഷങ്ങൾക്കു ശേഷം ഇവിടെവച്ച് ആ അദ്ധ്യായം എന്നെന്നേയ്ക്കുമായി അടയ്ക്കപ്പെ ടുകയായിരുന്നില്ലേ ?

ഇടനാഴിയിലെ ഘടികാരത്തിന്റെ യന്ത്രം കെട്ടഴിഞ്ഞ് പന്ത്രണ്ടു പ്രാവശ്യം ശബ്ദിച്ചു. മനസ്സിന്റെയും കെട്ടുകൾ അഴിഞ്ഞു കൊണ്ടിരിക്കുന്നു. കോരിച്ചൊരിയുന്ന മഴയത്തും താഴെ കോലായിൽ നിന്നും അമ്മാവന്റെ ശബ്ദം ഉയർന്നു കേട്ടിരിന്നു. ജ്യേഷ്ഠത്തിയും കുഞ്ഞുങ്ങളും വന്നതുകൊ ണ്ട് നാട്ടു വിശേഷങ്ങളുടെ പരമ്പര തുടർന്നു കൊണ്ടിരുന്നു.

മഴയും,തണുപ്പും അന്വേഷണങ്ങളെ ഏറെ തുടരാനുവദിച്ചില്ല. നിദ്ര ക്ഷണിക്കുകയാ യിരുന്നു. ഇരുളിലേക്ക് ............

കൊതുകുവല നിവർത്തിയിട്ട് പുതപ്പു കൊണ്ട് മൂടി കമിഴ്ന്ന് കിടക്കാൻ ഒരു സുഖം തോന്നി. കനത്ത മഴത്തുള്ളികൾ മുറ്റത്തെ കല ങ്ങിയ വെള്ളത്തിൽ ആയിരം കണ്ണാടി മാളികകൾ പണിയുന്നതും തല്ലി തകർക്കുന്നതും ഭാവനയിൽ കണ്ടു കൊണ്ടു കിടന്നു. ഒരു ഉറുമ്പായി ആ കണ്ണാടി മാളികകളിൽ ചെന്ന് താമസിക്കാൻ ചെറുപ്പത്തിൽ ഏറെ കൊതിച്ചിട്ടുണ്ട്. ഗോവിന്ദൻകുട്ടിയുടെ കടലാസു വഞ്ചി മഴത്തുള്ളികൾ ബോംബിട്ടു തകർക്കുമ്പോൾ

അന്നൊക്കെ എന്തു രസമായിരുന്നു.

ഇന്ന് ചുറ്റിലും എത്രയോ ബോംബുകൾ വന്നു വീണുകൊണ്ടിരിക്കയാണ്, ആ ഓളങ്ങളുടെ താളത്തിൽ മാത്രമാണ് നീങ്ങുന്നത് ഏതു നിമിഷവും എവിടെയും വെച്ചും തകരാം. ലക്ഷ്യം എവിടെയെന്നറിയില്ല.

മഴയ്ക്ക് ശക്തികൂടിയപ്പോൾ രാത്രിയിലും പ്രവർത്തിക്കുന്ന നൂൽ കമ്പനിയു ടെ ശബ്ദം ആ ആരവത്തിൽ ലയിച്ചു പോയി. പെരുമ്പറയടിച്ച് ആകാശം ഭൂമിയെ കീഴടക്കാൻ ശ്രമിക്കുകയായിരുന്നു. ഇന്നലെ വരെ നഷ്ടപ്പെട്ട വർഷങ്ങളെ കുറിച്ചോർത്തപ്പോൾ നിരാശ തോന്നി. ജീവിക്കാൻ മറന്ന നിമിഷങ്ങൾ, സമ്പാദ്യങ്ങൾ ചോർന്നു പോയ ഒരു പണ സഞ്ചിയാക്കി തീർത്തിരിക്കുകയാണ് ജീവിതത്തെ.

എങ്കിലും അടുത്ത രാത്രി.........

അനുഭൂതികൾക്ക് വേണ്ടി ആശിച്ചില്ലെങ്കിലും അവിടെ പുതിയ പലതിന്റെയും ആരംഭമായിരിക്കുമെന്ന് മാത്രം ഓർത്തു.

ജീവിതത്തിൽ ഒരിക്കൽ മാത്രം കണ്ട ആ രൂപത്തിൽ ചിന്തകളെ പിടിച്ചു കെട്ടാനായില്ല. അവ പരിചയപ്പെട്ട പഴയതുകളെ മാത്രം തേടി അലയുകയായിരുന്നു.

"വേദനിക്കുന്ന കണ്ണുകളും വിതുമ്പുന്ന ചുണ്ടുകളും......" എന്നെ നിന്നിലേയ്ക്ക് അടുപ്പിച്ചതു തന്നെ അവയായിരുന്നു. വേദന പലപ്പോഴും നിന്നെ ഊമയാക്കുമ്പോൾ നീ പൊട്ടിത്തെറിക്കുമെന്ന് തോന്നിപോയിട്ടുണ്ട്. പക്ഷെ വിടർന്ന ആ കണ്ണുകൾ നനഞ്ഞു കണ്ടതായിട്ട് ഓർമ്മയില്ല.... വേദനകളുടെ ചുറ്റുപാടിൽ ജീവിതത്തിന്റെ അധിക ഭാഗവും ചിലവഴിച്ച് അവയെ മാത്രം പരിചരിച്ച് പരിചയപ്പെട്ട നിങ്ങളെ ഒരു പക്ഷെ അവ മരവിപ്പിച്ചു കാണും!. വേദനകളെ സ്വന്തം വേദനകൾകൊണ്ട് ഒപ്പിയെടുക്കുന്ന വെള്ള മാലാഖമാരാണ് നിങ്ങളെന്ന് അന്ന് ആദ്യമായി ഞാൻ വിശേഷിപ്പിച്ചപ്പോൾ മുഖസ്തുതി മതിയെന്നു പറഞ്ഞെങ്കിലും നിന്റെ കണ്ണുകളിൽ ചാരിതാർത്ഥ്യത്തിന്റെ ഒരു തിളക്കം ഞാൻ കണ്ടു. മസ്തിഷ്കത്തിലേക്ക് തുളച്ചു കയറുന്ന മരുന്നുകളുടെ രൂക്ഷമായ ഗന്ധം ഒരിക്കലും ഇഷ്ടപ്പെടാത്തതായിരുന്നു. എങ്കിലും എല്ലാം തളിർത്തതും പുഷ്പിച്ചതും വാടിയതും കരിഞ്ഞതും അവിടെവച്ചു തന്നെ ആയിരുന്നില്ലേ?

വിധി ചവച്ചു തുപ്പിയ ചുറ്റിലുമുള്ള ആത്മാക്കളെ ചൂണ്ടി "ബാഡ്" "സിരിയസ്സ്" "ഹോപ്പ്ഫുൾ" "ഹോപ്‌ലസ്സ്" എന്നിങ്ങനെയുള്ള ഓമനപേരുകളിൽ അവരെ പരിചയപ്പെടുത്തുമ്പോൾ അവരുടെ ക്ഷീണിച്ച കണ്ണുകളിൽ പ്രതീക്ഷകളുടെ തിളക്കങ്ങൾ മാത്രമേ മരിക്കാതെ കണ്ടിരുന്നുള്ളു. ജീവിതം പുതുക്കി പണിയുന്ന പണിപ്പുരയിൽ എനിക്കും നിനക്കും അവയെല്ലാം അന്ന് കാഴ്ച വസ്തുക്കൾ മാത്രമായിരുന്നില്ലേ?.

നീ സംസാരിച്ചിരിക്കാത്ത അവസരങ്ങളിൽ നിന്റെ വിടർന്ന കണ്ണുകൾ ശൂന്യതയിൽ ചിത്രം വരക്കുന്നേരം അതാണ് ഞാൻ മറ്റ് ഏതിനെക്കാളും കൂടുതൽ ഇഷ്ടപ്പെട്ടിരുന്നത്. വിരോധാഭാസങ്ങളായിരിക്കാം. നിന്റെ വേദനകൾ അന്ന് ഞാൻ അറിഞ്ഞിരുന്നത് എഴുത്തുകളിൽ കൂടെ മാത്രമായിരുന്നു. എന്റെ സാന്നിദ്ധ്യത്തിൽ എല്ലാം കീഴടക്കിയ വികാരമാണ് നിന്നിൽ ഞാൻ കണ്ടത്. കീഴ്ചുണ്ടിന്റെ ഒരു കോൺ കടിച്ച് ശിരസ്സു താഴ്ത്തി ദൃഷ്ടികൾ മേൽപ്പോട്ടുയർത്തി നീ നോക്കുമ്പോൾ ഞാൻ വെള്ളിത്തിരയിൽ പരിചയപ്പെട്ട ചില കഥാപാത്രങ്ങളെ ഓർത്തു പോയിട്ടുണ്ട്. എന്റെ രക്തം കൂടുതൽ തണുക്കുന്ന അവസരങ്ങളായിരുന്നു അവ. അന്ന് ആ തെറ്റുകളെന്ന് തോന്നിയവയെ തിരുത്താനായി ശ്രമിച്ച അവസ്ഥകളിലെല്ലാം എന്റെ പരീക്ഷണങ്ങൾ ഒന്നൊന്നായി പരാജയപ്പെടുകയായിരുന്നു. മനസ്സിലാക്കിയത് പക്ഷെ വളരെ താമസിച്ചായി പോയി!.

നിദ്ര മരവിച്ച മസ്തിഷ്ക്കത്തെ അഗാധതയിലേക്ക് വലിച്ചു കൊണ്ടു പോകുമ്പോൾ രാത്രികൾ നിന്നെ അണിയിച്ചൊരുക്കി മനസ്സിന്റെ മണിയറയിലേക്ക് കടത്തി വിടുക പതിവാണ്.

ഇന്നലേയും ......

ആകാശവും ഭൂമിയുമില്ലാത്ത അന്തരീക്ഷത്തിൽ

ഒരു പുകപോലെ ഞാൻ അലിഞ്ഞു ചേർന്നു. പ്രകാശത്തിന്റെ മുന്നിൽ കണ്ണടച്ചെന്നപോലെ വസ്തുക്കളും വർണ്ണങ്ങളുമില്ലാത്ത ശൂന്യത കൊണ്ട് പണിതീർത്ത പരന്നു കിടക്കുന്ന വിഹായസ്സ്. അവിടെ നിശബ്ദത ഘനീഭവിച്ച ഒരു സാന്ദ്രത മാത്രം.ശരീരത്തിൽ നിന്നും വിട്ടകന്ന മനസ്സ് സങ്കൽപ്പങ്ങളുമായി സല്ലപിക്കാൻ സഞ്ചരിക്കുകയാണ്.

ചക്രവാളാതിരുകളില്ലാതെ അനന്തമായിക്കിടക്കുന്ന ശൂന്യതയിൽ വെള്ള ഇഷ്ടികകൾകൊണ്ട് പണിതീർത്ത ഒരു ഹാൾ അടുത്ത് മറ്റ് അനേകം മുറികളും. മുഴുമിക്കാത്ത ഒരു ചിത്രത്തിന്റെ പ്രതീതി. മേൽക്കൂരയില്ലാത്ത തുറന്ന മുറികളിൽ ഒന്നിൽ ഞാൻ ഇരിക്കുന്നു.വിഹായസ്സിന്റെ ശൂന്യതയിൽ അനന്തതയുടെ ഉയരങ്ങളിൽ നിന്ന് ഒരു വെളുത്തപൊട്ട് ഓളം വെട്ടി കീഴോട്ട് ഇറങ്ങി വരുന്നു സംഗീതാത്മകമായി നിലാവിന്റെ വെള്ള നിഴൽ പോലെ. പൗഡറിന്റെ ബിസ്ക്കറ്റു വാസനയും കൊണ്ട് ഒരു ഇളംകാറ്റ് എന്നെ തഴുകി കടന്നുപോയപ്പോൾ നിന്റെ സാമീപ്യം ഞാൻ ഓർത്തു. വെളുത്തസാരി കാറ്റിൽ ഓളങ്ങളുണ്ടാക്കി. വിടർന്ന കണ്ണുകൾകൊണ്ട് പരിഭവം കുറിച്ച് നീ ഹാളിന്റെ ഒരു മൂലയിൽ നിൽക്കുന്നത് പെട്ടെന്ന് ദൃഷ്ടിയിൽ പെട്ടു. അന്തരീക്ഷം ചന്ദ്രികയുടെ നീലിമ കലർന്ന നിഗൂഢതയിൽ മുങ്ങി നിന്നു. നീ അടുത്തു വന്നെങ്കിലും ഏതോ ഒരു സത്യം രണ്ടു പേരേയും മൂകരാക്കി.

നിന്നെ അന്ന് ആ പരിസരത്തു വച്ചു കണ്ടതും ആയതിനൊരുക്കിയ സാഹചര്യങ്ങളും ഞാൻ ഓർത്തുപോയി. കണ്ടവയെല്ലാം യാഥാർത്ഥ്യങ്ങളുമായി കെട്ടുപിണഞ്ഞവയായിരുന്നു. ഓർമ്മകൾ ഒന്നൊന്നായി പതഞ്ഞു പൊങ്ങി. നിശബ്ദനിമിഷങ്ങൾക്ക് ഘനം കൂടി. പശ്ചാത്താപബോധം നിന്റെ മിഴികളെ നനക്കുന്നത് കണ്ടു. കലങ്ങിയ കണ്ണുകൾ വൈരാഗ്യത്തെ അലിയിച്ചു. നിയന്ത്രണത്തിന്റെ കണ്ണികൾ ഒന്നൊന്നായി തകർന്നു. അവിടെ പുതിയ ചിലതിന്റെ തുടക്കമായിരുന്നു. വളരെ നേരം പലതിനേയും കുറിച്ച് പതിവുപോലെ സംസാരിച്ചു. അന്തരീക്ഷത്തിൽ ഞാനും നീയും വെള്ള ഇഷ്ടികകൾ പതിച്ച ചുമരുകളും മാത്രം. ശൂന്യതയിൽ വരച്ച ചിത്രങ്ങൾപോലെ ഒന്നിനും പ്രതലങ്ങളും പശ്ചാത്തലങ്ങളുമില്ല. മേൽക്കൂരയില്ലാത്ത ഹാളിന്റെ മുകളിൽ കൂടെ രണ്ട് വെള്ള പക്ഷികൾ പറന്നു പോകുന്നതു കണ്ടു!

വടക്കു ഭാഗത്തെ പടികളിൽ കൂടെ കുറച്ചുപേർ എന്തെല്ലാമോ സംസാരിച്ചു നീങ്ങുന്നുണ്ടായിരുന്നു. നാളെ വരാമെന്നു പറഞ്ഞ നീ യാത്രയാകാൻ തുടങ്ങി. നീല നിലാവിന്റെ വെളിച്ചത്തിൽ വിടർന്ന ആ കണ്ണുകളിൽ രണ്ടു നീലതുള്ളികൾ കണ്ടതായി തോന്നി. പടികൾക്കപ്പുറത്ത് വളരെ ദൂരെയായി കോർട്ടേഴ്സ് എന്നു തോന്നിക്കുന്ന ഒരു കെട്ടിടം ദൃശ്യമായി. നീ അങ്ങോട്ടാണ് പോയത്.

വെള്ളിത്തിരയിൽ ഋതുക്കൾ മാറുന്നതുപോലെ പെട്ടെന്നാണ് അടുത്ത രാത്രി പ്രത്യക്ഷപ്പെട്ടത്. അന്തമില്ലാതെ മലർന്നു കിടക്കുന്ന ഒരു മൈതാനമദ്ധ്യത്തിലായിരുന്നു ഞാനപ്പോൾ. ചക്രവാളത്തിനപ്പുറത്തു നിന്നും ഒരു പൊട്ടുപോലെ പ്രത്യക്ഷപ്പെട്ട് അടുത്തു വന്നുകൊണ്ടിരിക്കുന്ന രൂപത്തെ പ്രതീക്ഷയോടെ കാത്തിരുന്നു. അടുത്തെത്തിയപ്പോൾ അത് കഴിഞ്ഞ രാത്രിയിൽ കണ്ട രൂപത്തോട് വളരെ സാമ്യം തോന്നി. സിദ്ധനാണെന്നു മനസ്സിലായി. ഒരു നിഴൽ എന്നെ കടന്നു നീങ്ങുന്നതു കണ്ടപ്പോൾ ഞാൻ മേൽപ്പോട്ടു നോക്കി. കഴിഞ്ഞ രാത്രിയിൽ കണ്ട അതേ വെള്ളപക്ഷികളിൽ ഒന്നു മാത്രം പടിഞ്ഞാറു നിന്നും കിഴക്കോട്ടു പാറിപോകുന്നു. അപ്പോൾ ഓർത്തുപോയി നാളെ രാത്രി കാണാമെന്നു പറഞ്ഞത്. തിരിഞ്ഞു നോക്കി സിദ്ധനെ കാണുന്നില്ല. എന്നെ നിസംഗതയോടെ പുച്ഛിച്ച ഒരു ഭാവം ആ മുഖത്തുണ്ടായിരുന്നു.

പരിസരം ശൂന്യമായിരുന്നു. വല്ലാതെ ദാഹിക്കുന്നതായി തോന്നി. ഒരു തണുത്ത സ്പർശനം കഴുത്തിന്റെ പിൻഭാഗത്ത് അനുഭവപ്പെട്ടപ്പോൾ തിരിയാൻ ശ്രമിക്കുന്നതിനു മുൻപേ കൈപ്പത്തി ചെന്നിടിച്ചത് ഉറച്ച ഒരു പ്രതലത്തിലായിരുന്നു. അങ്ങു ദൂരെ നിന്ന് ആരോ എന്നെ വിളിച്ചതായി തോന്നി. കണ്ണു തുറന്നപ്പോൾ ജാമ്പേടത്തി നിന്ന് ചിരിക്കുന്നതായാണ് കണ്ടത്.

"നേരം ആറായി ഇന്നെങ്കിലും ഇത്തിരി നേരത്തെ എണീറ്റൂടെ നിനക്ക്."..... ?

ഒന്നു മൂളുകമാത്രം ചെയ്തു. പരിസരബോധം വന്നപ്പോൾ ഇങ്ങനെ തോന്നി ഇന്നത്തെ രാത്രി യുടെ ജനനം സ്വപ്നങ്ങളേയും കൊണ്ടാ യിരിക്കില്ല അവിടെ സങ്കൽപങ്ങളുടെ കോട്ടകൾ പണിയാൻ ആവില്ല!

വളകിലുക്കങ്ങളിൽ നാണത്തിൽ പൊതിഞ്ഞ ഒരാളെ ഈ മുറിയിലേയ്ക്ക് തള്ളിവിടുന്നതുവരെയെ എന്റെ സ്വപ്നങ്ങളെ നിങ്ങൾക്കവിടെ സ്ഥാനമുള്ളു. അപ്പോൾ ഈ രാത്രി നീ വരില്ലായിരിക്കും. എങ്കിലും ശൂന്യ മായ രാത്രികളിൽ ഭാവനയുടെ മണിമഞ്ചലിൽ പനിനീർ വീശി സങ്കൽപ്പങ്ങളുടെ ചോലയിൽ സല്ലാപത്തിനായി എത്താറുള്ള സുന്ദര സ്വപ്നങ്ങളെ, നിങ്ങളെന്നും എന്നിൽ ജീവി ക്കുന്നു. നിങ്ങൾക്കു പശ്ചാത്തലങ്ങൾ ഒരുക്കാ റുള്ള രാത്രികൾ ഇനി വരില്ല്യേ?



മൃണാളിനി

# ഇനിയും ഈ ഭൂമിയിൽ ജനിക്കണം

എനിക്കിനിയുമീ ഭൂവിൽ ജനിക്കണം
ഭൂണപാത്രത്തിൽ നിന്നിറങ്ങി വന്നീ
ഭൂമി തൻ വെട്ടം കാണണം
കേൾക്കുന്ന കർണ്ണങ്ങൾക്കു കുളിർമ്മയേകി
ഉറക്കെയുറക്കെ കരയണം
കണ്ണുകൾ ചിമ്മിത്തുറന്ന്
പെറ്റമ്മയെ നോക്കിച്ചിരിക്കണം
അമ്മയെപ്പറ്റിപ്പിടിച്ചു കിടന്ന്
അമ്മിഞ്ഞപ്പാൽ നുണയണം
ഇനിയൊരു ജൻമത്തിനായിനിയുമീ
ഭൂമിയിൽ തന്നെ പിറക്കണം
അക്ഷരമെഴുതിപ്പഠിച്ചതും പിന്നെ
കൂട്ടരുമൊത്തു നടന്നതും
കാറ്റിൽ പറന്നെത്തും മാമ്പഴം
തിന്നുവാനോടിച്ചെന്നങ്ങെടുത്തതും
തൂശനിലയിൽ പിറന്നാളുണ്ണാൻ തഴപ്പായിൽ
അച്ഛനുമമ്മയുമൊത്തിരുന്നതും
ഒക്കവെ വീണ്ടുമറിയുവാനെനിക്കീ
ഭൂമിയിൽ വന്നു പിറക്കണം

ആദ്യപ്രണയത്തിൻ മധുരം മനസ്സിൽ
കുറിച്ചിടാൻ ആശിച്ചു നടന്നയീ നാൾകളും
പേറ്റുനോവനുഭവിച്ചിട്ടുമീ മക്കളെ
പോറ്റി വളർത്തിയ നാളുകളും
സ്നേഹം മുലപ്പാലായ് ചുരന്നപ്പോൾ
ആകാംക്ഷകൾ കൂടെ വന്നതും
ഒക്കവെ മധുരമാണാവർത്തനത്തിലും
സുഖദുഃഖങ്ങൾ അനുഭൂതി മധുരം മാത്രം
ജീവിതം മാധുര്യ നിമിഷം മാത്രം
അതിനാലെന്നീശ്വരാ നീയാണെൻ തുണ
അന്ത്യത്തിൽ കൂടെ നിന്നീടേണം
മറ്റൊരു ജൻമത്തിൻ പാതയിലേക്കെന്നെ
കൈപിടിച്ചാനയിച്ചിടിടേണം
ഇതു മാത്രമണെന്റെ ജൻമമോഹം
ഇതു മാത്രമാണെന്റെ മോക്ഷം
ഈ ജൻമത്തിനൊരു മറുജൻമത്തിനായ്
ഇനിയുമീ ഭൂവിൽ ജനിക്കണം
എനിക്കിനിയുമീ ഭൂവിൽ ജനിക്കണം

# ശ്രീമന്നാരായണീയ ദിനം - 2015

2015 ഡിസംബർ 14-ാം തീയതി (തിങ്കളാഴ്ച) ശ്രീമന്നാരായണീയ ദിനത്തിൽ എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ ടി.ഡി.എം. ഹാളിൽ രാജം. ആർ. മേനോന്റെ നേതൃത്വത്തിൽ രാവിലെ 7.30 മുതൽ സമ്പൂർണ്ണ നാരായണീയ പാരായണം നടത്തുന്നു.

ജനറൽ സെക്രട്ടറി

വാർധക്യമോടും ജരാനരയും പൂണ്ടു
ചീർത്ത മോഹേനമരിക്കുന്നിതു ചിലർ
നേത്രേന്ദ്രിയംകൊണ്ട് കണ്ടിരിക്കെ പുന
രോർത്തറിയുന്നീല മായ തൻ വൈഭവം.

(അദ്ധ്യാത്മ രാമായണം - തുഞ്ചത്ത് എഴുത്തച്ഛൻ)

# കരയോഗം ഗണപതിക്ഷേത്രത്തിൽ അഷ്ടദ്രവ്യമഹാഗണപതിഹോമം

കരയാഗസ്ഥാപകദിനത്തോടനുബന്ധിച്ച് നമ്മുടെ ഗണപതിക്ഷേത്രത്തിൽ ഡിസംബർമാസം 25 ാം തീയ്യതി അഷ്ടദ്രവ്യമഹാഗണപതിഹോമം ബ്രഹ്മശ്രീ പുലിയന്നൂർ ശശിനമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ നടത്തുന്നു. അന്നു രാവിലെ 5.30 ന് ആരംഭിക്കുന്ന ചടങ്ങുകളോടൊപ്പം സുദർശനഹോമം, നവകം പഞ്ചഗവ്യം എന്നിവയും, എറണാകുളം ശിവക്ഷേത്രത്തിൽ വിശേഷാൽ പൂജയും, ആയിരം കുടം അഭിഷേകവും നടത്തപ്പെടുന്നതാണ്.





# ജലദോഷം

ഡോ. സരിത രമേശ്

ജലദോഷം ഒരു രോഗമായി ആരും കണക്കാക്കാറില്ല. ഒരു തരം വൈറസാണ് ഇത് പരത്തുന്നത്.

ജലദോഷം പിടിപെട്ട ഒരാൾ തുമ്മുമ്പോൾ ചെറുതുള്ളികളിലൂടെയോ, അയാൾ ഉപയോഗിച്ച കർച്ചീഫ് തുടങ്ങിയ സാധനങ്ങളിലൂടെയോ ആണ് ഇത് ഒരാളിൽ നിന്നും മറ്റൊരാളിലേക്ക് പകരുന്നത്.

മൂക്ക്, തൊണ്ട മുതലായ ഭാഗങ്ങളിൽ ചൊറിച്ചിലും, മൂക്കിൽ കൂടിയുള്ള വെള്ളം ഒലിപ്പ് മൂക്കടപ്പ് ആകപ്പാടെയുള്ള അസഹ്യത, തുമ്മൽ തുടങ്ങിയവയാണ് ലക്ഷണങ്ങൾ. ചിലർക്ക് ഇതോടൊപ്പം ചെറിയ പനിയും ഉണ്ടാകും.

വൈറസ് മൂലം ഉണ്ടാകുന്ന ഒരു രോഗമാണ് ജലദോഷമെങ്കിലും ചിലപ്പോൾ ബാക്ടീരിയബാധയും സംഭവിക്കാം. അപ്പോൾ മൂക്കിൽ കൂടി പഴുപ്പ് ഉണ്ടാകും. കുട്ടികളിലാണ് ജലദോഷം കൂടുതലായി കണ്ടു വരുന്നത്. അമ്പത് അമ്പത്തിയഞ്ച് വയസ്സ് കഴിഞ്ഞവരിൽ ഈ രോഗം വിരളമായേ കാണാറുള്ളൂ. വർഷത്തിൽ ആറേഴ് തവണ ജലദോഷം ഉണ്ടായാൽ അതൊരു രോഗമായി കണക്കാക്കേണ്ടതില്ല.

**അട്രോഫിക് റൈനൈറ്റിസ്**

നീണ്ടു നിൽക്കുന്ന ഒരു രോഗമാണിത്. കേരളത്തിൽ ഇത് അപൂർവ്വമായേ കണ്ടുവരാറുള്ളൂവെങ്കിലും വടക്കേ ഇന്ത്യയിൽ സാധാരണമാണ്. മൂക്കിനകത്തുള്ള ചർമ്മം, എല്ലുകൾ മുതലായവ ദ്രവിച്ച് ഉണങ്ങുകയും പഴുപ്പ് ഉണ്ടാവുകയും ദുർഗന്ധം വമിക്കുകയും ചെയ്യും. ഈ രോഗത്തിന്റെ കാരണം ഇതുവരെ കണ്ടുപിടിച്ചിട്ടില്ല. പക്ഷേ ഇത്തരം രോഗികളുടെ മൂക്കിൽ നിന്നും ചില തരം രോഗാണുക്കളെ വേർതിരിച്ച് എടുത്തിട്ടുണ്ട്. ഈ രോഗം ബാധിച്ചവരുടെ മൂക്കിലെ ദ്വാരം വലുതാവുമെങ്കിലും മൂക്കടപ്പ് അനുഭവപ്പെടും. തൻമൂലം ശ്വാസോച്ഛ്വാസത്തിന് തടസ്സം നേരിടുന്നു.

**മൂക്കിലെ പോളിപ്പുകൾ**

ഇത് സാധാരണ കണ്ടുവരാറുള്ള ഒരസുഖമാണ്. മൂക്കിനകത്തുണ്ടാകുന്ന അലർജി മൂലവും, അണുബാധ മൂലവും രോഗം ഉണ്ടാകാം. ഈ രോഗത്തിൽ മൃദുലവും, ഇളം മഞ്ഞയും വെള്ളയും അല്ലെങ്കിൽ നീലയും കലർന്ന ഒരു തരം ദശ വളരുകയാണ് ചെയ്യുന്നത്.

ഇത് എത്മോയ്ഡ് സെല്ലുകളിൽ നിന്നോ സൈനസുകളിൽ നിന്നോ ഉത്ഭവിച്ച് മൂക്കിനകത്ത് വരാറുണ്ട്. സൈനസ്സുകളിൽ നിന്നും ഉണ്ടാകുന്ന ഇത്തരം ദശകൾ മൂക്കിലേക്കും തൊണ്ടയിലേക്കും വ്യാപിക്കാം.

മൂക്കടപ്പ്,ഘ്രാണശക്തി നഷ്ടപ്പെടുകയോ കുറയുകയോ ചെയ്യുക, മൂക്കിൽ നിന്നും വെള്ളവും രക്തവും വരിക, തുമ്മൽ, ശബ്ദത്തിന് വ്യത്യാസമുണ്ടാകുക, മൂക്ക് വികസിക്കുക ഇവയൊക്കെയാണ് ലക്ഷണങ്ങൾ. ഹോമിയോപ്പതിയിൽ ഈ അസുഖത്തിന് ചികിത്സ ലഭ്യമാണ്. ദശ വളർച്ച പൂർണ്ണമായി മാറ്റാവുന്നതുമാണ്.



വി.കെ.വേണുഗോപാൽ

# കേരളം അന്നും ഇന്നും

ഇന്ത്യക്കു സ്വാതന്ത്ര്യം കിട്ടുന്ന കാലത്ത് നമ്മുടെ നാട്ടിലെ ജനപ്പെരുപ്പം വളരെകൂടുതലായിരുന്നു. ഓരോ കുടുംബത്തിലും എട്ടും പത്തും അതിൽ കൂടുതലും അംഗങ്ങൾ ഉണ്ടായിരുന്നു. തൊഴിൽ സ്ഥാപനങ്ങൾ കുറവും തൊഴിലില്ലായ്മ രൂക്ഷവുമായിരുന്നു. ഗൃഹനാഥൻ ജോലിക്കു പോയി വരുമാനം കൊണ്ടുവരികയും ഗൃഹനാഥ കുട്ടികളെ വളർത്തുകയും വീട്ടു ജോലികൾ ചെയ്യുകയും ചെയ്തിരുന്നു. ഗൃഹനാഥന് ജോലിയിൽ നിന്നു കിട്ടുന്ന വരുമാനം കൊണ്ട് കുടുംബം പുലർത്തുന്നതിനും കുട്ടികളെ നല്ല രീതിയിൽ പഠിപ്പിക്കുന്നതിനും അവരുടെ വിവാഹം നടത്തുന്നതിനും തികയുമായിരുന്നില്ല.

കോട്ടൻ തുണിയുടെ വസ്ത്രങ്ങൾ ഉപയോഗിച്ചിരുന്ന ആ കാലത്ത് കീറിയ വസ്ത്രങ്ങളും കീറിപ്പോയതിനാൽ തുന്നിയ വസ്ത്രങ്ങളും പലരും ഉപയോഗിച്ചിരുന്നു. അന്ന് തുണികൾ കല്ലേൽ തല്ലി അലക്കിയിരുന്നു. പല വീടുകളുടെയും തറ ചാണകം മെഴുകിയതും ഭിത്തി വെട്ടുകല്ലുകളും കുമ്മായവും ഉപയോഗിച്ചു നിർമ്മിച്ചവയായിരുന്നു. അന്ന് ഓല മേഞ്ഞവീടുകളും കുളിക്കുന്നതിനും മറ്റും ഓല കൊണ്ടുള്ള മറപുരയും വീടിനു ചുറ്റുമുള്ള വേലിക്കെട്ടുമെല്ലാം എല്ലാക്കൊല്ലവും പുതിയ ഓലയും വാരിയും പത്തലുമുപയോഗിച്ച് പുതുക്കിക്കൊണ്ടിരുന്നു. തോടുകളും കുളങ്ങളും കാടുകളുമുള്ള വേലി പോലുമില്ലാത്ത പറമ്പുകളും അന്ന് ധാരാളമുണ്ടായിരുന്നു. അന്നു വീടുകളുടെ എണ്ണം വളരെ കുറവും വീടുകളിൽ താമസിച്ചിരുന്നവരുടെ എണ്ണം വളരെ കൂടുതലുമായിരുന്നു. മിക്കവരും നിലത്ത് പായോ കിടക്കയോ വിരിച്ച് കിടന്നുറങ്ങിയിരുന്നു. പലവീടുകളും ഓലമേഞ്ഞതായിരുന്നതിനാൽ മഴക്കാലത്ത് ചോരുമായിരുന്നു.

അന്ന് റോഡുകളും പാലങ്ങളും വളരെ കുറവായിരുന്നു. പല തോടുകളുടെയും കുറുകെ തെങ്ങിൻ തടികൊണ്ടുള്ള പാലങ്ങളായിരുന്നു. പ്രധാന റോഡുകളിൽ മാത്രമെ ടാർ ഇട്ടിരുന്നുള്ളൂ. വൈദ്യുതികരിച്ച വീടുകൾ തീരെ കുറവായിരുന്നതിനാൽ മിക്കവീടുകളിലും രാത്രിയിൽ വെളിച്ചത്തിന് മണ്ണെണ്ണ വിളക്കും, വെളിച്ചെണ്ണ വിളക്കുമാണ് ഉപയോഗിച്ചിരുന്നത്. ഇടറോഡുകളിൽ പലയിടത്തും മണ്ണെണ്ണ വിളക്കു പിടിപ്പിച്ച വിളക്കു കുറ്റികൾ ഉണ്ടായിരുന്നു. ചില സ്ഥലങ്ങളിൽ മനുഷ്യർ വലിച്ചിരുന്ന റിക്ഷവണ്ടികളും മറ്റു ചില സ്ഥലങ്ങളിൽ

കാളവലിച്ചിരുന്ന കാളവണ്ടികളും ഉണ്ടായിരുന്നു. തോട്ടിപ്പണിക്ക് അതിന്റേതായ ആളുകളും വാഹനങ്ങളും ഉണ്ടായിരുന്നു.

കൊതുകു പരത്തുന്നതിന്റെ ഫലമായിട്ട് ധാരാളം മന്ത് രോഗമുള്ളവർ ഉണ്ടായിരുന്നു. അതു മാറ്റിയെടുക്കാൻ പറ്റാത്ത രോഗവുമായിരുന്നു. വസൂരി പോലെയുള്ള രോഗങ്ങൾ തടയാൻ കഴിയാതിരുന്നതിനാൽ പലരും മരിക്കാനും കുറെ പേർ മുഖത്ത് വൈകല്യവുമായി ജീവിക്കാനും ഇടവന്നിട്ടുണ്ട്. അന്നു പോഷകാഹാരകുറവുകൊണ്ടുള്ള പല രോഗങ്ങളും ഉണ്ടാകുമായിരുന്നു.

മിക്ക വീടുകളിലും പശുക്കളെയും, ആടുകളെയും, പട്ടിയെയും,ം പൂച്ചയേയും, വളർത്തിയിരുന്ന തിനാൽ അവയുടെയെല്ലാം സ്നേഹം മനുഷ്യർക്ക് കിട്ടിയിരുന്നു. വിദ്യാലയങ്ങളും ഉന്നത വിദ്യാഭ്യാസം നേടിയവരും അന്നു കുറവാ യിരുന്നു. നെൽപാടങ്ങളും, കൊണ്ടൽ കൃഷിയും, തെങ്ങും, മാവും പ്ലാവും, അടക്കാമരവും, പുളിമരവും, പഞ്ഞിക്കാമരവും ഔഷധ ചെടികളും അന്ന് ധാരാള മുണ്ടായിരുന്നു.

കുട്ടികൾ പഠിക്കാൻ സ്കൂളിലേക്കു പോയിരുന്നതും പ്രായമായവർ ജോലിക്കു പോയിരുന്നതും ചൂടും, തണുപ്പും, വെയിലും, മഴയും സഹിച്ച് ഒരുപാട് ദൂരം നടന്നായിരുന്നു. അതായത് അന്ന് മനുഷ്യർ പ്രകൃതിയോടിണങ്ങി പരസ്പരം സഹായിച്ചും സഹകരിച്ചും സ്നേഹിച്ചും ജീവിച്ചിരുന്നു. അതിന്റെ ഫലമായി ഇന്നുള്ള പല രോഗങ്ങളും അന്നുണ്ടായിരുന്നില്ല.

എന്തെല്ലാം നൻമകൾ പഴയകാലത്തുണ്ടായിരുന്നെങ്കിലും പണത്തിന്റെ കുറവുമൂലമുള്ള കഷ്ടപ്പാടുകൾ വളരെ വലുതായിരുന്നു. അന്ന് സാമ്പത്തികമായ അസമത്വങ്ങൾക്കുപുറമെ ജാതിയുടെയും മതത്തിന്റെയും പേരിലുള്ള അസമത്വങ്ങളും വളരെ വലുതായിരുന്നു. ഇതെല്ലാം ഇന്ന് ഓർമ്മകൾ മാത്രമായിരിക്കുന്നു.

ലോകത്തിലെ പല രാജ്യങ്ങളും വിദേശികളുടെ ഭരണം അവസാനിപ്പിക്കുന്നതിനായി നിരന്തരമായ സായുധ യുദ്ധം നടത്തി സ്വാതന്ത്ര്യം നേടിയെടുത്തപ്പോൾ നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയും അദ്ദേഹത്തിന്റെ പ്രഗത്ഭരായ സഹപ്രവർത്തകരും സമാധാനപരമായി ഭാരതത്തെ സ്വാതന്ത്ര്യത്തിലേക്കു നയിക്കുകയും അതിനുശേഷം അനവധിനാട്ടു രാജ്യങ്ങളെ യോജിപ്പിച്ച് ഭാരതം എന്ന ജനാധിപത്യ രാഷ്ട്രം സ്ഥാപിക്കുകയും ചെയ്തു.

സ്വാതന്ത്ര്യത്തിന്റെയും ജനായത്ത ഭരണത്തിന്റെയും ഫലമായി ലോകത്തെല്ലായിടത്തും വന്ന മാറ്റം പോലെ നമ്മുടെ കൊച്ചു കേരളത്തിലും ഒരുപാട് മാറ്റങ്ങൾ വന്നു. ഇന്നും ഈ നാട്ടിൽ പാവപ്പെട്ടവർ ഉണ്ടെങ്കിലും വലിയ ഒരു ജനവിഭാഗം ഉയർന്ന സാമ്പത്തിക ശേഷിയുള്ളവരാണ്. ശാരീരികമോ, മാനസികമോ ആയ വൈകല്ല്യം പലരെയും സാമ്പത്തികമായി പിന്നിലാക്കുന്നുണ്ട്. ഒരു പക്ഷെ പണം കൂടുതലായതിന്റെ ഫലമായി മനുഷ്യൻ പ്രകൃതിയിൽ നിന്ന് അകന്ന് ഭൗതീക വസ്തുക്കളെ കൂടുതൽ ആശ്രയിക്കാനും സ്നേഹിക്കാനും തുടങ്ങിയിരിക്കുന്നു. ഇന്ന് ഫ്രിഡ്ജും, വാഷിങ് മെഷിനും, ഇലക്ട്രിക് തേപ്പുപെട്ടിയും, ടി.വിയും, കമ്പ്യൂട്ടറും, മൊബൈയിൽ ഫോണും, വാട്ടർ പമ്പുകളും, വിലകൂടിയ കാറുകളും, ബൈക്കുകളുമെല്ലാം

മിക്കവീടുകളിലും സുലഭമാണ്. പണ്ടത്തെക്കാൾ സുഖസൗകര്യങ്ങൾ ഒരുപാട് വർദ്ധിച്ചെങ്കിലും മനുഷ്യനും മനുഷ്യനും തമ്മിലുള്ള മാനസികമായ അടുപ്പവും സ്നേഹവും സഹകരണവും തീരെ കുറഞ്ഞു കൊണ്ടിരിക്കുന്നു. പണ്ട് മനുഷ്യരിൽ നിന്നു കിട്ടിയിരുന്ന സുഖ സൗകര്യങ്ങളെല്ലാം ഇന്ന് ഭൗതിക വസ്തുക്കളിൽ നിന്ന് കിട്ടിക്കൊണ്ടിരിക്കുന്നു. പണ്ട് ഒരു കലാകാരനിൽ നിന്നും നേരിട്ടു മാത്രമേ കല ആസ്വദിക്കാൻ പറ്റുമായിരുന്നുള്ളൂ. ഇന്ന് ദൃശ്യമാധ്യമങ്ങളിൽ കൂടിയും മറ്റും ഏതു കലയും ഇരിക്കുന്നിടത്തു ഇരുന്ന് ആസ്വദിക്കാം എന്ന സ്ഥിതിയാണ്. ഇന്ന് പഠിക്കുവാൻ പോകുന്ന കുട്ടികളും ജോലിക്കു പോകുന്ന മാതാപിതാക്കളും ഒട്ടും വെയിലും മഴയും

കൊള്ളാതെ ചൂടും തണുപ്പും ഏൽക്കാതെയും വിദ്യാലയത്തിലേക്കും ജോലി സ്ഥലത്തേക്കും വിദ്യാലയത്തിന്റെ വാഹനത്തിലോ സ്വന്തം വാഹനത്തിലോ വർഷങ്ങളോളം പോയി വരുന്നു. മിക്കവരുടെയും വീടുകൾ ഒന്നിൽ കൂടുതൽ നിലകളുള്ള സുന്ദരമായ ടൈയിൽസിട്ട മാളികകളാണ്. വീടിന് ചുറ്റും മുറ്റത്ത് ടൈയിൽസും അതിനു ചുറ്റും സുരക്ഷിതമായ മതിൽക്കെട്ടുമാണ്. ഒരുപാട് ആളുകൾ ഒരുപാട് നിലകളുള്ള ഫ്ളാറ്റുകളിലും താമസിക്കുന്നു. ധാരാളം ആളുകൾ വിദേശ രാജ്യങ്ങളിൽ പോയി വലിയ വരുമാനമുള്ള നല്ല ജോലികൾ ചെയ്തു വലിയ തുക നാട്ടിലേക്കയ്ക്കുന്നു.

ജീവിത രീതിയിൽ വന്ന മാറ്റത്തിന്റെ ഫലമായി ഉണ്ടാകുന്ന രോഗങ്ങളെ കൈകാര്യം ചെയ്യുന്നതിനായി നവീനരീതിയിലുള്ള ധാരാളം ആശുപത്രികൾ വികസിച്ചു കൊണ്ടിരിക്കുന്നു. വിദ്യാഭ്യാസവും ആശുപത്രി ചെലവുകളും വളരെ ഭാരിച്ചതായിക്കൊണ്ടിരിക്കുന്നു. ധാരാളം റോഡുകൾ ഉണ്ടെങ്കിലും വാഹനപ്പെരുപ്പം മൂലം യാത്ര ദുസ്സഹമായിരിക്കുന്നു. സ്വന്തം വാഹനത്തിൽ യാത്ര ചെയ്യുന്നവരുടെ എണ്ണം വർദ്ധിക്കുകയും കാൽനടക്കാരുടെ എണ്ണം കുറയുകയും ചെയ്തിരിക്കുന്നു.

ഡ്രൈവർ ക്ഷീണിച്ചിരിക്കുമ്പോൾ വാഹനം ഓടിക്കുന്നതു മൂലവും, ഡ്രൈവർ വേണ്ടതുപോലെ ഉറങ്ങാതെ വാഹനം ഓടിക്കുന്നതു മൂലവും, സംസാരിച്ചു കൊണ്ടു വാഹനം ഓടിക്കുന്നതു മൂലവും, ഡ്രൈവറുടെ അശ്രദ്ധ മൂലവും മറ്റും ധാരാളം അപകടങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അതുപോലെ തന്നെ ഉല്ലാസ യാത്രയ്ക്കു പോകുന്നവർ പരിചയമില്ലാത്ത സ്ഥല ങ്ങളിൽ വെള്ളത്തിൽ കുളിക്കാനിറങ്ങുന്നതു മൂലവും ധാരാളം അപകടങ്ങൾ ഉണ്ടാകുന്നു. മോഹങ്ങൾ അമിതമാകാതിരുന്നാൽ മാത്രമേ വികസനത്തിന്റെ നൻമകൾ ആസ്വദിക്കാൻ സാധിക്കൂ.

മാതാപിതാക്കൾ കുട്ടികളെ സകല കഴിവും സകല സാമ്പത്തികശേഷിയും ഉപയോഗിച്ച് ഉന്നതസ്ഥാനങ്ങളിലെത്തിക്കുന്നു. ഉന്നത സ്ഥാനങ്ങളിലെ ത്തുന്ന പല മക്കളും ജീവിത മൂല്യങ്ങളുടെ അഭാവം മൂലം പല മാതാപിതാക്കളെയും ഉപേക്ഷിക്കുന്നു. അതിന്റെ ഫലമായി വൃദ്ധജനങ്ങൾ മാത്രമുള്ള വീടുകളും വൃദ്ധജനങ്ങളെ താമസിപ്പിക്കാൻ വേണ്ട വൃദ്ധമന്ദിരങ്ങളും വർദ്ധിച്ചു കൊണ്ടിരിക്കുന്നു. അതായത് നമ്മുടെ വിദ്യാഭ്യാസം മൂല്യാധിഷ്ഠിതമാകേണ്ട സമയം അതിക്രമിച്ചു കൊണ്ടിരിക്കുന്നു. ഇനിയും സാമ്പത്തികമായി നമ്മുടെ നാട് പുരോഗമിച്ചു കൊണ്ടേയിരിക്കുന്നു. ശുദ്ധവായു ശ്വസിക്കുകയും ശുദ്ധജലം കുടിക്കുകയും എല്ലാ ദിവസവും കുറെ സമയം ശരീരം കൊണ്ടുള്ള ജോലി ചെയ്യുകയും മനസ്സ് പവിത്രമായി സൂക്ഷിക്കുകയും പച്ചക്കറി ധാരാളം കഴിക്കുകയും ചെയ്യുന്ന ഒരാൾക്ക് ചെറുതും വലുതുമായ ഒരു രോഗവും വരാനുള്ള ഒരു സാദ്ധ്യതയുമില്ല. വ്യായാമത്തിന് ഏറ്റവും നല്ലത് വീട്ടുജോലികളും വീടിന് പരിസരത്തുള്ള കൃഷിപ്പണിയുമാണ്. നമ്മുടെ ജീവിതത്തിന്റെ ലക്ഷ്യം സന്തോഷമായിരിക്കണം. അതിനു വേണ്ടി കാത്തിരിക്കേണ്ട ആവശ്യമില്ല.


## തിരുവാതിര ആഘോഷം 2015

**എറണാകുളം കരയോഗത്തിൻെറ ആഭിമുഖ്യത്തിൽ സ്ത്രീ സമാജത്തിൻെറ സഹകരണത്തോടെ ടി.ഡി.എം. ഹാളിൽ തിരുവാതിര ആഘോഷം ഡിസംബർ 25 ാം തീയതി രാത്രി 8.30 മുതൽ ഉണ്ടായിരിക്കുന്നതാണ്.**

**ഏവർക്കും സ്വാഗതം**

# കൊച്ചിയുടെ ചരിത്രം

**എം. ശ്രീവല്ലഭൻ നായർ**

ഒരു പ്രദേശത്തിന്റെ ചരിത്രത്തെപറ്റി അറിയാൻ ശ്രമിക്കുമ്പോൾ ആ പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പ്, കാലാവസ്ഥ, ജനങ്ങൾ അനുവർത്തിച്ചു പോന്ന ജീവിതരീതി, അവിടുത്തെ ജനങ്ങളുടെ പാരമ്പര്യം, സാംസ്ക്കാരിക നിലവാരം തുടങ്ങി ഒട്ടേറെ വസ്തുതകൾ നാം അറിയേണ്ടതായിട്ടുണ്ട്. ലോകത്തിലെ മിക്ക വലിയ നഗരങ്ങളും സ്ഥിതി ചെയ്യുന്നത് തുറമുഖങ്ങളോട് ചേർന്നാണ്. വാണിജ്യപരമായ സൗകര്യം തന്നെയാണ് അതിനുള്ള പ്രധാനകാരണവും. അറബിക്കട ലിന്റെ റാണി എന്നറിയപ്പെടുന്ന നമ്മുടെ കൊച്ചിയുടെ കഥയും ഇതിൽ നിന്ന് വ്യത്യസ്ഥമല്ല.

നമ്മുടെ ഈ നഗരത്തിന് കൊച്ചി എന്നുള്ള പേരു ലഭിച്ചതിനെപ്പറ്റി ഭിന്ന അഭിപ്രായങ്ങളാണ് നിലനില്ക്കുന്നത്. ഇതിനെല്ലാം ഉപോത്ബലകമായി പല ഐതീഹങ്ങളും പറഞ്ഞ് കേൾക്കുന്നുമുണ്ട്. കാസി (KACI) എന്ന തമിഴ് വാക്കിൽ നിന്നുമാണ് കൊച്ചി എന്ന പേര് രൂപന്തരപ്പെട്ടത് എന്ന് ഒരു അഭിപ്രായം നിലനില്ക്കുന്നുണ്ട്. കാസി (KACI) എന്ന തമിഴ് വാക്കിന്റെ അർത്ഥം തുറമുഖം എന്നായതുകൊണ്ടാണ് ഇങ്ങനെ ഒരു അഭിപ്രായം ഉണ്ടായത്. 14 ാം നൂറ്റാണ്ടിൽ ഇവിടെ എത്തിയ ചൈനീസ് യാത്രികർ ഈ നാട് കണ്ടിട്ട് Co- China (Like China) ചൈനയപ്പോലെ എന്ന് വിളിച്ചുവെന്നും അത് കൊച്ചിയായി രൂപാന്തരപ്പെട്ടുവെന്നും മറ്റൊരഭിപ്രായവുമുണ്ട്. അന്ന് ഇവിടെ എത്തിയ ചൈനാക്കാരാണ് ചീനവലകൾ സ്ഥാപിച്ചത് എന്നും പറയപ്പെടുന്നുണ്ട്. ഏറ്റവും പ്രബലമായ മറ്റൊരഭിപ്രായം കൊച്ചാഴി എന്ന വാക്ക് ലോപിച്ച് കൊച്ചി ആയതാണെന്നാണ്. കൊച്ചാഴി എന്ന വാക്ക് ലോപിച്ച് കൊച്ചി ആയതാകാനാണ് കൂടുതൽ സാദ്ധ്യത. കൊച്ചി ദേശത്ത് മലയാളഭാഷയെ മാറ്റി നിർത്തി ക്കൊണ്ട് തമിഴിന്റെ കടന്നുകയറ്റമോ, ആധിപ ത്യമോ ഉണ്ടായതായി അറിവില്ലല്ലോ? അപ്പോൾ തമിഴ് ഭാഷയിലെ വാക്ക് ഈ പ്രദേശത്തിന്റെ പേരായി എന്നനുമാനിക്കുക ഉചിതമല്ലല്ലോ? എന്നാൽ കൊച്ചാഴി എന്ന പദം ലോപിച്ച് കൊച്ചി ആയതാകാനുള്ള സാധ്യതകൾ ഏറെയുണ്ട് താനും.

BC-400 ാം മാണ്ടിൽ ഇന്ത്യ സന്ദർശിച്ച മെഗസ്തനീസ് തൃപ്പൂണിത്തുറ വരെ കടലായിരുന്നു എന്നാണ് രേഖപ്പെ ടുത്തിയിട്ടു ള്ളത്. തുറ എന്നതു കരയും ജലവും കൂടി സമ്മേളിക്കുന്ന, വള്ളം, കപ്പൽ ആദിയായവ അടുപ്പിക്കുന്ന സ്ഥലത്തെയാണല്ലോ പറയുന്നത്. അതുപോലെ പൂണൽ എന്നാൽ നദി, ജലം തുടങ്ങിയ അർത്ഥങ്ങളുള്ള വാക്കുമാണല്ലോ? അപ്പോൾ മെഗസ്തനീസിന്റെ യാത്രാരേഖകളിൽ പറയുന്നതുപോലെ തൃപ്പൂണിത്തുറ വരെ കടലായിരുന്നുവെന്ന് അനുമാനിക്കുന്നതിൽ തെറ്റില്ല. അതുപോലെ കടലിറങ്ങിയപ്പോൾ ഉണ്ടായ തുറ കടവൻതുറ കാലാന്തരത്തിൽ കടവന്തറയായി. ആകെ കൂടി ഒരു വശത്ത് തൃപ്പൂണിത്തുറ വരെയും മറുവശത്ത് ഇടപ്പള്ളി വരെയും കടലായിരു ന്നിരിക്കാം. കടൽത്തീരം മുതൽ തൃപ്പൂണിത്തുറ വരെയും ഇടപ്പള്ളി വരെയും ഉള്ള സ്ഥലങ്ങൾ കുഴിക്കുമ്പോൾ കക്കയും മറ്റ് കടൽ ജീവികളുടെ ശാരീരികാവശിഷ്ടങ്ങളും ഇന്നും ധാരാളമായി ലഭിക്കുന്നുണ്ട്. അപ്പോൾ കടലിറങ്ങിയാണ് ഈ പ്രദേശം കരയായി രൂപപ്പെട്ടത് എന്നത് ശരിയായിരിക്കും. ഇടപ്പള്ളിയും തൃപ്പൂണിത്തുറയും കഴിഞ്ഞാൽ പിന്നെ മണ്ണിന്റെ നിറത്തിലും ,സ്വഭാവത്തിലും സാരമായ മാറ്റവും കാണാൻ കഴിയും. അപ്പോൾ

ഇന്ന് നമ്മുടെ കരയോഗം സ്ഥിതിചെയ്യുന്ന എറണാകുളം കടലിന്റെ ഗർഭഗ്രഹത്തിൽ സുഷുപ്തിയിലാണ്ടു കിടന്നിരുന്ന പ്രദേശമാണെന്ന് വ്യക്തം. ഇതിനപ്പുറം കടലിന്റെ പലയിടങ്ങളിലുമായി ഒറ്റപ്പെട്ട് കിടന്ന പല ചെറുദ്വീപുകളും ഉണ്ടായിരുന്നു. വിട്ടത്തുരുത്തി എന്ന് പണ്ട് അറിയപ്പെട്ടിരുന്ന വെണ്ടുരുത്തിയും, പൊന്നക്കര എന്ന പോഞ്ഞിക്കരയും, മാടൻചേരി (മാടുകളെ മേയ്ക്കുന്ന സ്ഥലം) എന്ന മട്ടാഞ്ചേരിയും എല്ലാം അവയിൽ ചിലതാണ്.

ഇനി ആധുനിക കൊച്ചിയുടെ ഉത്ഭവവും വളർച്ചയും. എ.ഡി. 1341 ൽ ഉണ്ടായ അത്യുഗ്രമായ മഹാപ്രളയം കൊച്ചിക്ക് അനുഗ്രഹമായി മാറിയപ്പോൾ അന്നുവരെ അറിയപ്പെട്ടിരുന്ന തുറമുഖവും , സാംസ്കാരിക കേന്ദ്രവും, വഞ്ചി സർവ്വകലാശാല പോലെയുള്ള വിദ്യാപീഠങ്ങൾ നിലനിന്നിരുന്നതുമായ കൊടുങ്ങല്ലൂരിന്റെ അധഃപതനവും ആണ് സംഭവിച്ചത്. അന്നുവരെ തെക്കൻ ദേശങ്ങളിലെ അറിയപ്പെട്ടിരുന്ന വാണിജ്യകേന്ദ്രമായ കൊടുങ്ങല്ലൂർ തുറമുഖം പ്രളയത്തിന്റെ ഫലമായി എക്കലും ചെളിയും മണ്ണും കയറി പരിപൂർണ്ണമായി അടയ്ക്കപ്പെട്ടു. അതേ സമയം ആ പ്രളയത്തിനിടയിൽ പെരിയാറിലുണ്ടായ അതിശക്തമായ ഒരു Diversion അവിടെ ഉണ്ടായിരുന്ന മണൽത്തിട്ടകളെയെല്ലാം വിഴുങ്ങുകയും അതുവഴി ഒരു വലിയ തോട് /ചാല് രൂപപ്പെടുകയും ചെയ്തു. പ്രളയം അവസാനിച്ചപ്പോഴേയ്ക്കും അതൊരു വലിയ ചാലായി മാറിക്കഴിഞ്ഞിരുന്നു. പുതുയതായി രൂപപ്പെട്ടതും ആഴിയോട് ചേർന്നു കിടക്കുന്നതുമായ ഈ കനാലിനെയാണ് കൊച്ചാഴി എന്ന് നമ്മുടെ പൂർവ്വികർ വിളിച്ചത്. പെരിയാറിലൂടെ ഒഴുകി വന്ന എക്കലും, ചെളിയും ഒപ്പം ഇടിച്ച് നിരത്തപ്പെട്ട തിട്ടകളിലെ മണ്ണും എല്ലാം നേരെ എതിർവശത്ത് നിക്ഷേപിക്കപ്പെട്ടു. അങ്ങനെ പ്രകൃതിയാൽ തന്നെ നിർമ്മിക്കപ്പെട്ട (deposit)ആ സ്ഥലത്തെ വെയ്ക്കപ്പെട്ട ദീപ് അഥവാ വൈപ്പിൻ എന്നും അറിയപ്പെട്ടു. അങ്ങനെ 14 ാം നൂറ്റാണ്ടിൽ പ്രകൃതി നിർവ്വഹിച്ച സൃഷ്ടി സംഹാരങ്ങളുടെ നിത്യസ്മാരകങ്ങളാണ് ഇന്ന് നാം കാണുന്ന അഴിമുഖവും വൈപ്പിൻ ദ്വീപുമെല്ലാം. ഇവിടെ നിന്ന് കൊച്ചാഴിയുടെ അതായത് കൊച്ചിയുടെ ഉയർത്തെഴുന്നേൽപ്പ് തുടങ്ങുകയായി.

ഈ പ്രളയത്തോടുകൂടി പ്രകൃതി ചെയ്ത സംഹാരത്തിന്റെ ഫലമായി കൊടുങ്ങല്ലൂർ തുറമുഖം അടഞ്ഞ് പോയപ്പോൾ വാണിജ്യാവശ്യങ്ങൾക്കായി വിദേശികൾ കോഴിക്കോടിനെ മാത്രം ആശ്രയിക്കേണ്ട അവസ്ഥ വന്നു. അന്നും കൊച്ചിയിൽ നിന്നുമുള്ള സാധനങ്ങളെല്ലാം കോഴിക്കോടെത്തിച്ചായിരുന്നു വില്പന നടത്തിയിരുന്നത്. അങ്ങനെയിരിക്കെ 1500-ാം മാണ്ടോടടുത്ത് Cabral എന്ന പോർട്ടുഗീസുകാരൻ കോഴിക്കോട്ട് സ്ഥിരമായി ഒരു വ്യാപാര കേന്ദ്രം തുടങ്ങുന്നതിനെപ്പറ്റി ആലോചിക്കുന്നതിനായി സാമൂതിരിയുടെ അടുത്ത് എത്തി. 300 മുതൽ 400 ടൺ വരെ കേവുഭാരമുള്ള അനേകം കപ്പലുകളുമായിട്ടായിരുന്നു അദ്ദേഹം എത്തിയിരുന്നത്. ഈ സമയത്ത് കൊച്ചി രാജ്യത്തു നിന്നും കോഴിക്കോട്ടെത്തിയിരുന്ന 600 ടൺ കേവുഭാരമുള്ള കപ്പൽ കണ്ട ആ വൈദേശികന് കൊച്ചിയിൽ ഇത്രയും വലിയ കപ്പലുകൾ അടുക്കാൻ പറ്റിയ തുറമുഖമുണ്ടെന്ന് മനസ്സിലാക്കി സാമൂതിരിയുമായുള്ള ഇടപാടുകൾ അവസാനിപ്പിച്ച് കൊച്ചിയിലെത്തി. ഇവിടെ വൈപ്പിൻ ദ്വീപിനും കൊച്ചിക്കുമിടയിൽ ഗതാഗതയോഗ്യമായ ഒരു തോടുണ്ടെന്ന് ബോധ്യപ്പെട്ട് ഇതുവഴി തന്റെ ഗതാഗതം ആരംഭിക്കുവാൻ തീരുമാനിച്ചു. അങ്ങനെ കൊച്ചി തുറമുഖത്തു നിന്നും വിദേശങ്ങളുമായി കപ്പൽ ഗതാഗതബന്ധത്തിന് തുടക്കം കുറിച്ചു. വിദേശകപ്പലുകൾ എത്തി തുടങ്ങിയതോടുകൂടി കൊച്ചി രാജാവിന്റെയും നല്ലകാലം ആരംഭിച്ചു. അതുവരെ നിത്യവൃത്തിക്ക് പോലും വകയില്ലാതിരുന്ന കൊച്ചി രാജവംശം തുറമുഖ വരുമാനത്തിലൂടെ ഐശ്വര്യസമൃദ്ധിയിലേക്ക് ഉയർന്നു,സാധന സാമഗ്രികളുടെ ക്രയവിക്രയങ്ങളിലൂടെ നാടും സാമ്പത്തീക വളർച്ച കൈവരിച്ചു.

മഹോദയപുരം തലസ്ഥാനമാക്കി ഭരിച്ചിരുന്ന ചേരവംശത്തിലെ അവസാനത്തെ പെരുമാളായിരുന്നു രാമവർമ്മ കുലശേഖര പെരുമാൾ തന്റെ സഹോദരിയെ വിവാഹം ചെയ്തയച്ചത് പൊന്നാനായിലെ പെരുമ്പടപ്പ് ഇല്ലത്തിലെ നമ്പൂതിരിക്കായിരുന്നു. രാമവർമ്മ കുലശേഖര പെരുമാൾ തന്റെ അവസാന കാലത്ത് രാജ്യത്തെ മക്കൾക്കും അനന്തിര

വനുമായി വീതം വെച്ചു. മക്കൾക്ക് കൊടുത്ത ഭാഗം വേണാട് സ്വരൂപമെന്നും അനന്തരവന് കൊടുത്ത ഭാഗം പെരുമ്പടപ്പ് സ്വരൂപമെന്നും നാമകരണം ചെയ്തു. ആ പെരുമ്പടപ്പു സ്വരൂപമാണ് കൊച്ചി രാജവംശം.

കൊച്ചിയുടെ ഉയർച്ചയിലും വളർച്ചയിലും അസൂയപൂണ്ട സാമൂതിരി കൊച്ചിയെ ആക്രമിച്ച് കീഴ്പെടുത്തുവാനുള്ള ശ്രമമാരംഭിച്ചു. 1503 മാണ്ട് സാമൂതിരി കൊച്ചിയെ ആക്രമിച്ചു. സാമൂതിരി അന്ന് ആരംഭിച്ച യുദ്ധം 1762 വരെ നീണ്ടു നിന്നു .ഒരു പക്ഷേ ലോകം കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും കൂടുതൽ കാലം നീണ്ടു നിന്ന യുദ്ധങ്ങളിലൊന്ന് ഇതു തന്നെ ആയിരിക്കാം. 259 വർഷം. വെണ്ടുരുത്തി, കുമ്പളം, മട്ടാഞ്ചേരി, എറണാകുളം വടുതല തുടങ്ങിയ എല്ലാ പ്രദേശങ്ങളും യുദ്ധക്കള ങ്ങളായി മാറുകയായിരുന്നു. സാമൂതിരിയുടെ ആദ്യ ആക്രമണം തന്നെ 50000 അംഗങ്ങളുള്ള സൈന്യവുമായി യാതൊരു മുന്നറിയിപ്പുമില്ലാ തെ പെട്ടന്ന് കൊച്ചി പിടിച്ചടക്കാനെത്തിയ തായിരുന്നു. കൊച്ചി രാജാവ് പ്രതിരോധത്തിൽ ഊന്നി പ്രത്യാക്രമണം നടത്തി പെരുമ്പടപ്പ് സ്വരൂപത്തിലെ മൂന്ന് രാജകുമാരൻമാരുടെ നേതൃത്വത്തിലായിരുന്നു കൊച്ചി യുദ്ധത്തിനിറ ങ്ങിയത്. സാമൂതിരി സൈന്യവും കൊച്ചിയിലെ നായർ പടയും തമ്മിൽ ഘോരയു ദ്ധമാണുണ്ടാ യത്. വടുതലയായിരുന്നു പ്രധാന യുദ്ധകേന്ദ്രം. അന്ന് രണ്ട് ഭാഗത്തുനിന്നുമായി പതിനായി രക്കണക്കിന് നായർ യോദ്ധാക്ക ളാണ് വെട്ടും, കുത്തുമേറ്റും ശിരസ്സറ്റും, വെള്ളത്തിൽ മുങ്ങിയും മരണപ്പെട്ടത്. ഇന്നും വടുതല കായലിനടിയിലുള്ള മണൽത്ത രികൾക്ക് നാടിനുവേണ്ടി ഹോമിക്കപ്പെട്ട ഈ നായർ യുവാക്കളുടെ രക്തത്തിന്റെ ചുവപ്പുനിറ മുണ്ടാകുമെന്നാണ് ചരിത്രസാക്ഷ്യം. കൊച്ചി യുടെ മാത്രമല്ല പല നാട്ടുരാജ്യങ്ങളായിരുന്ന നമ്മുടെ നാടിന്റെ ഓരോ തരി മണ്ണും കാത്തു സൂക്ഷിക്കുവാൻ വേണ്ടി ജീവൻ ബലിയർപ്പിച്ച ലക്ഷോപലക്ഷം ധീരദേശാഭിമാനികളുടെ -നായർ പടയാളികളുടെ ചുടു രക്തം കൊണ്ട് കുതിർന്നതാണ് ഈ മണ്ണ് . പക്ഷേ ഇന്നതോർക്കുവാനോ പറയുവാനോ ആരുമില്ല. അവരുടെ പിൻമുറക്കാരെ മാത്രം എല്ലാവിധ അവകാശാനുകൂല്യങ്ങളിൽ നിന്നും മാറ്റി നിർത്തപ്പെട്ടിരിക്കുന്നു. സ്വാഭിമാനവും ദേശസ്നേഹവും കുറ്റമാണോ? ഇന്ന് അങ്ങനെ യായിരിക്കാം? അതാണല്ലോ നമ്മോടുള്ള അവഗണനയ്ക്ക് കാരണം. സംഭവവശാൽ പറഞ്ഞു എന്നേയുള്ളൂ. പെരുമ്പടപ്പ് സ്വരൂപത്തിലെ മൂന്ന് രാജാക്കൻമാരും കൊല്ലപ്പെട്ടു. കൊച്ചിരാജാവ് രക്ഷപ്പെട്ട് എടവനക്കാട് അമ്പലത്തിൽ അഭയം തേടി. അപ്പോഴേയ്ക്കും അൽഫോൺസാ അൽബു ക്കർക്ക് എത്തി. ചീറിപായുന്ന വെടിയുണ്ടകൾ വർഷിക്കുവാൻ കഴിവുള്ള പീരങ്കികൾ ഘടിപ്പിച്ച ആറ് യുദ്ധക്കപ്പലുകളുമായി അദ്ദേഹം യുദ്ധരംഗത്തെത്തി. സാമൂതിരി പട പിൻതിരിഞ്ഞ് ഓടേണ്ടി വന്നു. പിന്നീട് പോർച്ചുഗീസുകാരിൽ നിന്നും ഡച്ചുകാർ കൊച്ചി പിടിച്ചെടുത്തു. പറങ്കികളുടെ ദുർഭരണത്തിൽ രോഷം പൂണ്ടിരുന്ന പാലിയത്തച്ഛനും ഇളമുറത്തമ്പുരാക്കൻമാരും, സാമൂതിരിയും ഡച്ചുകാരെ സഹായിച്ചു. ഡച്ചുകാർ കൊച്ചി പിടിച്ചെടുത്തു. രാജാവിന് വെറും സാമന്തപദവിയുമായി. ഭരണകാര്യ ങ്ങളിൽ ഒരു പ്രധാന പദവി പാലിയത്തച്ഛന് നല്കിയെങ്കിലും അദ്ദേഹത്തിന്റെ മരണത്തോട് ആ പദവിയും തിരിച്ചെടുക്കപ്പെട്ടു. ഇതിനിടയിൽ ഇംഗ്ലീഷുകാരും, ഫ്രഞ്ചുകാരും കൊച്ചി പിടിച്ചെടുക്കുവാൻ പല ശ്രമങ്ങളും നടത്തി. ഈ കാലയളവിൽ ഹൈദരാലി, ടിപ്പുസ തുടങ്ങിയവരിൽ നിന്നുള്ള ആക്രമണങ്ങളും കൊച്ചിക്ക് നേരിടേണ്ടിവരന്നു. സ്ഥലപരിമിതിമൂലം അതിലേക്ക് കടക്കുന്നില്ല. 1791 ൽ ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പിനി ഒരു ലക്ഷം രൂപാ കടം കൊടുത്ത് കൊച്ചിയുടെ ഒരു ഭാഗം ഏറ്റെടുത്തു. ക്രമേണ ഇംഗ്ളീഷുകാർ ശക്തരാവുകയും, ഡച്ചുകാർ ഒഴിഞ്ഞു പോവുകയും ചെയ്തു.

പ്രകൃതിദത്തമായി കൊച്ചിയിൽ ഒരു തുറമുഖം ഉണ്ടായതാണ് കൊച്ചിക്കിന്നുള്ള പ്രാധാന്യത്തിന്റെ പ്രധാന കാരണം. വിദേശിക ളെയെല്ലാം കൊച്ചിയിലേക്ക് ആകർഷിച്ചതും അതുകൊണ്ടു തന്നെ ആയിരുന്നു. ബ്രിട്ടീഷു കാർ കൊച്ചിയിൽ അവരുടെ ആവശ്യങ്ങൾ ക്കായി ഓഫീസുകളും സ്ഥാപനങ്ങളും നിർമ്മിച്ചു. 1859 ൽ ഒരു കമ്പി ഓഫീസും, 1862 ൽ ഒരു ബാങ്കും ഫോർട്ടുകൊച്ചിയിൽ തുടങ്ങി.

അങ്ങനെ തുടങ്ങിയും പരിഷ്ക്കാര നടപടിക ളോടു കൂടി കൊച്ചി വളരുവാനും തുടങ്ങി.

മദ്രാസ് ഗവർണ്ണറായിരുന്ന ലോർഡ് വില്ലിംഗ്ട്ടൺ കൊച്ചിയെ ഒരു വൻകിട തുറമുഖമാക്കുന്നതിനെക്കുറിച്ച് ചിന്തിക്കു കയും, അതിനുവേണ്ടുന്ന നടപടികൾ കൈക്കൊള്ളുകയും ചെയ്തു. അതിവിദഗ്ധ നായ റോബർട്ട് ബ്രിസ്റ്റോ എന്ന ഹാർബർ ഇൻജനീയറെ അദ്ദേഹം കൊച്ചി തുറമുഖ നിർമ്മാണത്തിനായി നിയോഗിച്ചു. 1920 ൽ തുറമുഖനിർമ്മാണച്ചുമതല ഏറ്റെടുത്ത ബ്രിസ്റ്റോ എന്ന ആ ഇംഗ്ളിഷുകാരന്റെ കഴിവും ആത്മാർത്ഥതയും കൊണ്ട് കൊച്ചി ഇന്ത്യയിലെ പ്രധാനപ്പെട്ട വൻകിട തുറമുഖങ്ങളിലൊന്നായി മാറി. അതോടുകൂടി കൊച്ചി കേരളത്തിന്റെ മാത്രമല്ല, ഇന്ത്യയിലെ പ്രധാനപ്പെട്ട വാണിജ്യകേന്ദ്രങ്ങളിലൊന്നായി തീർന്നു. പോർട്ടിന്റെ വളർച്ചയോടൊപ്പം അടുത്തുള്ള പ്രദേശങ്ങളും വളർന്നു. യുദ്ധ ആവശ്യങ്ങൾ ക്കായി ദക്ഷിണ നാവിക കമാൻഡും കൊച്ചി യിൽ തന്നെ സ്ഥാപിക്കപ്പെട്ടു. അതുപോലെ തന്നെ ഫാക്ട്, കൊച്ചിൻ റിഫൈനറി തുടങ്ങിയ സ്ഥാപനങ്ങളും നിലവിൽ വന്നതോടുകൂടി കൊച്ചി ഒരു മഹാനഗരമായി വളർന്നു. പിന്നീട് ഷിപ്പ്യാർഡും ഇവിടെ സ്ഥാപിതമായി. ഇന്ന് മെട്രോയിലെത്തി നില്ക്കുകയാണ് നാം. ഭരണം കൊച്ചി കോർപറേഷനും.

എന്നാൽ ഇന്ന് വല്ലാർപാടത്ത് കോടികൾ മുടക്കി അശാസ്ത്രീയമായി ഉണ്ടാക്കിയ വല്ലാർ പാടം ഇന്റർനാഷണൽ ട്രാൻസ്ഷിപ്പ്മെന്റ് കണ്ടെയ്നർ ടെർമിനൽ എന്ന വെള്ളാന സുഗമമായി നടന്നിരുന്ന കൊച്ചി തുറമുഖ ത്തിന്റെ നിലനില്പിനെ പോലും ബാധിക്കും വിധം നഷ്ടത്തിൽ നിന്നും നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തിക്കൊണ്ടിരിക്കുകയാണ്. 24 മണിക്കൂറും പ്രവർത്തനനിരതമായിരുന്ന തുറമുഖത്ത് ഇന്ന് ശ്മാശാനമൂകത തളം കെട്ടി കിടക്കുന്നു. വല്ലപ്പോഴും ഒരു കപ്പൽ വന്നാലായി. സ്വാർത്ഥമതികളും ദീർഘവീക്ഷ ണമില്ലാത്ത ഉദ്യോഗസ്ഥവൃന്ദവും, ചില രാഷ്ട്രീയനേതാക്കളും ചേർന്നുള്ള ഒത്തുകളി യാണ് തുറമുഖത്തിന്റെ ഇന്നത്തെ ശോചനീയാ വസ്ഥക്ക് കാരണം. തുറമുഖത്തിന്റെ നില നില്പിനേയോ, രാജ്യതാല്പരങ്ങളേയോ പോലും കണക്കിലെടുക്കാതെ ദുബായ് പോർട്ട് വേൾഡ് എന്ന വിദേശ കമ്പിനിയുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന വിധത്തിൽ ഉണ്ടാക്കിയ കരാർ മൂലം തുറമുഖത്തിന്റെ വരുമാനത്തിന്റെ സിംഹഭാഗവും അവർക്കു വേണ്ടി ചിലവഴിക്കേണ്ട അവസ്ഥയിലെത്തി ച്ചിരിക്കുകയാണ്. തുറമുഖം ഇല്ലാതെയായാൽ കൊച്ചിയുടെ പ്രാമുഖ്യം ക്രമേണ കുറഞ്ഞ് കുറഞ്ഞ് അവസാനം നഷ്ടപ്രതാപത്തിന്റെ തേങ്ങലുകളും വിതുമ്പലുകളും മാത്രം അവശേഷിക്കും. തുറമുഖം ഇല്ലാതായശേഷം കൊടുങ്ങല്ലൂരിനുണ്ടായ അനുഭവം നമ്മളോർക്കുന്നത് നന്ന്.

കൊച്ചിയുടെ ഈ വളർച്ചയിൽ കഴിഞ്ഞ 90 വർഷമായി വളരെ നിർണ്ണായകമായ പങ്കാണ് നമ്മുടെ എറണാകുളം കരയോഗം വഹിച്ചിട്ടുള്ളത്. സർക്കാരിന്റേതായാലും, പൊതുജനങ്ങളുടേതയാലും, അതിപ്രധാനമായ ഒട്ടനവധി സമ്മേളനങ്ങളും കാര്യപരിപാടികളും നടത്തപ്പെട്ടിട്ടുള്ള ഒരു പ്രധാന കേന്ദ്രമാണ് നമ്മുടെ ടി.ഡി.എം. ഹാൾ. എറണാകുളത്തിന്റെ ഹൃദയഭാഗത്തു തന്നെ, നാടിന് മുഴുവനും അഭിമാനം പകരുംവിധം തല ഉയർത്തി നില്ക്കുന്ന , ജാതിമത ചിന്തകൾക്കതീതമായി എല്ലാ വിഭാഗം ജനങ്ങൾക്കും പ്രയോജന പ്രദമാകും വിധം പ്രവർത്തിച്ചു പോരുന്ന ഈ മഹത് സ്ഥാപനത്തിന് ബീജാവാപം ചെയ്ത ആ പുണ്യാത്മക്കളെ നന്ദിയോടെ സ്മരിക്കാം. ആദരവോടെ അവരുടെ കാലടികളെ പിന്തുടരാം. കൊച്ചിയുടെ ചരിത്രം പറയു മ്പോൾ നമ്മുടെ ദേശനാഥനായ എറണാ കുളത്തപ്പന്റെയും ടി.ഡി.എം ഹാളിന്റേയും കാര്യം പറയാതെ പോയാൽ അതു പൂർണ്ണമാവുകയില്ല. എറണാകുളത്തെ എല്ലാ നല്ല സംരഭങ്ങളുടെയും സിരാകേന്ദ്രമായി ശോഭിക്കുന്ന നമ്മുടെ ഈ മഹത്സ്ഥാപനം ദേശനാഥന്റെ അനുഗ്രഹത്താൽ കൊച്ചിയുടെ വളർച്ചക്കൊപ്പം ഉയരട്ടെ, വളരട്ടെ എന്ന ആശിക്കുന്നു. അത് സഫലീകൃതമാകുവാൻ നമുക്കൊന്നിച്ച് തോളോട് തോൾ ചേർന്ന് മുമ്പോട്ട് പോകാം - **സേവനം ജീവിത സാഫല്യം** അത് മറക്കാതെ.

# പ്രശാന്തി

ഗിരിജ രവീന്ദ്രൻ

**എറണാകുളം കരയോഗത്തിന്റെ വകയായ പ്രശാന്തി ലേഡീസ് ഹോസ്റ്റൽ ആൻഡ് ഹോം ഫോർ ഏജഡ് എന്ന സ്ഥാപനത്തെക്കുറിച്ച് വാർഡൻ ശ്രീമതി. ഗിരിജ രവീന്ദ്രൻ എഴുതിയ കവിത. ആ സ്ഥാപനത്തിന്റെ മഹത്വവും, അവിടെ അന്തേവാസികൾ എത്ര സുഖസന്തോഷത്തോടെയാണ് താമസിക്കുന്നത് എന്നുള്ളതും ഈ കവിതയിൽ ഭംഗിയായി പ്രതിപാദിച്ചിട്ടുണ്ട്.**

പുലരി പൊൻ കൺചിമ്മി ചിരിതൂകി വന്നു ഈ
പ്രശാന്തി ഭവനത്തിൻ അങ്കണത്തിൽ
കിളികൾ തൻ കൂജനം കേട്ടു ഇന്നെന്റെ
അമ്മക്കിളി കൂടുണർന്നു.........
മിഴികളിൽ ആലസ്യം വിട്ടൊഴിയാതെ
അമ്മമാർ നിദ്രയിൽ നിന്നുണർന്നു
കലപില കൂടുന്ന കുട്ടികൾ തന്നുടെ
കിലുകിലാരവം ഞാൻ കേട്ടു.......
പൂക്കൾ ചിരിക്കുന്ന ഉദ്യാനമണ്ഡപം
പ്രാർത്ഥനാലയമായി മാറി
കൃഷ്ണ നാമത്തിൻ അലയടിയിൽ ആകെ
പ്രകൃതിയും കുളിരേകി നിന്നു...........
എൺപതിൽ സുന്ദരിയായി തിളങ്ങിടും
അമ്മതൻ ആലാപഗീതം..........
ആരുടെ കാതിലും ഇമ്പമുണ്ടാക്കുന്ന
ആലാപന സ്തുതി ഗീതം.......
രുചിയേറും വിഭവങ്ങൾ നിരനിരയായി
മേശമേൽ വന്നു നിരന്നു.....
പുഞ്ചിരിതൂകുന്ന കൈപുണ്യവുമായി
ചേച്ചിമാർ മിഴിചിമ്മി നിന്നു......

കണ്ണാടി പോലെ തിളങ്ങുന്ന മുറികളിൽ
പാദസ്വരങ്ങൾ കിലുങ്ങി
കുട്ടികൾ കൂട്ടമായ് ഒഴുകും നദിപോലെ
വിദ്യാലയത്തിലും പോയി........
വാർത്തകൾ വായിക്കാൻ അമ്മമാർ വന്നിട്ട്
മേശയ്ക്കു ചുറ്റുമിരുന്നു......
കാരുണ്യ വർഷത്തിൻ പുഞ്ചിരിയുമായി
വാർഡനും വന്നെത്തി നോക്കി....
സായാഹ്നസൂര്യൻ ചെങ്കനലൊളിചിന്നി
മെല്ലെമറയുന്ന നേരം
പാരിജാതത്തിന്റെ പൂന്തണലിൽ വന്ന്
അമ്മമാർ നിരയായിരുന്നു......
അറിവിന്റെ അക്ഷരശ്ലോകവുമായി
വാർഡൻമാർ അമ്മമാരൊന്നുകൂടി
ആരാമ ഭംഗികൾ അങ്കണമാകെയിൽ
ആദിത്യകിരണങ്ങൾ മെല്ലെമങ്ങി
അതിഥികൾ തന്നുടെ വരവും പ്രതീക്ഷിച്ച്
കെയർടേക്കർ ചേച്ചികൾ നിന്നു
സ്നേഹ സൗഹാർദ്ദത്തിൻ പര്യായമാണീ
പ്രശാന്ത സുന്ദര ഭവനം

**28. 6. 2015 ന് കൂടിയ എറണാകുളം കരയോഗത്തിന്റെ പൊതുയോഗ തീരുമാനം അനുസരിച്ച് നവതി ആഘോഷത്തിലേക്കായി എല്ലാ കരയോഗാംഗങ്ങളും കുറഞ്ഞത് ആയിരം രൂപയെങ്കിലും കരയോഗത്തിന് സംഭാവനയായി നല്കണമെന്ന് അഭ്യർത്ഥിക്കുന്നു.**

**ജനറൽ സെക്രട്ടറി**

# വദതു സംസ്കൃതം

(സംസ്കൃതം പറയൂ)



ആർ കിരൺകുമാർ

## ഭോജനം

| | | |
|---|---|---|
| ചേച്ചീ വേഗം വരൂ | : | ജ്യേഷ്ഠേ! ശീഘ്രം ആഗച്ഛതു |
| എന്താ? | : | കിം? |
| ഇതു നോക്കൂ | : | ഏതത് പശ്യതു |
| വളരെ നന്നായിട്ടുണ്ട് | : | ബഹു സുന്ദരം അസ്തി |
| എവിടെ നിന്ന് ലഭിച്ചു | : | കുതഃ പ്രാപ്തവാൻ/പ്രാപ്തവതി |
| അച്ഛൻ എവിടെ പോയി? | : | പിതാ കുത്ര ഗതവാൻ? |
| ഭിക്ഷ കൊടുക്കൂ | : | ഭിക്ഷാം ദദാതു |
| അമ്മേ വിശക്കുന്നു | : | അംബ! ബുഭുക്ഷാ ഭവതി |
| ഇപ്പോ ഭക്ഷണം തരാം | : | ഇദാനീം ഭോജനം ദദാമി |
| ഈ ജ്യൂസ് കുടിച്ചോളൂ | : | ഏതത് ഫലരസം പിബതു |
| എനിക്ക് ജ്യൂസ് ഇഷ്ടമല്ല | : | അഹം ഫലരസം നഇച്ഛാമി |
| ഇവിടെ ഇരിക്കൂ | : | അത്ര ഉപവിശതു |
| ഭക്ഷണം വിളമ്പാം | : | ഭോജനം പരിവേഷയാമി |
| ഇന്നെന്താ വിഭവം? | : | അദ്യ കഃ വിഭവഃ? |
| ചോറ് കുറച്ച് മതി | : | അന്നം കിഞ്ചിത് പര്യാപ്തം |
| സാമ്പാറ് വിളമ്പട്ടെ | : | ക്വഥിതം പരിവേഷയാമി വാ |
| എനിക്ക് പുളിശേരി മതി | : | മമ തേമനം പര്യാപ്തം |
| തോരൻ നന്നായിട്ടുണ്ട് | : | ഭർജഃ ഉത്തമം അസ്തി |
| എല്ലാം നന്നായിട്ടുണ്ട് | : | സർവ്വം ഉത്തമം |
| പപ്പടം മറന്നുപോയി | : | പാർപ്പടകം വിസ്മൃതം |
| അച്ചാർ ഉണ്ടോ | : | അവലേഹഃ അസ്തി വാ |
| പുളിയിഞ്ചി ഉണ്ട് | : | അമ്ലശുണ്ഡി അസ്തി |
| തൈരോ മോരോ തരൂ | : | ദധീ വാ തക്രം വാ ദദാതു |
| പായസത്തിനുശേഷം മോര് | : | പായസാനന്തരമേവ തക്രം |
| ഇന്നെന്താ വിശേഷം | : | അദ്യ കഃ വിശേഷഃ |
| ഇന്നെന്റെ പിറന്നാളാണ് | : | അദ്യ മമ ജൻമദിനം |
| ജൻമദിനാശംസകൾ | : | ജൻമ്മദിനാശംസാഃ |

### ഭോജനസംബന്ധി ശബ്ദാഃ

| | | |
|---|---|---|
| അന്നം | : | ചോറ് |
| തേമനം | : | പുളിശേരി |
| അവലേഹ | : | അച്ചാർ |
| പർപ്പടകം | : | പപ്പടം |
| പായസം | : | പായസം |
| തക്രം | : | മോര് |
| ക്വഥിതം | : | സാമ്പാർ |
| സാരഃ | : | രസം |
| ഭർജഃ | : | തോരൻ/ഉപ്പേരി |
| ആമ്ലശുണ്ഡി | : | പുളിയിഞ്ചി |
| ദധി | : | തൈര് |
| ഫലരസഃ | : | ജ്യൂസ് |

## അംബാസ്വരമാലാ സ്തോത്രം

നന്ദകുമാർ മേനോൻ

ഓതാം മഹാമനു തവാപ്പതിനഞ്ചുമൊത്തു
ള്ളേതാനുമൊത്തവിധമർച്ചനയും കഴിയ്ക്കാം
പാതാളവാസികളെ പാതിവഴിയ്ക്കയക്കും
മാതാവെനിക്കു തവ പാദമതിൽ ഭജേഹം

അവിടുത്തെ 15 അക്ഷരമുള്ള ആ മഹാ മന്ത്രം (പഞ്ചദശാക്ഷരി) ഞാൻ ഉരുക്കഴിക്കാം. യഥാശക്തി അർച്ചനയും ചെയ്യാം. പാതാളവാസികളായ ഭൂതങ്ങളെ പകുതിവഴിക്കു തിരിച്ചയക്കുന്ന (തോൽപ്പിച്ചു മടക്കുന്ന )അവിടുന്ന് എനിക്കമ്മയാണ്. ഞാൻ ഭജിക്കുന്നു.



# ഉറക്കക്കുറവ്

ദേവിദാസ് വെള്ളോടി

**എന്താണ് ഉറക്കം, എന്തിനാണ് ഉറക്കം**

നമ്മൾ നമ്മുടെ ആയുസ്സിന്റെ 1/3 ഭാഗം ഉറങ്ങിത്തീർക്കുന്നു. ഇത്രയും സമയം കൂടി ഉണർന്നിരുന്നുവെങ്കിൽ ഒരുപാട് കാര്യങ്ങൾ കൂടി ചെയ്തു തീർക്കാമായിരുന്നു എന്നു കരുതുന്നുണ്ടെങ്കിൽ നിങ്ങൾക്ക് തെറ്റി, നമ്മൾ ഉറങ്ങുമ്പോൾ ശരീരത്തിൽ ഒരുപാട് കാര്യങ്ങൾ നടക്കുന്നുണ്ട്. ശരീരത്തിലെ വർക്ക്ഷോപ്പ് പ്രവർത്തിക്കുന്നത് ഈ സമയത്താണ്. ശരീര കോശങ്ങളിൽ ശുദ്ധീകരണം, കേടുപാടുകൾ തീർക്കൽ, ശരീരവളർച്ച എന്നിവ നടക്കുന്നത് നാം ഉറങ്ങുമ്പോഴാണ്.

മനസ്സിന്റെ വ്യാപരങ്ങളെ നിറുത്തിവെച്ച് ഇന്ദ്രിയങ്ങളെ നിർജീവമാക്കി, എല്ലാ മാംസ പേശികളേയും നിശ്ചലമാക്കി പരിസര ബോധമോ അതിനോട് പ്രതികരിക്കുകയോ ചെയ്യാതെ വിശ്രമിക്കുന്ന അവസ്ഥയാണ് ഉറക്കം. ഉറക്കത്തിന് പ്രധാനമായും രണ്ട് അവസ്ഥകളുണ്ട്. (1) REM Sleep (Rapid eye movement sleep) (2) Non REM Sleep (non rapid eye movement sleep) 90 മിനിറ്റ് നിൽക്കുന്ന ഇടവേളകളിൽ NREM ഉം REM ഉം മാറിമാറി സംഭവിക്കുന്നു.

**1) NREM Stage**

നമ്മൾ ഉറങ്ങാൻ തുടങ്ങുമ്പോൾ ശരീരത്തിലെ പ്രവർത്തനങ്ങളെല്ലാം മന്ദഗതിയിലാകും, ശരീരോഷ്മാവ്, ഹൃദയമിടിപ്പ്, രക്തസമ്മർദ്ദം, ഊർജ്ജത്തിന്റെ ഉപയോഗം എന്നിവയെല്ലാം കുറയുന്നു. തലച്ചോറിലെ തരംഗങ്ങൾ പതുക്കെയാകുന്നു. ചുരുക്കത്തിൽ എല്ലാം മന്ദഗതിയിലാകുന്ന അവസ്ഥ.

**2) REM Stage**

ഉറക്കത്തിന്റെ ഏകദേശം 20 - 25% ഈ വിഭാഗത്തിൽ പെടുന്നു. ശരീരത്തിലെ പേശികളുടെ പ്രവർത്തനം നിശ്ചലമാണെങ്കിലും രക്തസമ്മർദ്ദവും, ശ്വാസോച്ഛ്വാസവും പതുക്കെയാണെങ്കിലും തലച്ചോറിലെ തരംഗങ്ങൾ ഉണർന്നിരിക്കുന്നതിന് സമാനമായി ഉണ്ടാകുന്നു. സ്വപ്നങ്ങൾ ഉണ്ടാകുന്ന സമയമാണിത്. തലച്ചോറിലെ ഓക്സിജന്റെ ഉപയോഗം ഉണർന്നിരിക്കുന്നതിന് തുല്യമായിരിക്കും. സാധാരണ മനുഷ്യൻ ഉറക്കത്തിൽ 90 മിനിറ്റ് കൂടുമ്പോൾ REM Stage വരും. REM ന്റെ പ്രസക്തി ഇന്നും വൈദ്യശാസ്ത്ര ലോകം ചർച്ചചെയ്തു കൊണ്ടിരിക്കുകയാണ്. ഒരു പക്ഷേ മാംസപേശികളുടെ ശരീരത്തിന്റെ പ്രവർത്തനങ്ങളുടെ സ്ഥിരമായനിശ്ചലാവസ്ഥയിൽ നിന്ന് ഒരു ഉത്തേജനമുണ്ടാക്കുന്നതിനാലായിരിക്കണം REMStage ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

**ഉറക്കം എത്രമണിക്കൂറാകാം**

ജനിച്ചയുടനെയുള്ള ശിശുക്കളിൽ ഉറക്കം 18 - 20 മണിക്കൂർ വരെയുണ്ടാകും. പ്രായം കൂടുന്നതിനനുസരിച്ച് ഉറക്കം കുറഞ്ഞു കൊണ്ടിരിക്കും. കുട്ടികളിൽ 8 മണിക്കൂറായിരിക്കും. മുതിർന്നവരിൽ 6-7 മണിക്കൂറായി കുറയുന്നു. എന്നാൽ ചിലർക്ക് ഉറക്കം കുറച്ച് കുറഞ്ഞാൽ ക്ഷീണമുണ്ടായിക്കാണാറുണ്ട്. അവർ 7 മണിക്കൂറെങ്കിലും ഉറങ്ങുന്നതാണ് അഭികാമ്യം. എത്ര ഉറങ്ങണമെന്ന ഓരോ വ്യക്തിക്കും അനുസൃതമായി ചെറിയ മാറ്റങ്ങൾക്ക് ബാധകമാണ്.

**ഉറക്കം കുറവാകാനുള്ള കാരണങ്ങൾ**

ശാരീരികവും മാനസികവുമായ കാരണങ്ങളാൽ ഉറക്കം കുറയാം.

**1) ശാരീരികമായ (ആരോഗ്യപരമായ) കാരണങ്ങൾ**

സൈനസൈറ്റിസ്, മൂക്കടപ്പ്, ഗ്യാസ്ട്രബിൾ (വയറിലെ അസ്വസ്ഥതകൾ)

**ഹൈപ്പോ തൈറോയ്ഡ് രോഗം (Hypo thyroid)**

**രക്തവാതം (Arthritis)**

**ആസ്ത്മ (Asthma)**

**പാർക്കിൻസൺസ് രോഗം (Parkingsons disease)**

വളരെയധികം ശരീരവേദനയുള്ള അവസ്ഥ, പുറം വേദന

## Sleep apnea

ശ്വാസോച്ഛ്വാസം ചെയ്യുമ്പോൾ ശ്വസിക്കുവാൻ പ്രയാസമുണ്ടാക്കുന്ന രീതിയിൽ ശ്വാസനാളത്തിനുണ്ടാകുന്ന ചുരുങ്ങൽ കാരണം ഉറക്കം ശരിയാവാത്ത രീതിയാണിത്. ഈ അവസ്ഥയിൽ പ്രത്യേക വൈദ്യനിർദ്ദേശം ആവശ്യമാണ്.

**മാനസികപിരിമുറുക്കം, വിഷാദരോഗം**

വളരെയധികം മാനസിക പിരിമുറുക്കമുള്ള അവസ്ഥയിൽ ഉറക്കം തീരെ കുറവോ, തടസ്സപെടുന്നതോ ആയിരിക്കും. അതുപോലെ തന്നെ വിഷാദരോഗികളിലും (depression) ഉറക്കം ശരിയാകില്ല. ചിലപ്പോൾ കൃത്യനിഷ്ഠയില്ലാതെ പകൽ മയക്കം കൂടുത ലായിരിക്കും .

ആധുനിക കാലഘട്ടത്തിൽ മാനസിക പിരിമുറക്കം കൂടുവാനുള്ള സാധ്യതകൾ വർദ്ധിച്ച് വരികയാണ്. ഓഫീസിലായാലും, വീട്ടി ലായാലും പഠനത്തിനായാലും ജോലിയി ലായാലും നമ്മൾ വിചാരിക്കുന്ന പോലെ കാര്യ ങ്ങൾ നടന്നില്ലെങ്കിൽ അത് ടെൻഷന് കാരണ മാകുന്നു. എല്ലാ കാര്യത്തിലും Perfection വേണമെന്ന് ശഠിക്കുന്നവർക്ക് ടെൻഷൻ കൂടുത ലായി വരും.

സ്ത്രീകളിൽ മാസക്കുളി വരുന്നതിന് മുമ്പും ചെറിയ തോതിൽ മാനസിക പിരിമുറുക്കം വരുന്നു. മെനോപാസ് (മാസക്കുളി നിൽക്കുന്ന പ്രായത്തിൽ) വളരെയധികം പിരിമുറുക്കവും ഉറക്കക്കുറവും കാണാറുണ്ട്.

**ജീവിതരീതിയിലുള്ള മാറ്റം**

രാത്രിയെ പകലാക്കി മാറ്റുന്ന ജീവിത രീതി നമ്മുടെ ശരീരത്തിലും മനസ്സിലും ഒരുപാട് മാറ്റങ്ങൾ വരുത്തും. I.T. പ്രൊഫ ഷണലുകളിൽ ഇത്തരം പ്രശ്നങ്ങൾ (Life Style disorders) കൂടുതലായി കാണുന്നുണ്ട്. യുവതല മുറയിലും രാത്രി വളരെ വൈകി ഉറങ്ങുകയും പകൽ വളരെ വൈകി എണീക്കുന്ന രീതിയും ഫാഷനായി മാറിക്കൊണ്ടിരിക്കുകയാണ്. ഇതെല്ലാം തന്നെ ആരോഗ്യപരമായ നല്ല ഉറക്കത്തിന് തടസ്സം നിൽക്കുന്നു.

**ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം**

മദ്യം തുടക്കത്തിൽ ഉറക്കം വരുത്തു മെങ്കിലും സ്ഥിരമായി ഉപയോഗിച്ച് തുടങ്ങിയാൽ അത് ശരിയായ ഉറക്കത്തെ തടസ്സപ്പെടുത്തുകയും ചെയ്യും.

**പുകവലി, മറ്റു ലഹരികളുടെ ഉപയോഗം**

ഉറക്കം നഷ്ടപ്പെടുത്തുവാൻ കാരണ മാകുന്ന ഉള്ള ഉറക്കം തന്നെ തടസ്സപ്പെട്ടു കൊണ്ടി രിക്കും.

## കൂർക്കം വലി (Snoring)

കൂർക്കം വലിയുള്ളവരിൽ ഉറക്കം ശരി യായ രീതിയിലല്ല നടക്കുന്നത്. അത് കേട്ട് ഉണർന്നു പോകുന്ന ജീവിത പങ്കാളിയുടെ കാര്യം പിന്നെ പറയേണ്ടതില്ലല്ലോ.

**ഉറക്കമില്ലായ്മ സൃഷ്ടിക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ**

ഉറക്കത്തിലാണ് നമ്മുടെ ശരീരത്തിലെ Maintenance (അറ്റക്കുറ്റപ്പണി) നടക്കുന്ന തെന്ന് നേരത്തെ സൂചിപ്പിച്ചിരുന്നുവല്ലോ. ശരിയായി ഉറങ്ങാതിരിന്നാൽ ഈ അറ്റക്കുറ്റപ്പണി നീട്ടിവെയ്ക്കുകയും അത്യാവശ്യമുള്ള കാര്യങ്ങൾ മാത്രം നടത്തുകയും ചെയ്യും. ഇത് ശരീരത്തിൽ Toxins (വിഷാംശം) വർദ്ധിപ്പി ക്കുകയും രക്തവാതം (Arthritis), ചർമ്മം വരളുക (dryness), പോഷ കാംശത്തിന്റെ ആഗീരണ ക്കുറവ് തുടങ്ങിയ സങ്കീർണമായ ആരോഗ്യ പ്രശ്നങ്ങളിലേക്ക് വഴി തെളിയിക്കുകയും ചെയ്യും. ഉൻമേഷക്കുറവ്, വിഷാദം, കൂടിയ രക്തസമ്മർദ്ദം തുടങ്ങിയ കാരണങ്ങളാൽ ചുറുചുറുക്ക് നഷ്ടപ്പെടുന്നു. പകൽ ശരിയായി ജോലി ചെയ്യാൻ പറ്റാത്ത അവസ്ഥ, പകലുറക്കം വരിക മലശോധന കൃത്യമാകാ തിരിക്കുക, തളർച്ച അനുഭവ പ്പെടുക,

**വിട്ടുമാറാത്ത ടെൻഷൻ (മാനസിക പിരിമുറക്കം)**

വിശപ്പില്ലായ്മ, അമിതവണ്ണം തുടങ്ങിയ ശാരീരികവും മാനസികവുമായ പ്രയാസങ്ങളി ലേക്ക് വഴിതെളിയിക്കുന്നു. ജീവിതം തന്നെ ദുസ്സഹമായ അവസ്ഥയിലേക്ക് മാറുന്നു. ലഹരി മരുന്നുകൾ ഉപയോഗിക്കുന്നവർ അതിനടിമക ളായി മാറുന്നു. സമൂഹത്തിൽ നിന്ന് ഒറ്റപ്പെടു ന്നതുമൂലം വ്യക്തിപരമായും സാമൂഹികമായും ഏകാന്തത അനുഭവപ്പെടുന്നു. ഇത് കൂടുതൽ വിഷാദത്തിലേക്ക് നയിക്കുന്നു.

**എങ്ങിനെ നഷ്ടപ്പെട്ട ഉറക്കത്തെ വീണ്ടെടുക്കാം**

ഉറക്കം നഷ്ടപ്പെടാനുള്ള കാരണത്തെ മനസ്സിലാക്കി ആ കാരണങ്ങളെ ഒഴിവാക്കണം. ചിലപ്പോൾ സ്വന്തമായി ഇത് വിശകലനം

ചെയ്യാൻ കഴിഞ്ഞെന്നു വരില്ല. അപ്പോൾ വൈദ്യസഹായം തേടാൻ മടിക്കരുത്.

### എങ്ങിനെ ഉറങ്ങണം

നമ്മുടെ ജീവിതചര്യകളിൽ ഏറ്റവും സുഖം തരുന്ന കാര്യങ്ങളിൽ ഒന്നാണ് ഉറക്കം. സാധാരണയായി നമ്മുടെ പരിതസ്ഥിതിയിൽ രാത്രിയിൽ തന്നെ ഉറങ്ങണം. രാത്രി നേരത്തെ ഭക്ഷണം കഴിച്ച് ചുരുങ്ങിയത് രണ്ടു മണിക്കൂങ്കിലും കഴിഞ്ഞു മാത്രം ഉറങ്ങുക. അത്താഴം വളരെ ലഘുവായിരിക്കണം. ഉറങ്ങുന്നതിനു മുമ്പ് മനസ്സിനെ ശാന്തമാക്കി വെയ്ക്കണം. മനഃപ്രയാസമുണ്ടാകുന്ന വിഷയങ്ങൾ സംസാരിക്കുവാനോ ചിന്തിക്കുവാനോ തുനിയരുത്. ഇഷ്ടമുള്ള സംഗീതം കേൾക്കുന്നത് നല്ലതാണ്. നമ്മുടെ ഒരു ദിവസത്തെ കാര്യപരിപാടികൾ വിശകലനം ചെയ്ത് പിറ്റേ ദിവസത്തെ പ്രവൃത്തികളെ കുറിച്ച് പദ്ധതി തയ്യാറാക്കി ഈശ്വരനെ പ്രാർത്ഥി ച്ച് ഉറങ്ങാൻ കിടക്കണം.

### വ്യായാമം

പകൽ വ്യായാമം ചെയ്യുന്നത് രാത്രി കൃത്യമായി ഉറങ്ങുവാൻ സഹായിക്കും. നല്ലവണ്ണം ശരീരം വിയർക്കുന്നതു വരെ വ്യായാമം ചെയ്യണം.

### പകലുറക്കം

പകലുറങ്ങുന്നത് രാത്രി ഉറക്കം കുറയ്ക്കും. വേനൽകാലത്ത് പ്രായമായവർ കുറച്ച് സമയം (30 മിനിറ്റ്) ഉച്ചയ്ക്ക് ശേഷം വിശ്രമിക്കുന്നത് നല്ലതാണ്. വയറ് നിറച്ച് ഉച്ചഭക്ഷണം കഴിച്ചയുടനെ ഉറങ്ങരുത്. മേദസ്സ് വർധിക്കും, പ്രമേഹം ഹൃദ്രോഗം എന്നിവ എളുപ്പത്തിൽ വന്നുപെടും. ആയുർവ്വേദത്തിൽ പകലുറക്കം പാടില്ല എന്ന് പ്രത്യേകം പറഞ്ഞിട്ടുണ്ട്. എന്നാൽ ചാരിയിരുന്ന് ഉറങ്ങുന്നത് മേദസ്സിനെ വർധിപ്പിക്കില്ല എന്ന് പ്രസ്ഥാവിച്ചിട്ടുണ്ട്. ക്ഷീണം കാരണം പ്രായമായവർ ഉറങ്ങുകയാണെങ്കിൽ ഉച്ചയ്ക്ക് ഊണിന് മുമ്പ് 1/2 മണിക്കൂറായി ശീലിച്ചു നോക്കു നല്ലതാണ്.

### മദ്യം, ലഹരി ഒഴിവാക്കുക

മദ്യം നല്ലതല്ല. സ്ഥിരമായി കഴിക്കുന്ന ശീലം തീരെ നല്ലതല്ല. ഉറക്കം കുറവുമാത്രമല്ല, ധാരാളം ശാരീരിക പ്രശ്നങ്ങളിലേക്ക് ഇത് വഴി വെയ്ക്കും. കാപ്പി കൂടുതൽ കുടിക്കുന്നത് ഉറക്കം കുറയ്ക്കും. പുകവലി ഉറക്കം കുറയ്ക്കും

### ജീവിതനിഷ്ഠ

ഒരു ദിനചര്യ ശീലിക്കുക, ഉറക്കം, ഉണരൽ, ഭക്ഷണം, വ്യായാമം തുടങ്ങിയ എല്ലാ കാര്യങ്ങ ൾക്കും ഒരു ചിട്ടയുണ്ടാക്കുക. ഉറക്കം താനേ വരും, കാരണം അത് ശരീരത്തിന്റെ ഒരു അത്യാവശ്യമായ പ്രക്രിയയാണ്.

### ഉറക്കം ശരിയായി വരാനുള്ള ചില ആയുർവ്വേദ ചര്യകൾ

1) ദിവസേന കൃത്യമായി വ്യായാമം ചെയ്യുക

2) രാത്രി ഭക്ഷണം നേരത്തെ കഴിക്കുക, ലഘുവായിരിക്കണം

3) ദിവസേന തലയിൽ യുക്തമായ എണ്ണ തേച്ച് കുളിക്കുക. ഉഷ്ണം കുറയുകയും ഉറക്കം ശരിയാകുകയും ചെയ്യും. ഏത് എണ്ണയാണ് വേണ്ടതെന്ന് വൈദ്യനിർദ്ദേശം തേടുക.

4) രാത്രി കിടക്കാൻ നേരത്ത് ഒരു ഗ്ലാസ് ഇളം ചൂടു പാൽ മധുരം ചേർത്ത് കുടിക്കുക. പ്രമേഹമുള്ളവർ തേൻ ചേർത്ത് കുടിക്കുക.

5) ദേഹത്ത് എണ്ണതേച്ച് മസാജ് ചെയ്തശേഷം ഇളം ചൂടുവെള്ളത്തിൽ കുളിക്കുന്നത് ഉറക്കം വരുത്തും.

6) എരുവ്, പുളി എന്നിവ കുറയ്ക്കുക. ദിവസേന മോരു കുടിക്കുക

7) മാനസിക പിരിമുറുക്കം, വിഷാദരോഗം സ്ത്രീ കളിലെ ഫോർമോൺ തകരാറുകൾ എന്നിവയ്ക്ക് കൃത്യമായ വൈദ്യനിർദ്ദേശം ആവശ്യമാണ്. അഭ്യംഗം, പിചു, ശിരോധാര തുടങ്ങിയ ചികിത്സ ക്രമങ്ങളും യുക്തമായ ആയുർവ്വേദ മരുന്നുകളും ശരീരത്തിലെ ത്രിദോഷങ്ങളെ സമതുലിതാവസ്ഥയിൽ കൊണ്ട്വരും. കൃത്യമായ ഉറക്കത്തെ പ്രദാനം ചെയ്യും. 80% ഉറക്കക്കുറവും കൃത്യനിഷ്ഠയായ ജീവിത രീതിയാൽ ശരിയാക്കാൻ സാധിക്കും. കഴിവതും ഉറക്കഗുളികളെ ആശ്രയിക്കാതിരിക്കുക. എല്ലാവർക്കും നല്ല ഉറക്കം ആശംസിച്ച് കൊള്ളുന്നു.



യു. എസ് രവീന്ദ്രൻ

# കാഴ്ചയും കാഴ്ചപ്പാടും

ഒരു കഥയിൽ കൂടി തുടങ്ങാം. ഒരിക്കൽ ഒരു രാജാവുണ്ടായിരുന്നു. രാജാവ് രാജ്യം നല്ലപോലെ ഭരിച്ചു കൊണ്ടിരുന്നു. രാജാവിന്റെ കൊട്ടാരത്തിന്റെ മുൻവശത്ത് നല്ല ഭംഗിയുള്ള പൂന്തോട്ടമുണ്ടായിരുന്നു. ആ തോട്ടത്തിൽ നല്ല ഭംഗിയുള്ള ചുവന്ന റോസാപ്പൂക്കൾ ഉണ്ടായിരുന്നു. രാജാവിന്റെ കിടപ്പുമുറിയിൽ നിന്നും ആ ഭംഗിയുള്ള ചുവന്ന റോസാപൂക്കളെ നോക്കി രാജാവ് മണിക്കൂറുകളോളം നിൽക്കുമായിരുന്നു. റോസാച്ചെടികളുടെ ഇലകളും ചുവന്ന നിറമായിരുന്നെങ്കിൽ എത്ര നന്നായിരുന്നു എന്ന് രാജാവ് ആശിച്ചു. മറ്റ് ചെടികകളുടെ പൂക്കളും ഇലകളും ചുവന്ന നിറമായിരുന്നെങ്കിൽ എത്ര നന്നായിരുന്നെന്ന് രാജാവ് ആശിച്ചു. അങ്ങിനെ രാജാവിന് ചുവപ്പു നിറത്തോടുള്ള താല്പര്യവും ഇഷ്ടവും കൂടുകൂടി വന്നു. വേറെ ഒരു നിറത്തോടും രാജാവിന് ഇഷ്ടമില്ലാതായി. മാത്രവുമല്ല ചുവപ്പല്ലാതെ വേറെ നിറങ്ങൾ കാണുമ്പോൾ രാജാവിന് അസ്വസ്ഥതയും തലവേദനയും വരാൻ തുടങ്ങി. രാജാവിന്റെ തലവേദന കലശലായപ്പോൾ മന്ത്രി വൈദ്യനെ കണ്ട് വിവരം പറഞ്ഞു. രാജാവിന് മറ്റു നിറങ്ങളോട് വെറുപ്പാണ്. മറ്റു നിറങ്ങൾ കാണുമ്പോൾ രാജാവിന് അസ്വസ്ഥത അനുഭവപ്പെടുന്നു. ദേഷ്യം വരുന്നു. തലവേദന വരുന്നു. എന്തു ചെയ്യാം . രോഗവിവരം കേട്ടശേഷം വൈദ്യൻ പറഞ്ഞു രാജാവിന്റെ കാഴ്ചക്ക് എന്തോ തകരാറുണ്ട്. തല്ക്കാലം ഒന്നു ചെയ്യാം. രാജാവിന്റെ കാഴ്ചയിൽപ്പെടുന്നതെല്ലാം ചുവപ്പു നിറമുള്ളതാക്കുക. ഇതാണ് ഉടനെയുള്ള ഒരു പോംവഴി.

മന്ത്രി തിരിച്ചു വന്ന് കൊട്ടാരത്തിലെ എല്ലാ വസ്തുക്കളും ജനലുകളും വാതിലുകളും എല്ലാം ചായം പൂശി ചുവപ്പു നിറമുള്ളതാക്കി. രാജാവിന്റെയും രാജ്ഞിയുടെയും മന്ത്രിമാരുടെയും പരിചാരകൻമാരുടെയും വേഷവിധാനങ്ങൾ ചുവപ്പു നിറമുള്ള പട്ടുകൾകൊണ്ട് തീർത്തു. രാജാവിന്റെ കിടക്കവിരികളും മുറിയിലെ കർട്ടനുമെല്ലാം ചുവപ്പു നിറമുള്ളതാക്കി. ആകെ ചുവപ്പു മയം. രാജാവിന്റെ തലവേദന മാറി. തല്കാലം സമാധാനമായി. ജനങ്ങളുടെ ക്ഷേമമറിയുന്നതിന് രാജാവ് ഓരോരോ ഗ്രാമങ്ങൾ സന്ദർശിക്കുന്ന പതിവുണ്ടായിരുന്നു. രാജാവിന്റെ സന്ദർശന സമയമാകുമ്പോൾ രാജാവ് സഞ്ചരിക്കേണ്ട പാതയും രാജാവിനെ കാണേണ്ട പ്രജകളുടെ വേഷങ്ങളും ചുവപ്പു നിറമുള്ളതാക്കി. ഇങ്ങനെ രാജ്യം ചുവപ്പാക്കി ചുവപ്പാക്കി ഖജനാവിലെ പണമെല്ലാം തീർന്നു. ഈ അവസരത്തിൽ മന്ത്രി പഴയ വൈദ്യനെ കണ്ട് വിവരം പറഞ്ഞു. വരും ദിവസങ്ങളിൽ രാജാവിന് വേറെയും ഗ്രാമങ്ങൾ സന്ദർശിക്കേണ്ടതുണ്ട്. അവിടെയും ചുവപ്പ് നിറമാക്കേണ്ടതുണ്ട്. ഇല്ലെങ്കിൽ രാജാവിന് തലവേദന വരും. ഖജനാവ് കാലിയായി. ഇനി എന്തു ചെയ്യാം?. വൈദ്യൻ പറഞ്ഞു ഞാൻ രാജാവിനെ നേരിട്ട് ചികിത്സിക്കാം. അങ്ങിനെ വൈദ്യനെ മന്ത്രി കൊട്ടാരത്തിലേക്ക് കൂട്ടികൊണ്ട് പോയി. വൈദ്യന്റെ വെള്ളവേഷം കണ്ട രാജാവിന് തലവേദന കലശലായി. രാജാവ് കല്പിച്ചു. പുറത്തു പോകൂ വേഗം. രാജാവിനെ ചികിത്സിക്കാൻ വൈദ്യനെ താൻ കൊണ്ടു വന്നതാണെന്ന് മന്ത്രി പറഞ്ഞു. വൈദ്യൻ നിർദ്ദേശിച്ച

പ്രകാരം മന്ത്രി രാജാവിനോട് കുറച്ചുനേരം കണ്ണടച്ചിരിക്കുവാൻ പറഞ്ഞു. രാജാവ് കണ്ണടച്ചിരുന്നു. വൈദ്യൻ തന്റെ സഞ്ചിയിൽ നിന്നും ചുവന്ന ഗ്ലസ്സുള്ള ഒരു കണ്ണട രാജാവിനെ ധരിപ്പിച്ചുകൊണ്ട് പറഞ്ഞു ഇനി കണ്ണു തുറന്നോളൂ . വൈദ്യന്റെ വെളുത്ത വസ്ത്രം രാജാവ് ധരിച്ചിരുന്ന ചുവന്ന ഗ്ലാസുള്ള കണ്ണടയിലൂടെ ചുവപ്പായി കണ്ടതു കൊണ്ട് രാജാവിന് തലവേദന വന്നില്ല. പിന്നെ എപ്പോഴും രാജാവ് ചുവന്ന ഗ്ലാസുള്ള കണ്ണട ധരിച്ചു കൊണ്ടേ പുറത്തു പോകാറുള്ളു. ഗ്രാമങ്ങളിൽ പോകുമ്പോഴോ പ്രജകളെ കാണുമ്പോഴോ. പാതകൾ ചുവന്ന ചായം തേക്കാനോ പ്രജകളെ ചുവന്ന വസ്ത്രം ധരിപ്പിക്കാനോ പിന്നെ ബുദ്ധിമുട്ടേണ്ടി വന്നിട്ടില്ല. എല്ലാ പ്രശ്നങ്ങളും ഒരു ചുവപ്പ് കണ്ണടയുടെ ഉപയോഗം കൊണ്ട് പരിഹരിക്കപ്പെട്ടു.

നമ്മൾ ഓരോരുത്തരും സ്വന്തം മനോരാജ്യത്തിന്റെ രാജാക്കൻമാരാണ്. ചുറ്റുപാടുകൾ നമുക്ക് അനുകൂലമാണങ്കിൽ നമ്മൾ സന്തോഷിക്കുന്നു. ചുറ്റുപാടുകൾ നമുക്ക് അനുകൂലമല്ലെങ്കിൽ അസ്വസ്ഥതയും ദേഷ്യവും തലവേദനയും അനുഭവപ്പെടും. മറ്റുള്ളവർ നമ്മൾ പ്രതീക്ഷിക്കുന്ന പോലെ പെരുമാറിയില്ലെങ്കിൽ നമുക്ക് തലവേദനയുണ്ടാകും. എല്ലായ്പ്പോഴും ചുറ്റുപാടുകൾ അനുകൂലമായിക്കൊള്ളണമെന്നില്ല. മറ്റുള്ളവരുടെ മനോഭാവം മാറ്റിയെടുക്കാൻ സാധിക്കുകയില്ല. സ്വന്തം കാഴ്ചപ്പാടു മാറ്റി സ്വയം മാറാൻ ശ്രമിച്ചാൽ മിക്കവാറും എല്ലാ അസ്വസ്ഥതകൾക്കും പരിഹാരമാകും. പല ശാരീരിക രോഗങ്ങളുടെയും കാരണം കാഴ്ചപ്പാടുകൾ ശരിയല്ലാത്തതു കൊണ്ട് മനസ്സിൽ നിന്നു തന്നെ തുടങ്ങിയവയായിരിക്കും. മനസ്സ് ക്ഷോഭിക്കുമ്പോൾ ശരീരത്തിൽ ആവശ്യത്തിലധികം അഡ്രീനാലിൻ, കോർട്ടിസോൺ എന്നീ ആന്തരീകരസങ്ങൾ ഉല്പാദിപ്പിക്കപ്പെടുന്നു. ഇവ ഉയർന്ന രക്തസമ്മർദ്ദത്തിനും, ദഹന പ്രശ്നങ്ങൾ, ഉറക്കമില്ലായ്മ തുടങ്ങിയ അസ്വസ്ഥതകൾക്കും കാരണമാകുന്നു. അനുഭവങ്ങളോടുള്ള കാഴ്ചപ്പാടുകൾ മാറ്റിയെടുക്കാമെങ്കിൽ തലവേദന, പ്രഷർ തുടങ്ങിയ രോഗങ്ങൾക്കുള്ള മരുന്നുകളുടെ ഉപയോഗം കുറക്കാം.

ഓരോ വ്യക്തിയും മറ്റേ വ്യക്തിയിൽ നിന്നും തികച്ചും വിഭിന്നമാണ്. മറ്റുള്ളവർ എങ്ങിനെയായിരിക്കണമെന്ന് നമുക്ക് നല്ല ധാരണയുണ്ട്. നമ്മൾ എങ്ങനെ ആയിരിക്കണമെന്നു മാത്രം നമുക്ക് ധാരണയില്ല. മറ്റുള്ളവരുടെ കുറവുകൾ കണ്ടു പിടിക്കുന്ന സമയം കൊണ്ട് സ്വന്തം കാഴ്ചപ്പാട് മാറ്റുകയാണെങ്കിൽ ജീവിതം എത്ര സുഖകരമായിരിക്കും. ഭഗവാന്റെ സുദർശന ചക്രം എന്ന സങ്കല്പം തന്നെ കാഴ്ചപ്പാടുകളെ നേർവഴിക്കാക്കുക എന്ന പ്രക്രിയ ആണല്ലോ. രാമത്വവും രാവണത്വവും കാഴ്ചപ്പാടുകളുടെ വിവിധ വശങ്ങളാണ്. അശോക രാജാവിന്റെ കാഴ്ചപ്പാട് കലിംഗയുദ്ധത്തിനുശേഷം മാറി. 'യഥാദൃഷ്ടി തഥാസൃഷ്ടി' എന്നൊരു ആപ്ത വാക്യമുണ്ട്. നമ്മുടെ കാഴ്ചപ്പാടുകൾക്ക് അനുസൃതമായിരിക്കും നമ്മൾ നേരിടുന്ന അനുഭവങ്ങളും.

ഭഗവത്ഗീതയിൽ ഗുണത്രയങ്ങളെപറ്റി പറയുന്നുണ്ട്. സത്വഗുണം, രജോഗുണം, തമോഗുണം. എല്ലാവരേയും സൃഷ്ടിച്ചിരിക്കുന്നത് പഞ്ചഭൂതങ്ങൾ കൊണ്ടാണെങ്കിലും ഓരോരുത്തരുടെ ഗുണവിശേഷങ്ങൾക്കനുസരിച്ച് കാഴ്ചപ്പാടുകൾ മാറുന്നു. ഒരു വലിയ വൃക്ഷത്തെ കാണുമ്പോൾ സത്വഗുണമുള്ളവർ മൂലതോ ബ്രഹ്മരൂപായ മദ്ധ്യതോ വിഷ്ണരൂപിണേ, അഗ്രതോ രുദ്രരൂപായ വൃക്ഷരാജ നമ:സ്തുതേ എന്നു പറഞ്ഞു വന്ദിക്കുന്നു. രജോ തമോ ഗുണമുള്ളവർ ആ മരം മുറിച്ചാൽ എത്ര കണ്ടി തടി കിട്ടും, എത്ര ലോഡ് വിറകു കിട്ടും എന്നൊക്കെ കണക്കു കൂട്ടുന്നു.

ഒരേ വസ്തുവിൽ രണ്ടു തരം ഗുണക്കാരുടെ കാഴ്ചപ്പാടുകളുടെ വ്യത്യാസം. ശക്തമായി മഴ പെയ്യുമ്പോൾ ചിലർ പറയും നല്ല മഴ, ചിലർ പറയും ഓ നശിച്ച മഴ. നമ്മുടെ ചുറ്റുപാടുകൾ നിരീക്ഷിച്ചാൽ ഒരു സംഗതി വ്യക്തമാകും. ഓരോരുത്തരും അധികാരത്തിനുള്ള വിശപ്പ്, പ്രശസ്തിക്കുള്ള വിശപ്പ്, അംഗീകാരത്തിനുള്ള വിശപ്പ് എന്നീ വികാരങ്ങൾക്കടിമകളാണ്. അതിനിടയിൽ മറ്റുള്ളവരോട് പെരുമാറുമ്പോൾ മാന്യതയുടെ അതിർവരമ്പുകൾ പലപ്പോഴും ലംഘിക്കപ്പെടുന്നു. ഒരു ദുരനുഭവം നേരിടേണ്ടി വരുമ്പോൾ അതിനെ ഒരു പ്രാരബ്ധം നീങ്ങിപ്പോയതായി കണക്കാക്കി ആശ്വസിച്ചാൽ മതി. ചില്ലറയില്ലാത്തതിന് ബസ്സിലെ

കണ്ടക്ടർ ചില യാത്രക്കാരോട് നീ ജനിക്കാൻ യോഗ്യനല്ല എന്നു വരെ പറഞ്ഞു കളയുന്ന കാലമാണിത്. കലിയുഗത്തിൽ ഒരു ബസ്സ് കണ്ടക്ടറുടെ ചീത്തവിളി കേൾക്കുമ്പോൾ മുജ്ജന്മത്തിലെ ഒരു ശാപത്തിൽ നിന്ന് മോക്ഷം കിട്ടിയെന്ന് വിചാരിച്ച് അപ്പോൾ സന്തോഷിച്ചാൽ യാത്രക്കാരന്റെ ടെൻഷൻ ലഘൂകരിക്കപ്പെട്ടു. ആ യാത്രക്കാരൻ കണ്ടക്ടറോട് നന്ദി പറയുകയോ തൊഴുകയോ ഒക്കെ ചെയ്താലും വിരോധമില്ല. ആരിൽ നിന്നും ഒന്നും പ്രതീക്ഷിക്കാതിരിക്കുക, മറ്റൊരാളുടെ വ്യക്തിത്വത്തെ അംഗീകരിക്കുക, സ്വീകരിക്കുക, ഒരു സന്ദർഭത്തെ മുൻവിധികളൊന്നും ഇല്ലാതെ അഭിമുഖീകരിക്കുക തുടങ്ങിയ ചില മാറ്റങ്ങൾ സ്വന്തം കാഴ്ചപ്പാടിൽ വരുത്തിയാൽ നമ്മൾ കാണുന്നതും കേൾക്കുന്നതും എല്ലാം ഒരു വിധത്തിലും നമ്മളെ അലോസരപ്പെടുത്തുകയില്ല. മഹാഭാരതത്തിന്റെ ആദിപർവ്വത്തിൽ യയാതി മകനിൽ നിന്നും കടമെടുത്ത യൗവ്വനം തിരികെ കൊടുത്ത സമയത്ത് നൽകിയ ഉപദേശത്തിന്റെ ഒരു ഭാഗം ഇങ്ങനെയാണ്. ക്രോധശീലനേക്കാൾ ക്ഷമാശീലനും, അസഹിഷ്ണുവിനേക്കാൾ സഹനശീലമുള്ളവനും ശ്രേഷ്ഠനാണ്. അന്യ ജീവിയേക്കാൾ മനുഷ്യൻ ശ്രേഷ്ഠൻ. മനുഷ്യരിൽ വിദ്വാൻ ശ്രേഷ്ഠനാകുന്നു. ഉപദ്രവിക്കുന്നവരെ തിരികെ ഉപദ്രവിക്കരുത്. കാരണം ഉപദ്രവമേൽക്കുന്നവന്റെ മൗനവും ദു:ഖവും ആക്രമിയെ നശിപ്പിക്കും. മർമ്മഭേദകമായ വാക്കുകൾ പറയരുത്. അന്യായമായ മാർഗ്ഗത്തിലൂടെ ശത്രുവിനെ വശത്താക്കരുത്. ദുർജ്ജനങ്ങൾ ക്രൂരമായ വാക്കുകൾ പ്രയോഗിച്ചെന്നിരിക്കും. അപ്പോഴും സദാചാരം കൈവിടരുത്. സകലജീവരാശികളോടും ദയയോടെ സൗഹാർദ്ദത്തോടെയും പെരുമാറണം എപ്പോഴും പ്രിയഭാഷണമേ ആകാവൂ. അങ്ങനെ പോകുന്നു ഉപദേശങ്ങൾ. അവനവനിസം കൂടി വരുന്ന ഇക്കാലത്ത് മേൽ പറഞ്ഞ ഉപദേശങ്ങൾ വളരെ പ്രസക്തമാണ്. മറ്റുള്ളവർ അപ്രിയമായി എന്തെങ്കിലും പറയുകയോ പ്രവർത്തിക്കുകയോ ചെയ്താൽ ഉടൻ പ്രതികരിച്ചാലേ ചിലർക്കു സമാധാനമാകുകയുള്ളു. ഒരു നിമിഷനേരത്തെ പരിക്ഷിത്ത് രാജാവിന്റെ ദുഷ്യമായ കാഴ്ചപ്പാടാണ് അദ്ദേഹത്തിന്റെ വിധി നിർണ്ണയിക്കപ്പെട്ടത്.

വ്യക്തികളേയും സന്ദർഭങ്ങളേയും അതേപടി സ്വീകരിക്കുക എന്നതാണ് ജീവനകലയുടെ പ്രാഥമിക പാഠം. ഓരോ രാജ്യങ്ങളിലേയും ഭരണാധികാരികളുടെ കാഴ്പപ്പാടുകളാണ് അവിടുത്തെ ജനങ്ങളുടെ ക്ഷേമങ്ങൾക്കും ദുരിതങ്ങൾക്കും കാരണമാകുന്നത്. അയൽ രാജ്യങ്ങളിലെ ഭരണാധികാരികൾ ഒരേ കാഴ്ചപ്പാടുകൾ ഉള്ളവരാണെങ്കിൽ ആയുധങ്ങൾ വാങ്ങിക്കൂട്ടാൻ മാറ്റിവയ്ക്കുന്ന കോടികൾ ജനങ്ങളുടെ പുരോഗതികൾക്കായുള്ള പല പദ്ധതികൾക്കും ഉപയോഗിക്കാം. സമ്പന്നമായ പല രാജ്യങ്ങളിൽ നിന്നുപോലും പലായനം ചെയ്ത് അഭയാർത്ഥികളായി വേറെ രാജ്യങ്ങളിൽ അഭയം തേടുന്നത് ഇന്ന് സ്ഥിരം വാർത്തയാണ്. ജീവിക്കുക, ജീവിക്കാൻ അനുവദിക്കുക എന്ന ഒരു കാഴ്പപ്പാടുണ്ടായിരുന്നുവെങ്കിൽ ലോകം പണ്ടേ സ്വർഗ്ഗതുല്യമായേനെ.

മുണ്ഡകോപനിഷത്തിലെ ശാന്തിമന്ത്രം ഇങ്ങിനെയാണ് തുടങ്ങുന്നത്. 'ഓം ഭദ്രം കർണ്ണേഭി ശൃണയാമദേവാ, ഭദ്രം പശ്യേമാക്ഷഭിൽയജത്രം' ,'ഭഗവാനേ കേൾക്കുന്നതെല്ലാം നല്ലതായിരിക്കേണമേ കാണുന്നതെല്ലാം നല്ലതായിരിക്കേണമേ എന്നർത്ഥം വരുന്ന പ്രാർത്ഥനയാണിത്. ഈ മന്ത്രത്തെ ഇങ്ങിനേയും വ്യാഖ്യാനിക്കാം'. ഭഗവാനെ ഞാൻ എന്തു കേട്ടാലും, എന്തു കണ്ടാലും ഒന്നും എന്റെ മനസ്സിനെ അലോസരപ്പെടുത്തരുതേ. കല്ലുള്ള പാതയിൽ കൂടി നടക്കുമ്പോൾ കല്ലിനെ കുറ്റം പറയാതെ ഒരു ജോഡി ചെരിപ്പ് ധരിക്കുകയല്ലേ നല്ലത്. നമ്മളുടെ കാഴ്പ്പാട് വിശാലമാക്കുക. കാഴ്പ്പാട് വിശാലമായെങ്കിൽ മാത്രമേ സ്വന്തം ജീവിതത്തെ കുറെക്കൂടി വിശാലമായ അർത്ഥത്തിൽ കാണാൻ കഴിയൂ. ബുദ്ധിയുടേയും വിവേകത്തിന്റേയും കണ്ണട യിൽ കൂടി മാത്രം അനുഭവങ്ങളെ നോക്കി കാണുക, തിരിച്ചറിയുക ചുവന്ന കണ്ണട വച്ച രാജാവിനെപ്പോലെ. അപ്പോൾ അനുഭവിക്കാം ശാന്തി.

# കാവ്യസരണിയിലൂടെ ഒരു തീർത്ഥയാത്ര



രമാ ശ്രീകുമാർ

ലോകത്തിലെ തന്നെ ഏറ്റവും മഹത്തരമായ ഭാഷകളിൽ ഒന്നാണ് മലയാളം. കാവ്യ ലോകത്തെ വിചാരവികാരങ്ങൾ നൽകുന്ന അനുഭൂതിയെ നെഞ്ചോട് ചേർത്ത് സ്നേഹിക്കുന്നവരാണ് മലയാളികൾ. താളലയാത്മകവും വൃത്തനിബന്ധവുമായ കവിതകളിൽ നിന്നും, വൃത്തമില്ലാത്ത കവിതകളായി വന്ന പരിണാമം. ആശയങ്ങളുടെ മനോഹരമായ വർണ്ണനാരീതി ചോർന്നുപോകാതെ തന്നെ ആധുനിക കവിതകളും സഹൃദയർക്ക് മുന്നിൽ സമർപ്പിക്കപ്പെട്ടു. വിശിഷ്യാ തൂലികയെ പുരാതന കാലത്തും ആധുനിക കാലത്തും ഭരണകൂടം ഭയപ്പെട്ടിരുന്നു. പ്രത്യേകിച്ചും കവികളെ ഒരു സന്ദേശം പൂർണമായി ഉൾക്കൊള്ളിക്കാൻ നാലുവരി കവിതക്ക് കഴിയും. അതാണ് കവിതയുടെ ചാരുത.

ചിത്രകാരന്റെ മനോഹരമായ സൃഷ്ടി പോലെ കവിത അനുവാചകന്റെ മനസ്സിൽ കുടി യേറുന്നു. പുരാതന കവിതകൾ ആത്മോൻമുഖമായി മാറിയ കവിതകളാണ്. അത്തരം കവിതകളെ ധിക്കരിക്കൽ ആധുനിക കവികളിൽ ചിലരുടെയെങ്കിലും രീതിയായി മാറിയിരിക്കുന്നു.

സത്യത്തിന്റെ മന്ത്രശക്തി കവിതയിൽ ഉണ്ടായിരിക്കണമെന്ന് അരവിന്ദമഹർഷി പറയുന്നു. മനനം ചെയ്യുന്നവനെ ത്രാണനം ചെയ്യുന്നതാണല്ലോ മന്ത്രം. ഇങ്ങനെയും പറയുന്നുണ്ട്, കവിതാരസം അനുഭവിക്കുന്നതിന് അയോഗ്യരായവരുണ്ട് എന്ന്. വരികൾ കവിയുടേതാണെങ്കിൽ, ആ വരികൾക്കർത്ഥം അനുവാചകരിൽ നിന്നും വരുന്നു. സാമൂഹിക പരിഷ്കരണത്തിന് പ്രത്യേക ഊന്നൽ കൊടുത്ത കവികൾ മലയാള പാരമ്പര്യത്തിന് ധാരാളമായുണ്ട്. വിശേഷിച്ചും കവിത്രയങ്ങളിലെ കവികൾ. സാമൂഹിക പരിഷ്കരണത്തിന് അഥവാ നവോത്ഥാനത്തിന് തൂലിക പടവാളാക്കിയ കവികളിൽ അഗ്രേസരനായിരുന്നു കവിത്രയത്തിലെ കുലപതി കുമാര നാശാൻ.

**'ഹാ ! പുഷ്പമേ അധിക തുംഗപദത്തിലെത്ര**
**ശോഭിച്ചിരുന്നിതൊരു രാജ്ഞി കണക്കയേ നീ**

എന്നു തുടങ്ങുന്ന വീണപൂവെന്ന വിലാപകാവ്യം തന്നെ മലയാളികളുടെ ചിന്താധാരയെ വഴി തിരിച്ചു വിട്ടു. സ്വന്തം നാടിനോടെന്നപോലെ തന്നെ ഭാഷയോടും വള്ളത്തോളിനുണ്ടായിരുന്ന മമതാബന്ധം അന്യാദൃശമെന്നേ പറയാവു.

**'സംസ്കൃതഭാഷതൻ സ്വാഭാവികൗജസ്സും സാക്ഷാൽ തമിഴിന്റെ സൗന്ദര്യവും**
**ഒത്തു ചേർന്നുള്ളൊരു ഭാഷയാണെൻ ഭാഷ,**
**മത്താടിക്കൊൾകഭിമാനമേ........നീ**

മഹാനായ വള്ളത്തോളിന്റെ സ്മരണ പോലും നമ്മിൽ അഭിമാനം കൊള്ളാതിരിക്കുവതെങ്ങിനെ?

പ്രപഞ്ചത്തിന്റെ സൗന്ദര്യമാണ് കവിത. പ്രത്യേകിച്ചും മലയാള കവിത. നാം മലയാളിയാണെന്ന് അഹങ്കരിച്ചു പോകുന്ന ധന്യമുഹൂർത്തം.

നൂതനമായ കാവ്യസരണിയും ഉൽകൃഷ്ടമായ ആദർശവും ലക്ഷ്യവും കൈമുതലായുള്ള ഉള്ളൂർ എസ്. പരമേശ്വരൻഅയ്യരെ നമുക്ക് മനസ്സിലാക്കാൻ അദ്ദേഹത്തിന്റെ രണ്ടു വരി കവിത തന്നെ ധാരാളം.

**'അരങ്ങുലയ്ക്കാനരചൻ മതിയാ, മതിനു കൊഴുപ്പേകാ**
**നനുചരനാവാമണിയാടകളല്ലഭിനയമതു സിദ്ധം'**

മറ്റാരുടെ കൈകളിലാണ് ഇതിത്ര സുരക്ഷിതമാകുക. അദ്ദേഹത്തിന്റെ കാലത്ത് ഒരബദ്ധ ധാരണ നാട്ടിൽ പരന്നിട്ടുണ്ടായിരുന്നു. ശബ്ദലാളിത്യം മഹാകവിക്കു ബുദ്ധി മുട്ടുളവാക്കുന്നുവോ ? അതിനു മറുപടി ഇതു തന്നെ ധാരാളം.

**'ഉണ്ണികൾ തൻ കളിയുള്ളം കുളിർപ്പിച്ചു**
**ധന്യനായ് തീരാത്ത താതനുണ്ടോ?'**

മലയാള കവിതാ ലോകത്തെ എല്ലാത്തരം പ്രസ്ഥാനങ്ങളെയും തഴുകിക്കൊണ്ട് അന്യൂനശക്തിയാർജ്ജിച്ചൊഴുകുന്ന കാവ്യവാണി

യാണ് ഉള്ളൂർ കവിതകൾ. മലയാളകവിതയുടെ ശക്തനായ വക്താവാണ് ജി. ശങ്കരക്കുറുപ്പ്. ഭാരതീയ ജ്ഞാനപീഠ ത്തിന്റെ പ്രഥമപുരസ്കാര ജേതാവാണല്ലോ അദ്ദേഹം. ദാ, ഈ കവിതാശകലം നമ്മെ കൂട്ടിക്കൊണ്ടു പ്പോകുന്നതെവിടേയ്ക്കാണെന്ന് നോക്കാം.

**'ഉളി ഞാൻ പിടിപ്പിച്ച കൈകളാലെൻ കുഞ്ഞപ്പോ**
**ന്നൊളി ചിന്നിടും ക്ഷേത്രധ്വജത്തിൻ തുംഗാഗ്രത്തിൽ**
**പറന്നങ്ങിരിക്കുമ്പോൾ ചെത്തിയ ഗരുഡന്റെ**
**ചിറകു ചലിപ്പതുണ്ടിപ്പൊഴുമെന്നെ തോന്നു.'**

അതുപോലെ, സിമ്പോളിക് കവിതാ ചിന്താധരണി മലയാള കവിതാ പ്രേമികൾക്ക് തുറന്നു കൊടുത്ത നിസ്സർഗ്ഗ സുന്ദരമായ കാവ്യബിംബങ്ങളുടെ മുതലാളി ആയിരുന്നു സാക്ഷാൽ ജി. ശങ്കരകുറുപ്പ്.

**'പാതവക്കത്തെ മരത്തിൻ കരിനിഴൽ**
**പ്രേതം കണക്കെ ക്ഷണത്താൽ വളരവേ'**

ഇവിടെ പ്രേതത്തെപ്പോലും വളർത്തുന്ന നമ്മുടെ വിശ്രുത കവി.

മരണത്തെപ്പോലും വെല്ലുന്ന ജീവിതത്തിന്റെ സംഗീതം വിജയഗാഥകളായി വായനക്കാർക്കു മുന്നിൽ ഇങ്ങനെ ഉയർത്തെണിൽക്കുന്നു, വൈലോപ്പിള്ളി കവിതകളായ്.

**'മൃതിപൂണ്ടവസാന മാനവൻ മറഞ്ഞാലും**
**പിതൃഭൂമിയിൽ നിന്നു പിന്നെയും കൂവും നിങ്ങൾ,**
**എങ്ങ മായുന്നു നിങ്ങൾ പകലിൽ വെളിച്ചത്തിൽ**
**എങ്കിലും കാണാറില്ലേ നിങ്ങളെയെമ്പാടും ഞാൻ'**

കുറുക്കൻമാരെക്കുറിച്ചാണി കവിതയെങ്കിലും അർത്ഥതലത്തിന്നഗാധതയിലേക്ക് മുങ്ങിയാൽ വ്യക്തചിത്രത്തിൻ മുത്തുകൾ കിട്ടും. കവിയും കവിതയുമെന്നൊക്കെ കേൾക്കുമ്പോൾ തന്നെ നമ്മുടെ മനസ്സിലേയ്ക്കോടിയെത്തും മലയാളത്തിന്റെ മാധുര്യ മൂറുന്ന പദസമ്പത്താം ഫലങ്ങൾ നമുക്കേകിക്കൊണ്ട് ചങ്ങമ്പുഴ കൃഷ്ണപിള്ള. കവിതാസാഗരത്തിനു കരയിൽ നിന്നെത്തി നോക്കുന്നവർക്കു പോലും സുപരിചിതനല്ലോ അദ്ദേഹം. ഇരുളടഞ്ഞ വഴികളിലൂടെ യാത്ര ചെയ്യുമ്പോഴും, സങ്കല്പത്തിൻ സുഖാനുഭൂതി നമുക്കേകുന്നു കവി.

**'മണ്ണടിഞ്ഞു ഞാ, നെങ്കിലുമിന്നും**
**എന്നണുക്കളി, ലേവ, മോരോന്നും**
**ത്വൽപ്രണയസ്മൃതികളുലാവി**
**സ്വപ്ന നൃത്തങ്ങളാടുന്നു, ദേവി**
**നാളെയോണവുമുണ്ടോ, കഥിപ്പിൻ**
**നാകകളേ നിങ്ങൾ തൻ നാട്ടിൽ......'**

ഈ കവിമനസ്സിനെ ഓർക്കാതെ നാമേതു കവിതയെകുറിച്ചോർക്കാൻ. നറുനിലാവൊ ളിയിൽ ഏഴഴകും ചാലിച്ച് ദിവ്യമായ അഴകു തുന്നി കവിതകളിൽ ചാർത്തിയിരുന്നു ചങ്ങമ്പുഴ.

കവിതാരചനയുടെ അതേ ഗൗരവത്തിൽ ചലച്ചിത്ര ഗാനരചനയെയും കണ്ടിരുന്ന കവിയാണ് വയലാർ രാമവർമ്മ. ജനകീയ വിചാരങ്ങളുടെ ജ്വലനവും അനുസ്യൂത പദപ്രവാഹവും അദ്ദേഹത്തിന്റെ കവിതകളുടെ മുഖമുദ്രയാണ്.

**'കണ്ടു ഞാനിന്നലെ**
**രണ്ടു മാളങ്ങളിൽ കാളി**
**സർപ്പങ്ങളെ മുട്ടയിടുവ കൂട്ടുന്നു ജീവിതം!**
**പുസ്തകൾക്കുള്ളിൽ പുരോഹിതൻ മാതിരി!'**

ഇതു പറയാനൊരു വയലാർ മാത്രം. വിപ്ലവത്തിന്റെ രാസത്വരകമെന്തെന്ന് ചിന്തിക്കുന്നവരെ പഠിപ്പിച്ച കവി വര്യൻ. കവി സ്വന്തം കവിചേതനയിലെ ഉത്തമ ഘടക മായ മാനവികതയും ആദർശസ്നേഹവും കൊണ്ടു വന്നിരുന്നു. കാവ്യലക്ഷ്യത്തെക്കുറിച്ചും ചരിത്രഗതിയെക്കുറിച്ചും അദ്ദേഹത്തിന് സ്വന്തമായ വിശ്വാസപ്രമാണങ്ങളുണ്ടായിരുന്നു. മാനവജീവിതഗാഥയിൽ വിജയവീര്യം നിറച്ചിരുന്ന കവി-മലയാളികളുടെ വികാരങ്ങൾ പൂർണ്ണമായും ഉൾക്കൊണ്ട് കവിതയെ സാധാരണക്കാരുടേതാക്കി മാറ്റിയ കവി.

പതുക്കെപ്പതുക്കെ കവിത ആധുനികതയിലേക്കു വന്നു. മാനവസൗന്ദര്യസങ്കല്പത്തിന് ഉണ്ടായ മാറ്റം പോലെ സൗന്ദര്യ സമൂർത്ത ഭാവത്തിലൊരു ശില്പം, ശില്പിയുടെ കരവിരുതാൽ ജനിക്കുന്നു. എന്നാലതിന്റെ ചാരുത ശില്പിയുടെ മനതാരിലാദ്യം ജനിച്ചു. കാലമേറെക്കഴിയുമ്പോൾ ആ മോഹനശില്പം മാറുന്നില്ല. അത് നോക്കിക്കാണുന്ന കണ്ണുകളിൽ നവചിന്താധാരകൾ മുളപൊട്ടുന്നു.

ചുരുക്കിപ്പറഞ്ഞാൽ കവികൾ അവതരിപ്പിക്കുന്ന വികാരവിചാരധാരകളുടെ യാദൃച്ഛികതയും അനിവാര്യതയും മനുഷ്യകുലത്തിന്റെ ജീവിത അന്തർധാരയായി വർത്തിക്കുന്നു എന്ന യാഥാർത്ഥ്യം വ്യക്തമാണ്. മലയാള കവിതാകുലത്തിലെ കാരണവൻമാർക്ക് മുന്നിൽ ഒരുപിടി തുളസീദളങ്ങൾ നമുക്ക് അർപ്പിക്കാം.



കെ. കെ. ഉഷ

# തോട പറഞ്ഞ കഥ

സ്വർണ്ണം കൊണ്ട് ഉണ്ടാക്കിയ ഒരു സുന്ദരി തോടയാണ് ഞാൻ. മുപ്പത്തഞ്ച് കൊല്ല ത്തോളം സുന്ദരിയായ ദേവയാനി അമ്മയുടെ വലത്തെ ചെവിയിൽ കവിളിനോട് ചേർന്ന് കിട ന്നവൾ. എനിക്ക് ഒരു ഇരട്ടയുണ്ടായിരുന്നു. അവൾ ദേവയാനി അമ്മയുടെ ഇടത്തെകാതി ലായിരുന്നു. ഇന്നവൾ എവിടെയാണെന്ന് എനി ക്കറിയില്ല. എന്റെ തന്നെ രൂപവും വ്യക്തിത്വവും താമസിയാതെ ഇല്ലാതാകും അസഹ്യമായ ചൂടിൽ ഞാൻ ഉരുകി ആകൃതിയില്ലാത്ത ഒരു സ്വർണ്ണ കഷ്ണമാകും. അങ്ങിനെ ഓർമ്മകളി ല്ലാത്ത ഒരു ലോകത്തേക്ക് പോകും മുൻപെ ഞാൻ എന്റെ കഥയൊന്ന് പറഞ്ഞു തീർക്കട്ടെ.

എന്റെ കഥയും 'ദേവൂട്ടീ' എന്ന് സ്നേഹത്തോടെ അവരുടെ മാധവേട്ടൻ വിളി ച്ചിരുന്ന ദേവയാനി അമ്മയുടെ കഥയും ഏറെ കുറെയെല്ലാം ഒന്നു തന്നെയാണ്. എന്റെ എന്ന് പറയുമ്പോൾ അത് എന്റെ ഇരട്ടസഹോദരി യുടെ കൂടിയാണ്. മുപ്പത്തഞ്ചു വർഷത്തെ ഞങ്ങളുടെ ജീവിതം ദേവയാനി അമ്മയുടെ കവിളിൽ ഒട്ടിക്കിടന്ന് അവരിലൂടെ അനുഭവിച്ച താണ്. അതിനു മുൻപ് ഉള്ള അവരുടെ കഥ അവർ മറ്റുള്ളവരോട് പറയുന്നത് ഞങ്ങൾ കേട്ട് മനസ്സിലാക്കിയതാണ്. പതിനെട്ട് വയസ്സ് തിക യുന്നതിന് മുൻപ് വിവാഹം കഴിഞ്ഞ് മാധവേ ട്ടന്റെ തറവാട്ടിലേക്ക് വലതുകാൽ വെച്ച് കയറു മ്പോൾ ആരോപറഞ്ഞു. 'സാക്ഷാൽ മഹാല ക്ഷ്മി തന്നെ' കണ്ണു കിട്ടാതിരിക്കുവാൻ മുത്തശ്ശി ഉടനെ തന്നെ ഉഴിഞ്ഞ് മുളകും ഉപ്പും അടുപ്പിൽ ഇട്ടു.

കർഷക കുടുംബമാണ് മാധവേട്ടന്റേത്. സുന്ദരനും അരോഗദൃഢഗാത്രനുമായിരുന്നു മാധവേട്ടൻ. തനിക്ക് എന്തുകൊണ്ടും ചേർന്ന ഭർത്താവായിരുന്നു എന്ന് അവർ എപ്പോഴും പറ യുമായിരുന്നു.താൻ വന്നു കയറിയ ശേഷം അടിവെച്ചടിവെച്ച് ഭർത്താവിന്റെ തറവാടിന് മേൽപോട്ട് കയറ്റമായിരുന്നു എന്ന് അവർ അഭി മാനിക്കും. മാധവേട്ടൻ അതു ശരിവെക്കുക മാത്രമല്ല ഭാര്യയെ കുറെക്കൂടി പുകഴ്ത്തുകയും ചെയ്തിരുന്നു. ബന്ധുക്കളും സ്നേഹിതരും മാധവേട്ടനെ കളിയാക്കും 'പെൺകോന്തൻ' എന്നുവരെ വിളിക്കും. പക്ഷെ അവർക്ക് രണ്ടു പേർക്കും അവർ തമ്മിലുള്ള സ്നേഹത്തിൽ വലുതായി ഒന്നും ഇല്ലായിരുന്നു. അവരോട് ഒത്ത് കഴിഞ്ഞകാലങ്ങളിൽ ഞങ്ങളുടെ അനുഭ വവും അത് തന്നെയായിരുന്നു.

ദേവയാനി അമ്മ വന്ന് കയറിയശേഷം ആദ്യത്തെ കൊയ്ത്തിൽ അതുവരെ കിട്ടിയിട്ടി ല്ലാത്ത മേനി. അവർ സീമന്ത പുത്രനെ ഗർഭം ധരിച്ചിരിക്കുന്ന സമയം. ആ നാട്ടിൽ പുറത്ത് ലഭിക്കാവുന്ന എല്ലാ ഗർഭരക്ഷയും പ്രസവശു ശ്രൂഷയും മാധവേട്ടൻ തനിക്ക് നല്കിയിരുന്നു വെന്ന് അവർ എത്ര വട്ടം പറഞ്ഞ് ഞങ്ങൾ കേട്ടി രിക്കുന്നു.

ഞങ്ങൾ അവരുടെ ജീവിതത്തിലേക്ക് കടന്ന് ചെല്ലുന്നതിനു മുൻപ് അവർക്ക് നാല്

മക്കൾ ജനിച്ചിരുന്നു. രണ്ടാണും രണ്ടുപെണ്ണും. പിന്നെ ഒരിടവേള എല്ലാവരും ചോദിച്ചു എന്താ നാലോടെ നിറുത്തിയോ? ധാരാളം പുരയിട ങ്ങളും വയലുകളും വാങ്ങികൂട്ടിയിട്ടുണ്ടല്ലോ. അതൊക്കെ കൊണ്ടുനടക്കാൻ മക്കൾ വേണ്ടേ? അവർ മറുപടി ഒന്നും പറഞ്ഞില്ല. അടുപ്പിച്ചടു പ്പിച്ച് ഉള്ള ഗർഭധാരണവും പ്രസവവും അവ രുടെ ആരോഗ്യം കുറയ്ക്കുമോ എന്ന് മാധ വേട്ടൻ ഭയന്നിരുന്നു. ആയിടെയാണ് മാധവേട്ടനെയും കൂട്ടി അവർ കാവിൽ പോയ പ്പോൾ കാതിൽ വലിയ തോട ധരിച്ച പ്രായമായ ഒരു ആത്തേമാരെ കണ്ടത്. മാധേവേട്ടൻ ചോദിച്ചു 'ദേവൂട്ടിക്ക് അതുപോലൊരു തോട വേണോ'? ആഗ്രഹമുണ്ടായിട്ടും അവർ പറഞ്ഞു 'വേണ്ട. നമ്മളെല്ലാം അതിട്ടാൽ ആളുകൾ കളി യാക്കും'. പക്ഷെ മാധവേട്ടൻ അപ്പോൾ തന്നെ ഉള്ളിൽ ഒരു തീരുമാനമെടുത്തു . ദേവൂട്ടിക്ക് ഇതിലും ഭംഗിയുള്ള തോട ഞാൻ പണിയിക്കും. അത് അണിയുമ്പോൾ അവൾ കൂടുതൽ സുന്ദ രിയാകും. പുരയിടങ്ങളിൽ നിന്ന് ധാരാളം തേങ്ങ കിട്ടുന്നുണ്ട്. വിലയും കൂടിവരുന്നു. എല്ലാം ദേവൂട്ടിയുടെ വർക്കത്തല്ലെ. പക്ഷെ ഈ തീരുമാനം മാത്രം അവരുമായി പങ്കുവെച്ചില്ല ത്രെ.

ഒരു ദിവസം അങ്ങാടിയിൽ പോകുന്ന വഴി മാധവേട്ടൻ ആ ഗ്രാമത്തിലെ ഏറ്റവും മിടു ക്കനായ സ്വർണ്ണപണിക്കാരൻ മണിയന്റെ അടുത്ത് പോയി ദേവൂട്ടിക്ക് തോടയുണ്ടാക്കുന്ന തിനെകുറിച്ച് സംസാരിച്ചു. അതിന് വേണ്ടി വരുന്ന തുക തനിക്ക് യാതൊരു ബുദ്ധിമുട്ടുമി ല്ലാതെ താങ്ങാമെന്ന് ഉറപ്പാക്കി. പിന്നെ അതിന്റെ മാതൃക കാണിക്കണം. വളരെ മടിച്ച് താൻ കാവിൽവെച്ചു കണ്ട തോടയെകുറിച്ച് പറ ഞ്ഞു. അതിനുശേഷം അവിടെ തൂക്കിയിട്ട കല ണ്ടറിൽ കാണുന്ന ദേവിയുടെ ചിത്രത്തിലെ കർണ്ണാഭരണം കാണിച്ചുകൊടുത്തു. ഒടുവിൽ ഏറ്റവും ഭംഗിയായിരിക്കണമെന്നും പറഞ്ഞു. കാവിൽ കണ്ട തോടയെക്കുറിച്ച് മണിയന് അറി യാമായിരുന്നു. അതിലും ഭംഗിയായി പണിയാ മെന്ന് ഏറ്റു; മുൻകൂർ പണവും വാങ്ങി. അന്ന് വീട്ടിൽ തിരിച്ചെത്തിയപ്പോൾ മാധവേട്ടന്റെ മുഖത്തെ പ്രത്യേക സന്തോഷം കണ്ടിട്ട് അവർ ചോദിച്ചത്രെ എന്താണ് ഇന്ന് അങ്ങാടിയിൽ തേങ്ങയ്ക്ക് നല്ലവില കിട്ടിയെന്ന് തോന്നുന്നു. അതൊന്നുമല്ല എന്ന് ചിരിച്ചുകൊണ്ട് പറഞ്ഞിട്ട് മാധേവേട്ടൻ പൊതിഞ്ഞു കൊണ്ടുവന്ന പല ഹാരം മക്കൾക്ക് കൊടുത്തു.

ദിവസങ്ങൾ കുറെ കഴിഞ്ഞു. ദേവ യാനി അമ്മ ആ തോടയുടെ കാര്യം തന്നെ മറ ന്നു. ഇതിനിടെ അവർ അറിയാതെ ഞങ്ങൾ ജന്മ മെടുക്കുകയായിരുന്നു. ഇരട്ടകളാണെങ്കിലും ഞാനാണ് ആദ്യം ജനിച്ചത്. എന്നെ കാണിച്ച പ്പോൾ മാധവേട്ടൻ സംതൃപ്തനായി. തുടർന്ന് രണ്ടാമത്തെ തോടയും പണിതീർന്നു. ഞങ്ങളെ രണ്ടുപേരെയും അടുത്തടുത്ത് വെച്ച് മണിയൻ തന്റെ കരവിരുതിൽ അഭിമാനം കൊണ്ടു. ചേർത്തുവെച്ച് ഒരു ദിവസം മാധവേട്ടൻ വന്ന് ഞങ്ങളെ കണ്ട് വളരെ സന്തോഷമായി. ഞങ്ങ ളുടെ രൂപമെന്തെന്ന് ഞങ്ങൾക്ക് അന്നറിഞ്ഞു കൂടായിരുന്നു. അവരുടെ സംസാരത്തിൽ നിന്ന് ഞങ്ങൾ സുന്ദരികളാണെന്ന് തീർച്ചയാക്കി. ഞങ്ങളെ ഒരു ചുവന്ന കടലാസിൽ പൊതിഞ്ഞ് അതിന് മുകളിൽ ഒരു വർത്തമാനപ്പത്രം കൊണ്ട് പൊതിഞ്ഞ് ചുവന്ന ചരടിൽ കെട്ടി മണിയൻ മാധവേട്ടനെഏല്പിച്ചു. മാധവേട്ടൻ മടിയിൽ ഭദ്രമായി തിരുകിവെച്ച് വീട്ടിലേക്ക് നട ന്നു. ഞങ്ങൾ പുറമെ നടക്കുന്നതൊന്നും അറി യാതെ ആകാംഷയോടെ കാത്തിരുന്നു. ഞങ്ങളെ അണിയാൻ പോകുന്ന മാധവേട്ടന്റെ സുന്ദരിയായ ദേവൂട്ടി എങ്ങനെയിരിക്കും? അവർക്ക് ഞങ്ങളെ ഇഷ്ടമാകുമോ?അന്ന് ഞങ്ങൾക്ക് അറിയില്ലായിരുന്നു അവർ തമ്മിലു ള്ള ഹൃദയബന്ധത്തിന്റെ തീവ്രത. ഞങ്ങൾ എത്ര വിരൂപികളായാലും മാധവേട്ടന്റെ കയ്യിൽ നിന്ന് കിട്ടുന്നതായതു കൊണ്ട് 'ദേവൂട്ടിക്ക്' ഞങ്ങൾ ഏറ്റവും സന്തോഷം നല്കുന്ന സമ്മാ നമായിരിക്കും. ഇനിയുള്ള വർണ്ണനയെല്ലാം ദേവയാനിഅമ്മ പറഞ്ഞതാണ്.

മാധവേട്ടൻ അന്ന് പതിവിൽ കൂടുതൽ വൈകിയതുകൊണ്ട് അവർ ആകാംഷയോടെ പൂമുഖത്ത് കാത്തു നില്ക്കുകയായിരുന്നു. നില വിളക്ക് കത്തിച്ചുവെച്ചിരുന്നു. കുട്ടികൾ നാമ ജപം കഴിഞ്ഞ് പഠിക്കാനിരുന്നു. ദൂരെനിന്ന് തന്നെ മാധവേട്ടൻ കണ്ടു. കുളികഴിഞ്ഞ് ഈറൻ മുടി അഴിച്ചിട്ടുകൊണ്ട് തന്നെ കാത്തുനി ല്ക്കുന്ന തന്റെ ദേവൂട്ടിയെ. അവളുടെ അടുത്തെത്താൻ കാലുകൾക്ക് വേഗത പോര

എന്ന് തോന്നി. പൂമുഖത്തേക്ക് കയറുമ്പോൾ അവർ ചെറിയ പരിഭവം അഭിനയിച്ച് എന്താണി ത്ര വൈകിയത് എന്ന് ചോദിച്ചടുത്തു ചെന്നു. ചിരിച്ചുകൊണ്ട് മാധവേട്ടൻ പറഞ്ഞു അതൊ ക്കെയുണ്ട് പറയാം. ഞാനൊന്ന് കുളിച്ചുവരട്ടെ. മടിയിൽ നിന്ന് പൊതിയെടുത്ത് കയ്യിൽ കൊടു ത്തിട്ട് പറഞ്ഞു.'ഇത് അകത്തുകൊണ്ടുപോയി വെയ്ക്കു' ഇതെന്താണ് പ്രസാദമാണോ ദേവൂട്ടി സംശയം ചോദിച്ചു. പ്രസാദമാകാം നൈവേ ദ്യമാകാം . നീ തരുമ്പോൾ പ്രസാദം, ഞാൻ തരു മ്പോൾ നൈവേദ്യം ഈ മറുപടിയൽ നിന്ന് ദേവ യാനി അമ്മയ്ക്ക് ഒന്നും മനസ്സിലായില്ല. എങ്കിലും ഭർത്താവ് പറഞ്ഞതനുസരിച്ച് അവർ ആ പൊതി കിടപ്പറയിൽ കൊണ്ടുപോയി സൂക്ഷിച്ചു വെച്ചു.

വളരെ പെട്ടെന്ന് തന്നെ മാധേവട്ടൻ കുളികഴിഞ്ഞ് വന്നു. അവരോട് പൊതി എടു ത്തുവന്ന് തന്റെ അരികിലിരിക്കുവാൻ പറഞ്ഞു. മാധവേട്ടന്റെ മുഖഭാവം കണ്ട് അവർ തെല്ല് അത്ഭുതപ്പെടാതിരുന്നില്ല. ആ മുഖത്ത് സ്നേഹ വായ്പും ഒരുതരം ആരാധനാഭാവവും. മാധ വേട്ടൻ പതുക്കെ പൊതിയഴിച്ച് ഞങ്ങളെ പുറ ത്തേക്ക് എടുത്തു. അവരുടെ നേരെ നീട്ടി. അത്ഭുതം കൊണ്ട് ഒരു നിമിഷം അവർക്ക് ശ്വാസം നിന്ന പോലെ തോന്നി. പിന്നെ വേഗം എഴുന്നേറ്റ് മാധവേട്ടന്റെ കാൽ തൊട്ട് തൊഴുത് രണ്ടുകയ്യും നീട്ടി വാങ്ങി തന്റെ രണ്ട് കണ്ണിലും ചേർത്ത് പിടിച്ചു. വിവാഹമണ്ഡപത്തിൽ വെച്ച് പുടവ സ്വീകരിച്ചതുപോലെ. രണ്ടു പേരുടെയും കണ്ണുകൾ നിറഞ്ഞ് ഒഴുകുകയായിരുന്നു. മാധ വേട്ടൻ വികാരം കൊണ്ട് ഇടറിയ സ്വരത്തിൽ 'ദേവൂട്ടി നീ ഇത് കാതിൽ അണിയു ഞാനൊന്ന് കാണട്ടെ' ഞങ്ങൾ അങ്ങിനെയാണ് അവരുടെ മുഖം ആദ്യമായി കാണുന്നത് സുന്ദരി തന്നെ. ഇപ്പോഴും ഞങ്ങൾക്ക് സ്വന്തം രൂപം കാണുവാൻ കഴിഞ്ഞിട്ടില്ലായിരുന്നു. ഞങ്ങളേയും കൊണ്ട് അവർ കണ്ണാടിയുടെ മുൻപിലേക്ക് നീങ്ങി. കാതിൽ കിടന്നിരുന്ന കമ്മലുകൾ അഴിച്ചുമാറ്റി മാധവേട്ടന്റെ സഹായത്തോടെ ഞങ്ങളെ ഇരു കാതുകളിലും അണിഞ്ഞു. അപ്പോഴാണ് ഞങ്ങൾ എത്ര സുന്ദരികളാണെന്ന് മനസ്സിലാ യത്. കൊള്ളാം. ഞങ്ങളെ അണിയുവാൻ അർഹയായ ഒരു സുന്ദരിയാണ് ദേവയാനി അമ്മ. മാധവേട്ടൻ അവരെ തിരിച്ച് തന്റെ നേരെ നിർത്തി മാറോടു ചേർത്ത് പുണർന്നുകൊണ്ട് പറഞ്ഞു. എന്റെ ദേവൂട്ടി എത്രസുന്ദരിയായിരി ക്കുന്നു. 'അപ്പോൾ തോടയില്ലെങ്കിൽ ഞാൻ സുന്ദരിയല്ലന്നാണോ' അവർ പരിഭവം അഭിനയി ച്ചു. " അങ്ങിനെയല്ല. കാവിലെ ദേവിവിഗ്രഹം എത്ര സുന്ദരമാണ്. പക്ഷെ തിരുവാഭരണങ്ങൾ കുടിച്ചാർത്തുമ്പോഴോ" മാധവേട്ടൻ തന്നെ ദേവിയുമായി ഉപമിച്ചപ്പോൾ ആണ് അവർക്ക് നേരത്തെ പറഞ്ഞ പ്രസാദത്തിന്റേയും നിവേ ദ്യത്തിന്റേയും അർത്ഥം മനസ്സിലായത്. കുട്ടി കൾ പഠിച്ചുകൊണ്ടിരിക്കുന്നിടത്തു നിന്ന് വഴ ക്കുകൂടുന്ന ശബ്ദം കേട്ട് അവരിരുവരും തങ്ങ ളുടെ മാത്രമായ സ്വർഗ്ഗലോകത്തുനിന്ന് താഴെ ഇറങ്ങി അങ്ങോട്ട് തിരിക്കാൻ തുടങ്ങി. പെട്ടെന്ന് ശങ്കിച്ച് നിന്നുകൊണ്ട് അവർ പറ ഞ്ഞു.'ഈ തോടയുമണിഞ്ഞ് എങ്ങിനെകുട്ടിക ളുടെ മുൻപിൽ പോകും. ഞാനിത് അഴിച്ചുവെ ച്ചിട്ട് പോകാം.' മാധവേട്ടൻ അല്പം ഉറച്ചസ്വര ത്തിൽ തന്നെ മറുപടി നല്കി."ഇല്ല,നീ ഈ തോട നിന്റെ കാതിൽ നിന്ന് ഒരിക്കലും മാറ്ററു ത്. ആർക്കുവേണ്ടിയും . വരു നമുക്ക് രണ്ടു പേർക്കും കൂടി പോകാം കുട്ടികളുടെ അടു ത്തേക്ക്". അമ്മയുടെ കാതിലെ പുതിയ ആഭ രണം കണ്ടിട്ട് ആൺമക്കൾ ഒന്നും പറഞ്ഞില്ല. പെൺകുട്ടികൾ മാത്രം ചെറിയ താല്പര്യം കാണിച്ചു. 'ഇത് വലിയ ആളുകൾക്ക് മാത്രമേ ഇടാൻ പറ്റുള്ളു അല്ലേ'?

മക്കളോട് അത്താഴം കഴിക്കുവാൻ വരാൻ പറഞ്ഞുകൊണ്ട് ദേവയാനിയമ്മ അടു ക്കള ഭാഗത്തേക്ക് നടന്നു. ഞങ്ങൾ അവരുടെ കവിളത്ത് ഒട്ടിചേർന്ന് ആ വീട്ടിലെ ഓരോ മുറിയും അത്ഭുതത്തോടെ നോക്കികണ്ടു. മാധ വേട്ടനും കുട്ടികളുടെ അടുത്തുനിന്ന് പതുക്കെ പുറത്തേക്ക് കടന്നു. അടുത്ത മുറിയിൽ രണ്ടടിവെച്ചേയുള്ളു. മൂത്തമകന്റെ ഉറക്കെയുള്ള സംസാരം കേട്ടു. "നമ്മളിൽ ആരോടാണ് അച്ഛന് കൂടുതൽ സ്നേഹം" എന്ന് ആശാൻ ചോദിച്ചപ്പോൾ ഞങ്ങളോടല്ല അമ്മയോടാണ് അച്ഛന് കൂടുതൽ സ്നേഹം എന്ന് ഞാൻ മറു പടി പറഞ്ഞതിന് നിങ്ങളെല്ലാവരും എന്നെ കുറ്റംപറഞ്ഞില്ലേ? ഇപ്പം എന്തായി? നമുക്ക്

അച്ഛൻ കൊണ്ടുവരുന്നത് പലഹാരപ്പൊതി അമ്മയ്ക്കോ ‘സ്വർണ്ണപ്പൊതി’. മക്കൾക്ക് അമ്മയോട് അസൂയയോ? മാധവേട്ടന്റെ ഉള്ളൊന്നു പിടഞ്ഞു. പിന്നെ കരുതി കുട്ടികൾ തമാശ പറയുന്നത് കാര്യമാക്കാനില്ല. ഏതായാലും ദേവൂട്ടി അറിയേണ്ട. പിന്നീട് അവർ തമ്മിൽ അതിനെക്കുറിച്ച് സംസാരിക്കുന്നത് ഞങ്ങൾ കേട്ടു.

എല്ലാവരും കുടി അത്താഴത്തിനിരുന്നപ്പോൾ പിന്നെ കളിയും തമാശയുമായി. ഏറ്റവും ഒടുവിൽ ദേവയാനി അമ്മ ചെറുപയറിന്റെ പായസം വിളമ്പിയപ്പോൾ മൂത്തവൻ ചോദിച്ചു ‘എന്താ അമ്മേ പായസം പുതിയ തോടയുടെ പേർക്കാണോ?’ അവർ ഒട്ടും വിഷമം മുഖത്ത് കാണിക്കാതെ പറഞ്ഞു. ‘അല്ലമോനെഇന്ന് നിന്റെ പക്കപിറന്നാളാണ്”, ‘ഇതെല്ലാം അമ്മയല്ലാതെ ആരാണ് മോനെ ഓർക്കാൻ’ മാധവേട്ടൻ കൂട്ടിച്ചേർത്തു. ആ മൂത്തവന്റെ മുഖം കണ്ടപ്പോൾ ഞങ്ങൾക്ക് തോന്നി ഇയാൾക്ക് ഞങ്ങളോട് അസൂയയാണോ? അന്നയാളുടെ പേർ ഞങ്ങൾക്ക് അറിയില്ലായിരുന്നു. അത്താഴം കഴിഞ്ഞ് കുട്ടികൾ ഉറങ്ങാൻ കിടന്നു പുറത്തേയ്ക്ക് വാതിലുകളെല്ലാം അടച്ചോ എന്ന് നോക്കി നാളത്തെ കാര്യങ്ങളെകുറിച്ച് ജോലിക്കാർക്ക് ഉള്ള വേണ്ട നിർദ്ദേശം നല്കിയ ശേഷം ദേവയാനി അമ്മ തന്റെ കിടപ്പറയിലേക്ക് നടന്നു. മാധവേട്ടനെകണ്ടപ്പോൾ അവർക്ക് ഒരു നവോഢയെപ്പോലെ നാണം വന്നു. വിളക്കണച്ച് അവർ കിടന്നപ്പോഴാണ് ഞങ്ങൾക്കും ഒരു കാര്യം ബോദ്ധ്യമായത് ഇന്നു മുതൽ രാത്രിയിൽ ഇവർ തമ്മിൽ സംസാരിക്കുന്ന എല്ലാകാര്യങ്ങളും ഞങ്ങളാണ് ആദ്യമായി അറിയുക. അങ്ങിനെ അവരുടെ സന്തോഷങ്ങൾക്കും ദുഖങ്ങൾക്കും വർഷങ്ങളോളം ഞങ്ങൾ മൂകസാക്ഷികളാകേണ്ടിവന്നു.

ദേവയാനി അമ്മ അഞ്ചാമത് ഗർഭിണിയായതും പുറം ലോകം അറിയുന്നതിന് മുൻപായി മാധവേട്ടനോടൊപ്പം അറിഞ്ഞത് ഞങ്ങൾ മാത്രമാണ്. ഇതിനിടെ ഞങ്ങൾ നാട്ടിൽ ഒരു ചർച്ചാവിഷയമായിരുന്നു. ഞങ്ങളെയും അണിഞ്ഞ് കാവിൽ തൊഴാൻ പോയപ്പോഴാണ് ഇതിന്റെ തുടക്കം ഞങ്ങളാണോ ഞങ്ങളെ അണിഞ്ഞിരുന്ന ദേവയാനി അമ്മയാണോ നെയ്യ്വിളക്കിന്റെ പ്രകാശത്തിൽ കുടുതൽ തിളങ്ങിയത്? അവരുടെ അഞ്ചാമത്തെ ഗർഭമാണെന്നറിഞ്ഞപ്പോൾ പലരും ചോദിച്ചു എന്താണ് നാലുമതിയെന്ന് കരുതിയതല്ലേ. ഇപ്പോൾ ഇത് തോടയുടെ പേരിലാണോ?

അല്ലെന്ന് മുഴുവനും തുറന്നു പറയുവാൻ ഞങ്ങൾക്ക് കഴിയില്ല. ഞങ്ങളെ ആദ്യം അണിഞ്ഞ രാത്രിയിൽ ദേവയാനി അമ്മ അതീവ സുന്ദരിയായി മാധവേട്ടന് തോന്നിയെങ്കിൽ അതിൽ തെറ്റില്ല. പക്ഷെ ഇതെല്ലാം മറ്റാരോടും പങ്കുവെയ്ക്കാൻ പാടില്ലാത്ത ഞങ്ങളുടെ മാത്രം അറിവാണ്. അഞ്ചാമത്തെ കുഞ്ഞ് ആണായിരുന്നു.

എത്രവേഗമാണ് ദിവസങ്ങൾ കടന്നുപോയത് മാധവേട്ടന്റെ മക്കൾ പഠിക്കാൻ മിടുക്കരായിരുന്നു. അവർ നല്ല മാർക്ക് വാങ്ങുകയും ഉയർന്ന ബിരുദങ്ങൾ നേടുവാൻ ആഗഹിക്കുകയും ചെയ്തു. മക്കളുടെ ഈ ആഗ്രഹത്തിനു വേണ്ടി എന്തു ത്യാഗവും സഹിക്കുവാനും ആ മാതാപിതാക്കൾ തയ്യാറായി. ഒരു കൃഷിക്കാരന്റെ മാറിയ കാലത്തെ വരുമാനം കൊണ്ട് സാധിക്കാവുന്ന കാര്യങ്ങൾക്ക് പരിധിയുണ്ടെന്ന് മാധവേട്ടൻ മനസ്സിലാക്കി. അങ്ങിനെ മൂത്തമകൻ ഹരിയുടെ എൻജീനീയർ ആകാനുള്ള മോഹം നിറവേറ്റിയപ്പോൾ ഒരു തെങ്ങിൻ തോപ്പ് വില്ക്കേണ്ടിവന്നു. അതുപോലെ രണ്ടാമത്തെ മകൻ ഡോക്ടറായപ്പോൾ മറ്റു രണ്ടു വസ്തുക്കൾ അന്യാധീനപ്പെട്ടു. ഇതിനിടെ രണ്ടു പെൺകുട്ടികൾ വളർന്ന് വിവാഹപ്രായമായി. അവരുടെ വിവാഹസമയത്ത് ദേവയാനി അമ്മ തന്റെ തറവാട്ടിൽ നിന്ന് ലഭിച്ച ആഭരണങ്ങൾ ഉപയോഗിച്ചു അതുപോരാഞ്ഞ് തനിക്ക് ഭാഗത്തിൽക്കിട്ടിയ വസ്തു വില്ക്കുകയും ചെയ്തു. വിവാഹങ്ങൾ ഭംഗിയായി നടന്നു. അവർ ഭർത്താക്കന്മാരോടു കുടി ദൂരെ പട്ടണത്തിൽ താമസമാക്കി. മൂത്ത രണ്ട് ആൺമക്കൾ തങ്ങളുടെ കൂടെ പഠിച്ച പെൺകുട്ടികളെ വിവാഹം ചെയ്തു. ഇളയമകൻ മാതാപിതാക്കളോട് ഒന്നു പറയുകപോലും ചെയ്യാതെ ഒരു പെൺകുട്ടിയെ വിവാഹം കഴിച്ച് തറവാട്ടിലേക്ക് കൊണ്ടു വന്നു. വാർദ്ധകൃത്തിലേക്ക് വഴുതി വീണിരുന്ന മാധവേട്ടന് അത് വലിയ ദു:ഖം ഉളവാക്കി. പക്ഷെ ദേവയാനി അമ്മ ഇളയ മരുമകളെ വിളക്കുകൊളുത്തി വേണ്ടുന്ന വിധം സ്വീകരിച്ചു.

തുടരും ....



നന്ദകുമാർ മേനോൻ

# ഭാരതീയന്റെ നാണം മാറാൻ

**ഉപോദ്ഘാതം**

ആയുർവേദം പഠിക്കണമെങ്കിൽ സംസ്കൃതം പഠിക്കണ്ട! ഇതാണിന്നത്തെ ഏറ്റവും പുതിയ കണ്ടുപിടു ത്തം. എന്നാൽ വാസ്തവമെന്താണ്? സംസ്കൃതം നേരാം വണ്ണം പഠിച്ചാൽ ആയുർവേദം പഠിക്കണ്ട എന്നതാണ്.!!

ഭാരതീയ ദർശനങ്ങൾ സംസ്കൃതത്തിലൂടെ മാത്രമേ പഠിക്കാൻ കഴിയൂ. സംസ്കൃതം മാത്രം യഥാവിധി പഠിച്ചാൽ മതി, മറ്റു വിഷയങ്ങൾ വായിച്ച് പഠിക്കാൻ കഴിയുകയും ചെയ്യും. പുന്നശ്ശേരി നമ്പി നീലകണ്ഠ ശർമ്മ, എന്നൊരു സംസ്കൃത പണ്ഡിതനുണ്ടായിരുന്നു. പട്ടാമ്പി സംസ്കൃത സർവകലാശാല സ്ഥാപിച്ചത് അദ്ദേഹമാണ്. കേരളപാണിനി എന്നറിയപ്പെടുന്ന എ. ആർ. രാജരാജവർമ്മ ഒരു സദസ്സിൽ ശർമ്മയുടെ സംസ്കൃത പ്രസംഗത്തിന് തൽസമയ തർജ്ജമ മലയാളത്തിൽ ചെയ്തു കൊണ്ടിരുന്നപ്പോൾ, ഒരവസരത്തിൽ, വർമ്മ, ശർമ്മയുടെ പാദം തൊട്ടു വണങ്ങി, ഇത് തർജ്ജമ ചെയ്യാൻ എന്നാൽ സാദ്ധ്യമല്ല എന്നു പറഞ്ഞ് സ്റ്റേജിൽ നിന്നിറങ്ങി എന്ന ചരിത്രത്തിൽ നിന്നും, നമ്പി നീലകണ്ഠശർമ്മയുടെ സംസ്കൃത പാണ്ഡിത്യം ഊഹിക്കാവുന്നതേയുള്ളു. ആ ശർമ്മയിൽ നിന്നും സംസ്കൃതഭാഷ, വ്യാകരണം, ജ്യോതിഷം എന്നിവ അഭ്യസിച്ച്, വൈദ്യം പഠിപ്പിക്കാനിറങ്ങിയ ടി.എൻ. കെ. മൂസ്സ് ആയുർവേദം ഔപചാരികമായി പഠിച്ചിരുന്നില്ല! സംസ്കൃതത്തിലുള്ള അറിവുവച്ച്, അഷ്ടാംഗഹൃദയത്തിലെ സൂത്രങ്ങൾ സ്വയം പഠിക്കുകയും ചെയ്യുകയായിരുന്നു അദ്ദേഹം. തൃപ്പൂണിത്തുറ, കോട്ടക്കൽ, കോയമ്പത്തൂർ എന്നീ ആയുർവേദ കോളേജുകളിൽ അദ്ദേഹം പ്രധാനദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ശിഷ്യന്മാരായിരുന്നു, പത്മഭൂഷൺ ഡോ. പി. കെ. വാരിയർ, പത്മശ്രീ ഡോ. കെ. രാജഗോപാലൻ, പത്മശ്രീ രാഘവൻ തിരുമുല്പാട്, പത്മശ്രീ പി.ആർ. കൃഷ്ണകുമാർ എന്നിങ്ങിനെയുള്ള പ്രഗത്ഭമതികൾ. ഈ കഥപഞ്ഞത്, ഭാരതത്തിൽ പഠിക്കപ്പെടേണ്ട വിഷയങ്ങളും, മദ്ധ്യമമായ സംസ്കൃതവും എങ്ങിനെ ഇഴ ചേർന്നിരുന്നു എന്ന് കാണിക്കാനാണ്. ഇന്നവശേഷിച്ചിരിക്കുന്ന സംസ്കൃതം പോലും പാശ്ചാത്യരീതിയിലാണ് പഠിപ്പിക്കപ്പെടുന്നതെന്നത്, സംസ്കൃതത്തിൽ നേടാവുന്ന പ്രാവീണ്യത്തിനു കുറവു വരുത്തിയിട്ടുണ്ട്.

സംസ്കൃതത്തിന്റെ പഴക്കം നിർണ്ണയിക്കാവുന്നതല്ല. ഇന്നത്തെ കമ്പ്യൂട്ടറിനു പോലും ഏറ്റവും ഉതകുന്ന ഭാഷയാണ് സംസ്കൃതം എന്നത് ഇന്ന് പകൽ വെളിച്ചം പോലെ എല്ലാവരും അംഗീകരിക്കുന്നതാണ്. പാണിനീയം പോലെ ഒരു വ്യാകരണ ഗ്രന്ഥം ലോകത്തെങ്ങുമില്ല. ക്രി.മു. 7 ആം നൂറ്റാണ്ടുമുതൽ, 3 ആം നൂറ്റാണ്ടുവരെ പാണിനിയുടെ കാലഘട്ടമായി തർക്കം നിലനിൽക്കുന്നതിൽ നിന്നും ഇതിലെ അവ്യക്തത വ്യക്തമാണ്. സ്കൂൾ ഓഫ് മാത്തമാറ്റിക്സ്

ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, യൂണിവേഴ്സിറ്റി ഓഫ് സെന്റ് ആൻഡ്രൂസ്, സ്കോട്ട്ലന്റിലെ ഒരു പ്രബന്ധത്തിൽ

ഇങ്ങിനെ പറയുന്നു. പല വിധത്തിലും പാണിയുടെ നിർമ്മിതികൾ ആധുനിക മാത്തമാറ്റിക്സ് ഫങ്ഷൻസ് നിർവ്വചിക്കുന്നതു പോലെയാണ്... ആധുനിക കമ്പ്യൂട്ടർ ഭാഷ നിർവ്വചിക്കാൻ ഉപയോഗപ്പെടുത്തുന്ന ഫോർമൽ ലാങ്ഗ്വേജിന്റെ ഉപജ്ഞാതാവായി പാണിനിയെ കണക്കാക്കണം. ബാക്കസ് നോർമൽ ഫോം. 1959 ൽ ജോൺ ബാക്കസ് ആണ് സ്വതന്ത്രമായി കണ്ടുപിടിച്ചത്, എങ്കിലും പാണിനിയുടെ സങ്കേതങ്ങൾ ബാക്കസിനോളം തന്നെ ശക്തവും സമാനമായ കഴിവുകൾ ഉള്ളതുമാണ്. ആധുനിക കമ്പ്യൂട്ടർ ശാസ്ത്രത്തിന്റെ അടിസ്ഥാന തത്വങ്ങളുടെ ഉത്ഭവം 2500 ഓളം വർഷങ്ങൾക്കു മുമ്പ് ജീവിച്ചിരുന്ന ഒരു ഇന്ത്യൻ പ്രതിഭയിൽ നിന്നുണ്ടായതാണെന്നത് വിസ്മയകരം തന്നെ (http://www-gap.dcs.st-and .ac.uk/-history/ Biographies /anini .html)

സംസ്കൃതത്തെപ്പോലെ ഒരു ഭാഷ ലോകത്തില്ല. ഏതായാലും പാണിനീയം പോലെ കാച്ചിക്കുറുക്കിയൊരു ഗ്രന്ഥം അന്നെഴുതണമെങ്കിൽ, അതിലും എത്രായിരം വർഷങ്ങൾക്കു മുമ്പ് ഉണ്ടായി പരിണമിച്ചതായിരിക്കണം ആ ഭാഷ! നമുക്കു വെറുതെ അങ്ങു സങ്കല്പിച്ചു നോക്കാം. ഒരു 10,000 വർഷം? 50,000 വർഷം?

**ഭാരതീയന്റെ നാണം**

ശക്തരും ക്രൂരരുമായ വിമർശകർ പോലും നാഗരികതയിലും കൃഷിയിലും തത്വശാസ്ത്രത്തിലും വളരെ പുരോഗമിച്ച ഒരു സംസ്കാരം 3000 വർഷങ്ങൾക്കു മുമ്പ് നമുക്കുണ്ടായിരുന്നെന്നും, അത് പരദേശികളുടെ പൈശാചികമായ ആക്രമണങ്ങളാൽ നശിച്ചുപോയതാണെന്നും സമ്മതിക്കുന്നു. ഏതാനും ചില ശതാബ്ദങ്ങൾക്ക് മുമ്പ്, യൂറോപിൽ നിന്നും കച്ചവടക്കുപ്പായമിട്ട ആക്രമികൾ, ഭാരതം മിക്കവാറും പൂർണ്ണമായി ത്തന്നെ ആധിപത്യം സ്ഥാപിച്ച്, ഇവിടത്തെ സമ്പന്നമായ വിദ്യാഭ്യാസരീതികളെ തച്ച് തകർത്ത്, അവരുടെ പ്രാകൃതമായ രീതികൾ നമ്മിൽ അടിച്ചേല്പിക്കുകയും ചെയ്തു. തുടർന്ന് ഭാരതത്തിന്റെ ചരിത്രവും അവർ നമ്മളെ എഴുതി പഠിപ്പിച്ചു. നമുക്കു പാരമ്പര്യമായി കിട്ടിയ സാഹിത്യം മുഴുവനും ചരിത്രമല്ല, പുരാണങ്ങളും കഥകളുമാണ്, ചരിത്രമാണെങ്കിൽ ഇന്നവിധമാണ് എഴുതേണ്ടത് എന്നും നമ്മെ പഠിപ്പിച്ചു. ഇതെല്ലാം ചെയ്തു കൂട്ടിയ ആക്രമികൾ ചരിത്രരചന തുടങ്ങിയത് തന്നെ അറുനൂറോ, എഴു നൂറോ കൊല്ലങ്ങൾക്കിപ്പുറം മാത്രമാണെന്ന് നമ്മളറിഞ്ഞു. ഇന്ന്, ഓഷ്യാനോഗ്രഫി, ആർക്കിയോളജി, ഭാഷാ ശാസ്ത്രം, ജനറ്റിക്സ്, ജ്യോതിശാസ്ത്രം, റിമോട്ട് സാറ്റലൈറ്റ് സെൻസിങ് തുടങ്ങിയ നൂതന ശാസ്ത്രീയ ആയുധങ്ങളുപയോഗിച്ച് തനിച്ചും ഇവയിൽ പലതും സഹകരിച്ചും നടത്തിയ ഗവേഷണങ്ങളിൽ, വേദങ്ങളിലും, പുരാണങ്ങളിലും പറഞ്ഞിട്ടുള്ള മിക്കവാറും എല്ലാ കാര്യങ്ങളും, ചരിത്ര സംഭവങ്ങളാണ് എന്ന് തെളിഞ്ഞിരിക്കുകയാണ്. പല ഗവേഷണ പ്രബന്ധങ്ങളും വിദേശീയരും ഭാരതീയരുമായ ഉന്നത ശാസ്ത്രജ്ഞന്മാരുടേതായി, ഇന്ന് ഇന്റർനെറ്റിലും ലഭ്യവുമാണ്. എന്നിട്ടും അത്തരം പ്രബന്ധങ്ങളൊന്നും ഒന്നു വായിച്ചു നോക്കാൻ പോലും ഒരുമ്പെടാതെ, നമുക്ക് ലോകത്തിൽ ഏറ്റവും പ്രാചീനമായൊരു സംസ്കാരമുണ്ടായിരുന്നു, അതിൽ ഗോള ശാസ്ത്രം, ജ്യോതി ശാസ്ത്രം, ഗണിതം, ക്ഷേത്രഗണിതം, വിജ്ഞാന ശാസ്ത്രം, തർക്കശാസ്ത്രം, വൈദ്യശാസ്ത്രം മുതലായ പല വിഷയങ്ങളിലും ഗഹനമായ കണ്ടുപിടുത്തങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്, അതിനുശേഷമാണ് പാശ്ചാത്യ ഗവേഷകർ അതിൽ പലതും അറിയുന്നത് എന്നൊക്കെയുള്ള ഭാരതീയഗവേഷകരുടെ വാദഗതികൾ അസംബന്ധങ്ങളാണ് എന്നു പറയുന്നവരാണ് ഇന്നത്തെ ഒട്ടുമിക്ക ഭാരതീയരും. ഗവേഷകരിൽ പലരും പാശ്ചാത്യമാണെന്ന സത്യത്തിനു നേരെ പോലും അവർ കണ്ണടക്കും.

ഇത്തരത്തിൽ ആഴത്തിൽ മാനസികാടിമത്തമുള്ള ഒരു ജനത ലോകത്ത വേറേങ്ങുമുണ്ടാവില്ല. ഇന്ന് നമ്മളും നമ്മുടെ കുട്ടികളും, പാശ്ചാത്യർ കണ്ടുപിടിച്ചതാണെന്ന് പറഞ്ഞ് പലതും പഠിച്ചുകൊണ്ടിരിക്കെ, പല ശാസ്ത്ര ഗവേഷകരും, അതല്ല അവയിൽ വളരെയധികം അവർ ഭാരതത്തിൽ നിന്ന് പഠിച്ച് തിരിച്ചു നമ്മളെ പഠിപ്പിക്കുകയാണെന്ന് പറയുന്നുണ്ടല്ലോ. അങ്ങിനെയെങ്കിൽ എന്തൊരു മഹദ്

സംസ്കാരമായിരുന്നു നമ്മുടേത്! എങ്കിലും ഇത് മേനി പറയാൻ ഭാരതീയർക്കുള്ള താല്പര്യം കൊണ്ട് അവർ കെട്ടിച്ചമക്കുന്ന തായിരിക്കുമോ. എങ്കിലും ഒന്നു വായിച്ചു നോക്കാം. അത് സത്യമായിരിക്കട്ടെ. എന്നെങ്കിലും എല്ലാ സാംസ്കാരികാഭിമാനികളും ആഗ്രഹിക്കില്ലേ! അതും പോലും നമുക്കില്ല. പുതിയ കണ്ടെത്തലുകളുടെ വെളിച്ചത്തിൽ, ഭാരതീയ ദർശനത്തിന്റെ പഴക്കവും, പ്രാമാണ്യവും വിശകലനം ചെയ്ത്, ഓ അതു ശരി, എങ്കിൽ ഞാനും ചിലതൊക്കെ വായിച്ചു നോക്കട്ടെ എന്ന തോന്നൽ, എല്ലാവരിലും ഉളവാക്കുക എന്നതാണീ ലേഖനത്തിന്റെ ഉദ്ദേശ്യം.

### സംസ്കാരങ്ങളുടെ തുടർച്ച

ആധുനിക ശാസ്ത്രസാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഇന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്, ലോകത്തിലെ മിക്ക സംസ്കാരങ്ങളും ഒറ്റപ്പെട്ടതായിരുന്നില്ല, എന്നാൽ ഒരു തുടർച്ചയുടെ ഭാഗമായിരുന്നു എന്നാണ്. ഇവയിൽ പലതിന്റെയും പഴക്കം പോലും ഇത്രയും സാങ്കേതിക വിദ്യകൾ ഉപയോഗിച്ചിട്ടും കൃത്യമായി തീരുമാനിക്കാൻ പറ്റിയിട്ടില്ല. ഉദാഹരണമായി ഹാരപ്പ സംസ്കാരം ഉദ്ദേശം 7000 കൊല്ലം പഴക്കമുള്ളതാണെന്ന് ഏതാണ്ട് തീരുമാനമായിട്ടുണ്ടെങ്കിലും ഇന്നും തീർച്ച പറയാറായിട്ടില്ല. ഹാരപ്പയിൽ നിന്നു കണ്ടു കിട്ടിയിട്ടുള്ള ലിഖിതങ്ങൾ, മറ്റു സ്ഥലങ്ങളിലെ ലിഖിതങ്ങളെപ്പോലെ എളുപ്പം വിശകലനം (ഡെസിഫർ) ചെയ്യാവുന്നതല്ല. ഈ ദിവസം വരെ അതാർക്കും മനസ്സിലായിട്ടുമില്ല. ഭാവിയിൽ അതും കൂടി മനസ്സിലാക്കിയാൽ, നമ്മുടെ പഴയകാല ലോകത്തെപ്പറ്റിയുള്ള ധാരാണകൾ പാടേ തിരുത്തി എഴുതിയേക്കാം.

വയനാട്ടിലെ ഇടക്കൽ ഗുഹകളിൽ നിന്നും സിന്ധു നദീ തട സംസ്കാരവുമായി (https://en.wikipedia. org/wiki/Edakkal Caves)) ബന്ധം വ്യക്തമാക്കുന്ന തെളിവുകൾ കിട്ടിയിട്ടുണ്ട്. 5000 വർഷങ്ങൾക്കു മുമ്പ്, എങ്ങിനെ ഇത്ര അകലങ്ങളിലുള്ള സ്ഥലങ്ങൾ തമ്മിൽ ഇത്ര ഗാഢമായ ബന്ധം വന്നു. വെറുതെ തപാലിൽ ഒരു കത്തയക്കുന്നതുപോലെയല്ല ഇത്. അവിടെയുള്ള കൊത്തുവേലകൾ പോലെയും അവിടെയുള്ള കലങ്ങളും, കുടങ്ങളും, മുദ്രകളും പോലെയുള്ളവ ഇവിടെയും കാണപ്പെടുന്നു. ഇന്നത്തെ പാകിസ്ഥാൻ മുതൽ വയനാടുവരെ വ്യാപിച്ചു കിടന്നിരുന്ന ഒരു സംസ്കാരമായിരുന്നോ ഇത്? ഇന്നത്തെ പോലെയോ അതിലും വേഗതയുള്ളതോ ആയ യാത്രാമാർഗ്ഗങ്ങൾ (വിമാനം പോലെ) അന്നുണ്ടായിരുന്നോ? ഇങ്ങിനെ പല ഗഹനമായ ചോദ്യങ്ങളും നമ്മുടെ മുഖത്തു തുറിച്ചു നോക്കുകയാണ്.

തൃശൂർ തലപ്പിള്ളി താലൂക്കിലും ഇതുപോലെ തന്നെ ഹാരപ്പ സംസ്കാരമുദ്രകൾ കിട്ടിയിരുന്നു. ഇന്നത്തെ പാകിസ്ഥാനിലുള്ള ഹാരപ്പ സംസ്കാരത്തിന് അതേ കാലഘട്ടത്തിൽ തന്നെ കേരളത്തിലും തുടർച്ചകൾ ഉണ്ടായിരുന്നു എന്നുള്ളത് അത്ഭുതാവഹവും അവിശ്വസനീയവുമായി തോന്നാം. എന്നാൽ ആധുനിക ഭൗമശാസ്ത്രപഠനഫലങ്ങൾ, ഇതിനുള്ള സാദ്ധ്യതകൾ തുറന്നു കാട്ടുന്നു.

### ടെതിസ് സമുദ്രം

ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെ കോടി വർഷങ്ങൾക്കു മുമ്പ് ഭൂമി എങ്ങിനെയായിരുന്നു എന്ന് വലിയൊരു പരിധി വരെ മനസ്സിലാക്കാൻ ഇന്ന് നമുക്കു സാധിക്കും. ഇനിയും പുതിയ ശാസ്ത്രീയ ഉപകരണങ്ങളും സംവിധാനങ്ങളും വരുന്ന മുറക്ക്, പഴയ അറിവുകൾ തകിടം മറിയുകയും ചെയ്യാം. ഉദ്ദേശം 250 ലക്ഷം വർഷങ്ങൾക്ക് മുമ്പുണ്ടായിരുന്നൊരു സമുദ്രമാണ് ടെതിസ് സമുദ്രം അന്നത്തെ ഭൂഖണ്ഡങ്ങളുടെ ഏകദേശ വിന്യാസം ഇതിൽ വ്യക്തമാണ്. അന്ന്, ഇന്നത്തെ ഭാരതം ദക്ഷിണധ്രുവത്തിനു സമീപമായിരുന്നു.

ഇന്നത്തെ ടിബറ്റ് ഉത്തരധ്രുവത്തിനു സമീപവും. ഇതിന്റെ രണ്ടിന്റെയും നടുക്കു വിസ്തൃതമായി കിടന്നിരുന്ന സാഗരമായിരുന്നു ടെതിസ്. ഇന്ന് ഭൗമശാസ്ത്രജ്ഞന്മാർക്കറിയാം ഹിമാലയം അന്ന് ടെതിസ് സമുദ്രമായിരുന്നു(!) എന്നും, ആ മഹാപർവ്വതം ഈ സമുദ്രത്തിൽ നിന്നും ഉയർന്നു വന്നതാണെന്നും, ഇന്നും മഹാമേരു വർഷം തോറും ഏതാനും മില്ലിമീറ്റർ വളർന്നുകൊണ്ടിരിക്കുകയാണെന്നും.

തെക്കേ ധ്രുവത്തിനടുത്തുനിന്ന് ഗൊണ്ട്വാനയും ഇന്ത്യയും വടക്കോട്ട് വർഷങ്ങളിലൂടെ ടെതിസ് സമുദ്രത്തിലൂടെ നീങ്ങി, ടിബറ്റും മറ്റും നിലകൊള്ളുന്ന സിമ്മറിയാൻ ഒറൊജെനിൽ ചെന്ന് ഇടിച്ച്, പിന്നെയും പിന്നെയും തള്ളിത്തള്ളി നടുക്കുള്ള സമുദ്രാന്തർഗ്ഗതമായ ഭൂമിയെ പൊക്കിപ്പൊക്കിയാണ് ഇന്നത്തെ നിലയിലുള്ള ഹിമാലയത്തെ സൃഷ്ടിച്ചത്.

ഇന്നത്തെ ഭാരതം, പാക്കിസ്ഥാൻ, ഇൻഡോനേഷ്യ, ഇന്ത്യാ മഹാസമുദ്രം ഇവ അന്നത്തെ ടെതിസ് സമുദ്രം വ്യാപിച്ചിരുന്നതിൽ വളരെ തെക്കായി ഒരു ഭാഗത്താണ് നിലകൊണ്ടിരുന്നത്. അതേ സമയം ടർക്കി, ഇറാക്, ടിബറ്റ്, എന്നിവ അന്നത്തെ സിമ്മെറിയയിലും. ഒരു കാലത്ത് ടെതിസ് കടലിന്റെ പടിഞ്ഞാറെ കയ്യാണ് ഇന്നത്തെ മെഡിറ്ററേനിയൻ കടലിന്റെ മുത്തച്ഛൻ. കരിങ്കടൽ, കാസ്പിയൻ കടൽ എന്നിവ മറ്റവശിഷ്ടങ്ങളിൽ പെടുന്നു. ടെതിസ് കടലിന്റെ അടിഭാഗം മിക്കവാറും സിമ്മെറിയയുടെയും ലൗറേഷ്യയുടെയും അടിയിൽ അപ്രത്യക്ഷമായി. എഡ്വേഡ് സുയെസ്സിനെ പോലെയുള്ള ഭൗമശാസ്ത്രജ്ഞന്മാർ സമുദ്രജീവികളുടെ ഫോസ്സിലുകൾ, ഹിമാലയത്തിലെ പാറകളിൽ കണ്ടെത്തിയിട്ടുണ്ട്. ഇവ ഇന്ത്യൻ ഭൂഖണ്ഡ തട്ട്, മുകളിലേക്ക് തള്ളിത്തള്ളി സിമ്മെറിയയിൽ ചെന്ന് കൂട്ടി ഇടിക്കുന്നതിനു മുമ്പ് സമുദ്രത്തിനടിയിലായിരുന്നെന്നതിനെ സൂചിപ്പിക്കുന്നു. ആഫ്രിക്കൻ ഭൗമതട്ടുകളുടെ ഇത്തരം നീക്കമാണ് ആല്പസ് പർവ്വതങ്ങളുടെ രൂപീകരണത്തിന് കാരണം എന്നതിന് മേൽപ്പറഞ്ഞതിനു സമാനമായ തെളിവുകൾ യൂറോപ്പിന്റെ ആല്പൈൻ ഓറോഗെയിയിൽ കാണാം. ടെതിസ് സമുദ്രത്തിലെ കുമ്മായക്കല്ലുകളുടെ പല വികൃതികളും ഗ്രീസിലും ലെവന്റിലും ഇന്നും കാണാം. ഇത്രയും ശാസ്ത്രം ഇവിടെ വിവരിച്ചത് ഒരു കാര്യത്തിലേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കാനായാണ്. തെക്ക് ഗൊണ്ട്വാനയും വടക്ക് സിമ്മെറിയയും നടുക്ക് ടെതിസ് നദിയും ലക്ഷക്കണക്കിനു വർഷങ്ങൾക്ക് മുമ്പ് നിലനിന്നിരുന്നു എന്നല്ലാതെ, അതിനിടക്ക്, എവിടെയെങ്കിലും അണുബോംബും, റോക്കറ്റും ഉപയോഗിക്കാൻ കഴിവുള്ള ഏതെങ്കിലും സംസ്കാരം നില നിന്നിരുന്നോ എന്ന് നമുക്കിന്നറിവില്ല. അന്നത്തെ ടെതിസ് സമുദ്രത്തിന്റെ നിരപ്പിലുണ്ടായിരുന്ന എന്തിന്റെയെങ്കിലും അവശിഷ്ടം കണ്ടുപിടിക്കണമെങ്കിൽ, ഇന്നത്തെ ഹിമാലയത്തിന്റെ അടിവാരം തോണ്ടണം. കാരണം ഇന്നത്തെ ഹിമാലയം മുഴുവനും അന്നത്തെ ടെതിസ് സമുദ്രത്തിനു കീഴെയായിരുന്നു.

നമുക്ക് ഒരു ബന്ധമോ തുടർച്ചയോ അവശേഷിപ്പിക്കാതെ, ഇന്നത്തെ പാക്കിസ്ഥാനിലുള്ള ഹാരപ്പയിലെ സംസ്കാരം ഇന്നത്തെ വയനാട്ടിലും ഉണ്ടായിരുന്നിരിക്കാം എന്നത് മുകളിലെ ചർച്ചയിൽ നിന്നും എന്റെ വായനക്കാർക്ക് മനസ്സിലായിരിക്കുമല്ലോ.

**സമകാലികം**

ലക്ഷക്കണക്കിനു വർഷങ്ങൾക്കു മുമ്പുണ്ടായിരുന്ന ഭൗമ വിന്യാസത്തിൽ നിന്നും ഇന്നത്തെ ഭാരതത്തിലേക്ക് നമുക്ക് പറന്നു വരാം. എന്താണിന്നത്തെ ഭാരതത്തിന്റെ അവസ്ഥ? ഏതൊരു ജനപദവും നിലനിന്നിരുന്നത്, അവരുടെ നിലനിൽപ്പിനാവശ്യമായ കാർഷിക വൃത്തികളിലൂടെയും, ശാസ്ത്രകലാ വൃത്തികളിലൂടെയും, തലമുറകളുടെ തുടർച്ചയെ ഇവ അഭ്യസിപ്പിക്കുന്നതിലൂടെയുമാണ്. ഭാരതത്തിൽ ഇന്നത്തെ കാർഷികവൃത്തിയുടെ അവസ്ഥ എന്താണ്? കൃഷി മുഴുവൻ വിഷമയം. വിത്തുകൾ മുഴുവൻ ജനിതക വൈകൃതം. ശാസ്ത്രമോ, പതിനാലാം നൂറ്റാണ്ടു മുതൽ പത്തൊൻപതാം നൂറ്റാണ്ടുവരെ യൂറോപ്പിൽ നടന്ന കണ്ടുപിടുത്തങ്ങളുടെ പഠനവും പ്രയോഗവും. കലകളുടെ അവസ്ഥ അതിനെക്കാൾ വിചിത്രം. യുനെസ്കോ സംരക്ഷിക്കപ്പെടേണ്ടുന്ന പൈതൃകങ്ങളുടെ കൂട്ടത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതിൽ ഏറ്റവും പുരാതന മാണ് കേരളത്തിന്റെ കൂടിയാട്ടം. ഭാരതത്തിലെ ഏതൊരു നൃത്തസമ്പ്രദായമാകട്ടെ, സംഗീത സമ്പ്രദായമാകട്ടെ, ആസ്വദിക്കാൻ മനസ്സു മാത്രം പോരാ, ബുദ്ധിയും കൂടി വേണം. ഹിന്ദുസ്താനി, കർണ്ണാടകം എന്ന രണ്ട് വിഭാഗങ്ങളാണ് ഭാരതീയ സംഗീതത്തിൽ ഉള്ളത്. കേരളത്തിന്റെ സോപാന സംഗീതം പോലെ

പിന്നെയും അവാന്തരവിഭാഗങ്ങൾ പലതുണ്ടെങ്കിലും വളരെ ഗഹനവും സങ്കീർണവുമായ രാഗതാള വ്യവസ്ഥകളാൽ നിറഞ്ഞു തുളുമ്പുന്ന രണ്ടു സമ്പ്രദായങ്ങൾ ഇവ മാത്രമാണ്. ഭരതനാട്യം, മോഹിനിയാട്ടം, കുച്ചുപ്പുടി, കഥക്, മണിപ്പൂരി, ഒഡിസ്സി എന്നിങ്ങനെ അവാന്തര സംസ്കാരങ്ങളിൽ നിറഞ്ഞ വിവിധ നൃത്ത സമ്പ്രദായങ്ങളും ബുദ്ധിമനസമ്മേളനത്തിലൂടെ മാത്രം അനുഭവിക്കാൻ കഴിയുന്നവ. എന്നാൽ, ഇന്നത്തെ തലമുറക്ക് ഈ സംഗീത സമ്പ്രദായങ്ങളിലും നൃത്ത സമ്പ്രദായങ്ങളിലും ഏതെങ്കിലും ഒന്നാസ്വദിക്കാൻ കഴിയുന്നതാണോ?

കാർഷിക, ശാസ്ത്ര, കലാ വ്യവസ്ഥകൾ എന്തുമാകട്ടെ, അവയെ അടുത്ത തലമുറയിലേക്ക് പകർന്നു കൊടുക്കുന്ന ഒരു വിദ്യാഭ്യാസ സമ്പ്രദായവും ഉണ്ടാവണം. ആധുനിക ഭാരതത്തിലെ വിദ്യാഭ്യാസ സമ്പ്രദായം എന്താണ്? ഭാരതത്തിന്റെ ഏതു കോണിൽ ജനിച്ച, ആണോ, പെണ്ണോ ആവട്ടെ, ബൗദ്ധിക നിലവാരം എന്തുമാവട്ടെ, മാനസിക താല്പര്യങ്ങളോ പാരമ്പര്യ വൈഭവം എന്തുമാവട്ടെ, അഞ്ചാം വയസ്സു മുതൽ, പതിനഞ്ചാം വയസ്സു വരെ, നിശ്ചിത അളവിൽ, ഊർജ്ജതന്ത്രം (ഫിസ്ക്സ്), രസതന്ത്രം (കെമസ്ട്രി), ഗണിതം (മാത്തമാറ്റിക്സ്), ആംഗലഭാഷയോടൊപ്പം അതതു സംസ്ഥാനത്തിന്റെ നിയമമനുസരിച്ച് ഒന്നോ രണ്ടോ അധിക ഭാഷകൾ എന്നിവ ഒരേ അളവിൽ എല്ലാവരും അഭ്യസിക്കണം!!.

വർഷങ്ങൾക്കു മുമ്പ് ഈ മൂന്നു തലങ്ങളിലും, അതായത്, സ്വന്തം നിലനിൽപ്പിനാവശ്യമായ കാർഷിക വൃത്തികളും, ശാസ്ത്ര കലാ വൃത്തികളും, തലമുറകളുടെ തുടർച്ചയെ ഇവ അഭ്യസിപ്പിക്കുന്ന രീതികളും എന്തായിരുന്നു എന്ന് പരിശോധിക്കാം.

**ദർശന വികലീകരണം**

ഇത്തരം ശാസ്ത്രീയ വിശകലനങ്ങളിൽ, നാം വളരെ പരിമിതികൾക്ക് വിധേയമാണ്. വാസ്തവത്തിൽ ആയിരമോ രണ്ടായിരമോ വർഷങ്ങൾക്ക് മുമ്പ് എന്തായിരുന്നു അവസ്ഥ എന്ന് നമുക്കറിയാൻ വയ്യ. നമുക്കു ലഭ്യമായ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് എന്തായിരുന്നിരിക്കാം അന്നത്തെ അവസ്ഥ എന്നുമാത്രമേ നമുക്കറിയാവൂ. പ്രാചീന ഭാരതീയരുടെ ശാസ്ത്രജ്ഞാനത്തെ പറ്റി അറിയണമെങ്കിൽ, ചരിത്രം പരിശോധിക്കണം. ഭാരതീയ ചരിത്രത്തിന് യൂറോപ്യൻ അധിനിവേശം കൊണ്ട് വലിയ അപച്യുതി സംഭവിച്ചു. വേദങ്ങൾ, പുരാണങ്ങൾ, തുടങ്ങിയവ അവരുടെ നിർവ്വചനമനുസരിച്ച് ചരിത്രമായിരുന്നില്ല, മറിച്ച് പുരാണങ്ങൾ (മിത്ത്) ആയിരുന്നു. ചരിത്രം എങ്ങിനെയൊക്കെ എഴുതാം എഴുതണം എന്നെല്ലാം ആ ബുദ്ധിരാക്ഷസന്മാർ മരഞ്ചാടിക്കുരങ്ങന്മാരുടെ തുടർച്ചയായ നമ്മെ പഠിപ്പിച്ചു! അങ്ങിനെ അവരെഴുതിയ ചരിത്രത്തിന്റെ ഭാഗമായിരുന്നു ആര്യൻ അധിനിവേശം. ഇറാനിയൻ പ്രദേശങ്ങളിൽ നിന്ന് ഭാരതത്തെ ആക്രമിച്ച്, ഇവിടെയുള്ള ദ്രാവിഡന്മാരെ തെക്കോട്ടു തുരത്തി, അധിനിവേശം സ്ഥാപിച്ച ആര്യന്മാരാണത്രെ വേദങ്ങളും പുരാണങ്ങളും എഴുതിയത്. ചുരുക്കത്തിൽ, ഭാരതത്തിലെ തനത് വംശജരെല്ലാം മരഞ്ചാടിക്കുരങ്ങന്മാരും യാതൊരു വിധ ശാസ്ത്രജ്ഞാനവും ഇല്ലാത്തവരും ആയിരുന്നു. ഇതിനൊരു ഭയങ്കരമായ പരിണിത ഫലമുണ്ടായി. വേദങ്ങളും പുരാണങ്ങളും മിത്തുകളായിരുന്നു. അതു മുഴുവൻ കഥകളാണ് ചരിത്രമായിരുന്നില്ല എന്നു പറഞ്ഞു വച്ചപ്പോൾ തന്നെ ആധുനിക ശാസ്ത്രീയ യുഗത്തിൽ അവയെ തള്ളിപ്പറയാം. ഇനി അതെല്ലാം പ്രാചീന രചനാസങ്കേതങ്ങൾ അവലംബിച്ചെഴുതിയ ചരിത്രം തന്നെയായിരുന്നു എന്ന് ഏതെല്ലാം വിധത്തിൽ തെളിയിച്ചാലും, അതു മുഴുവൻ എഴുതിയ ശാസ്ത്രജ്ഞർ ഭാരതത്തിൽ ഉദ്ഭവിച്ച വംശജരല്ല, മറിച്ച് പുറത്തു നിന്ന് നമ്മെ ആക്രമിച്ച് കീഴടക്കിയ ആര്യന്മാരാണ് എന്നും വന്നു ചേർന്നു. ഇതു രണ്ടും, നമ്മുടെ പുരാതന സാഹിത്യം മിത്തായിരുന്നു ശാസ്ത്രമല്ല എന്ന സിദ്ധാന്തവും, അവയെഴുതിയത് പുറത്തുനിന്ന് ആക്രമിച്ച് വന്ന ആര്യന്മാരണെന്ന സിദ്ധാന്തവും, ഇന്ന് പാടേ തകർക്കപ്പെട്ടിരിക്കയാണ്.

എസ്റ്റോണിയൻ ബയോ സെന്ററിലെ പ്രൊ. റിചാർഡ് വില്ല്യംസ് എന്ന പണ്ഡിതൻ എഴുതുന്നു: ഭാരതത്തിൽ അധികം പ്രചാരമുള്ള ചരിത്രപുസ്തകമായ 'ഇന്ത്യ എന്ന അത്ഭുതം' (A.L.Basham, The Wonder that was India. London: Sidgwick & Jackson, 1967, ISBN 0-28399-257-3) എന്ന പുസ്തകത്തിൽ ബാഷം ഇങ്ങനെ എഴുതുന്നു. "ആക്രമിച്ചു കയറിയ, മിക്കവാറും അലഞ്ഞുനടക്കുന്നവരും കാടന്മാരും, ഉയരമുള്ളവരും, കുതിരകളെ മെരുക്കിയവരും, കൃഷിക്കാരുമായ, ആര്യന്മാർ കൂട്ടമായി കിഴക്കോട്ട് തദ്ദേശ സമൂഹങ്ങളെ ആക്രമിച്ചു കീഴടക്കുകയും, വിവാഹബന്ധങ്ങളിലൂടെ ഭരണവർഗ്ഗത്തെ സൃഷ്ടിക്കുകയും ചെയ്തു. അവരോടൊപ്പം അവരുടെ പിതൃദായക്രമവും, ആകാശ ദൈവങ്ങളെ ആരാധിക്കുന്ന വ്യവസ്ഥയും കൊണ്ടുവന്നു". ബാഷത്തിന്റെ നിരാശാജനകവും, കാലഹരണപ്പെട്ടതുമായ ഈ പുസ്തകമാണ് ഇന്നും ഭാരതത്തിലെ മിക്ക കലാശാല കളിലും ഉപയോഗിക്കപ്പെടുന്നത്.

പത്തൊൻപതാം നൂറ്റാണ്ടിൽ തുടക്കമിട്ട ആന്ത്രപോളജി, ആന്ത്രോപോമെട്രി, കാനിയോമെട്രി, ഫ്രെനോളജി തുടങ്ങിയ ശാസ്ത്ര വിഭാഗങ്ങൾ അന്നത്തെ രീതിക്കനുസരിച്ച് വംശീയമായ ധാരണകളിൽ അധിഷ്ഠിതമായിരുന്നു. ഉദാഹരണമായി 18 ാം നൂറ്റാണ്ടിലെ റിസ്ലി എന്ന കോളോണിയൽ ഉദ്യോഗസ്ഥൻ മൂക്കിന്റെ ഇൻഡക്സ് ഉപയോഗിച്ച് 43 വംശങ്ങളിലായി 2378 ജാതികളെ വിവരിച്ചിരിക്കുന്നു. രണ്ടാം ലോകമഹായുദ്ധത്തിനു ശേഷമാണ് അബന്ധജടിലമായ ഇത്തരം വംശീയ നിർവ്വചനങ്ങൾ തകർന്നടിഞ്ഞത്. (Michael Danino, "Genetics and the Aryan Debate," Puratattva, no.36, 2005-06,pp.146 -154, http://archaeol ogyonline.net/artifacts/genetics-aryan-debate.നോക്കുക)

നിർഭാഗ്യവശാൽ, ഭാരതത്തിനു സ്വന്തമല്ലാത്ത ബ്രിട്ടീഷ് ഇമ്പീരിയലിസത്തിന്റെയും, ക്രൈസ്തവ, ഇസ്ലാമിക സ്വാധിനങ്ങൾ ഇന്നും നമ്മുടെ ചരിത്രരചനയിലും അഭ്യസനത്തിലും അവശേഷിക്കുന്നു. നിരവധി കുതന്ത്രങ്ങൾ ഉപയോഗിച്ചാണ് ബ്രിട്ടീഷുകാർ ഈ അടിമത്വം നമ്മിൽ സൃഷ്ടിച്ചത്.

1) ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യ കമ്പനി, ഭാരതത്തിന്റെ സാമ്പത്തിക വ്യവസ്ഥ കയ്യടക്കി.

2) ആര്യൻ അധിനിവേശ സിദ്ധാന്തം (വേദകാല മനുഷ്യർ, സാഹിത്യം, സംസ്കാരം, ഇവയെല്ലാം ഭാരതത്തിനു പുറത്തു നിന്നു വന്നതാണെന്നത്.)

3) വേദങ്ങളിലും, വേദകാല സാഹിത്യത്തിലും തെളിഞ്ഞ വിജ്ഞാനത്തിന്റെയും, ചരിത്രത്തിന്റെയും മഹാസാഗരം, ഭാരതത്തിനു പുറത്തു നിന്നു വന്നതാണെന്ന് പ്രചരിപ്പിച്ച് അവഹേളിക്കുകയും അവയിൽ ഭാരതീയനുണ്ടായിരുന്ന അഭിമാനം തച്ചുടക്കുകയും.

4) ക്രിസ്തീയ പാഠ്യസമ്പ്രദായം മേന്മകൂടിയതാണെന്ന് ബോധിപ്പിച്ച് അടിച്ചേൽപ്പിച്ച് സ്വന്തം സമ്പ്രദായങ്ങളിൽ അവജ്ഞ ജനിപ്പിക്കുക.

തുടരും....

ദുഷ്പ്രാപം വസ്തുവേവം സലഭതയൊടു കൈ-
വന്നിരിക്കുമ്പൊഴും ഹാ!
മറ്റൊന്നുറ്റാശ്രയിപ്പോർ ഭുവി കരുതുകിൽ നി-
സ്സംശയം മൂഢരത്രേ,
കെല്പോടെ ഞങ്ങളീന്നീഗ്ഗുരു പാവനപുരാ-
ധീശനാമീശനെത്താൻ
മുറ്റും ഖേദങ്ങൾ തീർപ്പാൻ സ്ഥിരതമമതിയോ-
ടാശ്രയിക്കുന്നു നിത്യം

(കെ. സി. കേശവപിള്ളയുടെ ഭാഷാ നാരായണീയത്തിൽ നിന്ന്)

# എറണാകുളം കരയോഗം

01-12-2015

ധന്യാത്മൻ,

എറണാകുളം കരയോഗം സാമൂഹ്യ ജീവകാരുണ്യ സാംസ്ക്കാരിക മേഖലകളിൽ കഴിഞ്ഞ 90 വർഷക്കാലമായി സേവനം നൽകി വരുന്ന ഒരു ധർമ്മ സ്ഥാപനമാണ്. ജാതി മത ഭാഷാ ദേശ ഭേദമന്യേ വിവിധ തുറകളിൽ നിസ്വാർത്ഥ സേവനം നൽകുക എന്നത് കരയോഗത്തിൻെറ പ്രധാന ലക്ഷ്യമാണ്. "സേവനം ജീവിത സാഫല്യം" എന്ന ആപ്തവാക്യത്തിലൂന്നി നിർധന രായ രോഗികൾക്ക് സൗജന്യ വൈദ്യ സഹായം, സാമ്പത്തിക സഹായം, വിദ്യാഭ്യാസത്തിനും വിവാഹത്തിനുമുള്ള സഹായം എന്നിവ കരയോഗം നൽകുന്ന മറ്റ് സേവനങ്ങളിൽപ്പെടുന്നു. സൗജന്യ നിയമ സഹായം, മീഡിയേഷൻ എന്നിവയും, മരണാനന്തര സഹായവും കരയോഗം നൽകി വരുന്നു.

എറണാകുളം നഗരത്തിലെ ഓർമ്മയിൽ നിൽക്കുന്ന പല ചരിത്ര മുഹൂർത്തങ്ങൾക്കും സാക്ഷ്യം വഹിച്ചിട്ടുള്ള ഒരു സ്ഥാപനമാണ് ടി.ഡി.എം. ഹാൾ എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന തോട്ടക്കാട് ദിവാൻസ് മെമ്മോറിയൽ ഹാൾ. ഇപ്പോൾ ചെറുതും വലുതുമായ ഹാളുകളുടെ ഒരു സമുച്ചയമായി, ജനോപകാരപ്രദമായി, നിലകൊള്ളുന്നു. കരയോഗത്തിന്റെ മറ്റ് സംരംഭങ്ങളായ കരയോഗസൗഹൃദം മുഖപത്രം, മാംഗല്യം വിവാഹ സേവന വിഭാഗം, വൃദ്ധസദനം, ലേഡീസ് ഹോസ്റ്റൽ തുടങ്ങിയവ ജനങ്ങൾ അംഗീകരിച്ച സേവന പ്രവർത്തനങ്ങളാണ്. ആരോഗ്യമേഖലയിൽ വിവിധ ഡോക്ടർമാരുടെ വിദഗ്ദ്ധ സേവനം ലഭ്യമാകുന്ന കരയോഗം മെഡിക്കൽ സെന്ററിന്റെ സേവനം ഈ അവസരത്തിൽ എടുത്ത് പറയേണ്ടതാണ്.

1925 ൽ പതിനൊന്ന് മഹാരഥൻമാരാൽ സ്ഥാപിക്കപ്പെട്ട എറണാകുളം കരയോഗം എന്ന ഈ മഹത് പ്രസ്ഥാനം നവതി ആഘോഷിക്കുകയാണ്. 2015 ഡിസംബർ 21 മുതൽ 25 വരെ ടി.ഡി.എം. ഹാളിൽ നടക്കുന്ന ഈ ആഘോഷത്തിലേക്ക് എല്ലാ സഹൃദയരേയും സാദരം ക്ഷണിക്കുന്നു.

എല്ലാവിധത്തിലുമുള്ള സഹായ സഹകരണങ്ങളും പ്രതീക്ഷിച്ചുകൊണ്ട്,

സ്നേഹാദരവോടെ,

**ജസ്റ്റിസ് കെ.എസ്.രാധാകൃഷ്ണൻ**
മുൻ സുപ്രീം കോടതി ജഡ്ജി
ചെയർമാൻ, നവതി ആഘോഷ കമ്മിറ്റി

**കെ. പി. കെ. മേനോൻ**
പ്രസിഡൻറ്
എറണാകുളം കരയോഗം

**പി.രാമചന്ദ്രൻ (വേണു)**
ജനറൽ സെക്രട്ടറി
എറണാകുളം കരയോഗം

# 21.12.2015, തിങ്കൾ

| | | |
|---|---|---|
| രാവിലെ 8.30 | : | **പതാക ഉയർത്തൽ**<br>ശ്രീ. കെ പി കെ മേനോൻ<br>പ്രസിഡൻറ്, എറണാകുളം കരയോഗം |

**മുഖ്യവേദി** **ടി.ഡി.എം.ഹാൾ ഗംഗ** **രാവിലെ 10.00 മണി**

## ഉദ്ഘാടനം

| | | |
|---|---|---|
| ദേശീയ ഗാനം | : | |
| പ്രാർത്ഥന | : | ഡോ. ജയലക്ഷ്മി മണികണ്ഠൻ |
| സ്വാഗതം | : | ശ്രീ.കെ.എസ്.രാധാകൃഷ്ണൻ<br>മുൻ സുപ്രീം കോടതി ജഡ്ജി, ഇൻഡ്യ<br>ചെയർമാൻ, നവതി സെലിബ്രേഷൻ കമ്മിറ്റി |
| ഉദ്ഘാടനം | : | ശ്രീ. പി. സദാശിവം<br>ബഹു. കേരള ഗവർണ്ണർ<br>മുൻ ചീഫ് ജസ്റ്റിസ്, ഇൻഡ്യ<br>ഭദ്രദീപം തെളിയിക്കുന്നു. |
| സ്മരണിക പ്രകാശനം | : | ശ്രീ. പി. സദാശിവം<br>ബഹു. കേരള ഗവർണ്ണർ<br>മുൻ ചീഫ് ജസ്റ്റിസ്, ഇൻഡ്യ |
| സ്വീകർത്താവ് | : | ശ്രീ. കെ പി കെ മേനോൻ,<br>പ്രസിഡൻറ് , എറണാകുളം കരയോഗം |
| ആശംസ | : | സി.എ കെ.ടി. മോഹനൻ<br>ട്രഷറർ, എറണാകുളം കരയോഗം<br>ഭരത് സുരേഷ് ഗോപി<br>സിനി ആർട്ടിസ്റ്റ്<br>സ്വാമി വിവിക്താനന്ദ സരസ്വതി<br>റീജിയണൽ ഹെഡ്, ചിൻമയ മിഷൻ, കേരള<br>ശ്രീ. രമേശ് ചെന്നിത്തല<br>കേരള ആഭ്യന്തര മന്ത്രി |
| ഉദ്ഘാടന സന്ദേശം | : | ശ്രീ. പി. സദാശിവം<br>ബഹു. കേരള ഗവർണ്ണർ<br>മുൻ ചീഫ് ജസ്റ്റിസ്, ഇൻഡ്യ |
| കൃതജ്ഞത | : | ശ്രീ.പി.രാമചന്ദ്രൻ (വേണു)<br>ജനറൽ സെക്രട്ടറി, എറണാകുളം കരയോഗം |
| ദേശീയ ഗാനം | : | |

**NB : അതിഥികൾ ദയവായി രാവിലെ 9.45 നു മുമ്പ് ഹാളിൽ പ്രവേശിക്കേണ്ടതാണ്.**

# 21.12.2015, തിങ്കൾ

**വേദി 2** | **ടിഡിഎം ഹാൾ കാവേരി** | **സമയം : 2.00 p.m.**

## കരയോഗത്തിലെ മുതിർന്ന അംഗങ്ങളെ ആദരിക്കൽ

സ്വാഗതം : **ശ്രീ. പി. രാമചന്ദ്രൻ (വേണു)**
ജനറൽ സെക്രട്ടറി, എറണാകുളം കരയോഗം

ഉദ്ഘാടനം : **ജസ്റ്റിസ്(റിട്ട.) എം.രാമചന്ദ്രൻ**

കരയോഗത്തിലെ മുതിർന്ന
അംഗങ്ങളെ ആദരിക്കൽ : **ശ്രീ. കെ.പി.കെ. മേനോൻ**
പ്രസിഡന്റ്, എറണാകുളം കരയോഗം

ആശംസ : **ശ്രീ. വി.പി.മധുസൂദനൻ**
മുൻ പ്രസിഡൻറ്, എറണാകുളം കരയോഗം
**ശ്രീ. എൽ.കെ.കൃഷ്ണൻകുട്ടി**
മുൻ പ്രസിഡൻറ്, എറണാകുളം കരയോഗം
**ഡോ. എ. രാമചന്ദ്രൻ**
മുൻ സെക്രട്ടറി, എറണാകുളം കരയോഗം
**ശ്രീ. കെ.ജി.ജനാർദ്ദനൻ**, സിനി ആർട്ടിസ്റ്റ്
**ശ്രീ. ടി.വി.ജി.മേനോൻ**, കാർട്ടൂണിസ്റ്റ്

കൃതജ്ഞത : **ശ്രീ. കെ. രാമചന്ദ്രൻ നായർ**
വൈസ് പ്രസിഡന്റ്, എറണാകുളം കരയോഗം

---

**മുഖ്യവേദി** | **ടി.ഡി.എം.ഹാൾ ഗംഗ** | **കലാപരിപാടികൾ**

6.15 p.m. — **കുടുക്ക വീണ കച്ചേരി**

അവതരണം : കാവിൽ ഉണ്ണികൃഷ്ണവാര്യർ, നോർത്ത് പറവൂർ

7.30 p.m. — **മിഴാവ് തായമ്പക**

അവതരണം : കൃഷ്ണൻനമ്പ്യാർ മിഴാവ് കളരി, തൃശ്ശൂർ
മിഴാവ് : ശ്രീ.വി.കെ.കെ. ഹരിഹരൻ,
കലാമണ്ഡലം എ. എൻ. ഹരിഹരൻ,
കലാമണ്ഡലം രാജീവ്
വലംതല : കലാനിലയം ഉണ്ണികൃഷ്ണൻ
ഇലത്താളം : ഇരിങ്ങാലക്കുട അനിൽകുമാർ

"ഓർമ്മ ചിത്രങ്ങൾ" – എറണാകുളം കരയോഗത്തിന്റെ ഫോട്ടോ പ്രദർശനം ദിവസേന ടി.ഡി.എം. ഹാൾ കൃഷ്ണയിൽ

# 22.12.2015, ചൊവ്വ

**മുഖ്യവേദി** **ടിഡിഎം ഹാൾ ഗംഗ** **സമയം : 10.00 a.m.**

## നവരത്ന പ്രതിഭകളെ ആദരിക്കൽ

| | | |
|---|---|---|
| സ്വാഗതം | : | സിഎ. വേണുഗോപാൽ സി ഗോവിന്ദ്<br>സീനിയർ ചാർട്ടേഡ് അക്കൗണ്ടന്റ് |
| അദ്ധ്യക്ഷൻ | : | ശ്രീ. കെ.പി.കെ.മേനോൻ<br>പ്രസിഡന്റ്, എറണാകുളം കരയോഗം |
| ഉദ്ഘാടനം | : | ശ്രീ. ഒ. രാജഗോപാൽ<br>മുൻ കേന്ദ്രമന്ത്രി |
| ആശംസ | : | ശ്രീമതി സൗമിനി ജെയിൻ, മേയർ, കൊച്ചി കോർപ്പറേഷൻ<br>ശ്രീ. കെ.വി.തോമസ് എം.പി<br>ശ്രീ. എം.എ.ബേബി, എം.എൽ.എ |
| ആദരിക്കപ്പെടുന്ന മഹനീയ വ്യക്തികൾ | : | 1. പത്മഭൂഷൺ ടിവിആർ ഷേണായ്<br>2. പത്മശ്രീ മധു<br>3. പത്മശ്രീ അഡ്വ. സി. കെ. മേനോൻ<br>4. പത്മശ്രീ ഡോ.എം.ലീലാവതി<br>5. പ്രൊഫസർ. എം.കെ.സാനു<br>6. ഡോ.വി.പി.ഗംഗാധരൻ<br>7. ഡോ. എ.സുകുമാരൻ നായർ<br>8. സീനിയർ അഡ്വ. പി.ജി. പരമേശ്വര പണിക്കർ<br>9. ശ്രീമതി സുജാത മോഹൻ |
| മറുപടി പ്രസംഗം | : | |
| കൃതജ്ഞത | : | അഡ്വ. ടി. ശിവദാസൻ നായർ<br>മുൻ രജിസ്ട്രാർ, സുപ്രീം കോടതി |

---

**വേദി 2** **ടി.ഡി.എം.ഹാൾ യമുന** **സമയം : 10.00 a.m.**

## മത്സരങ്ങൾ : കവിത പാരായണം

| | | | |
|---|---|---|---|
| പങ്കെടുക്കേണ്ടവർ | : | 1. ജൂനിയർ | 10 മുതൽ 14 വയസ്സുവരെ |
| | | 2. സീനിയർ | 14 മുതൽ 18 വയസ്സുവരെ |

**“ഓർമ്മ ചിത്രങ്ങൾ” – എറണാകുളം കരയോഗത്തിന്റെ ഫോട്ടോ പ്രദർശനം ശിവസേന ടി.ഡി.എം. ഹാൾ കൃഷ്ണയിൽ**

# 22.12.2015, ചൊവ്വ

**വേദി 3** — **ടിഡിഎം ഹാൾ കൃഷ്ണ** — **ദൃശ്യ കലകൾ**

10.00 a.m. - 4.00 p.m — **കുരുത്തോല പണിക്കൂടം**

**അവതരണം : സുധീർ മുളളൂർക്കരയും സംഘവും**

2.00 p.m — **ആമുഖ പ്രഭാഷണം**

**ശ്രീ. വിജയകുമാർ മേനോൻ,** ചിത്രകലാ നിരൂപകൻ

---

**വേദി 4** — **ടി.ഡി.എം.ഹാൾ കാവേരി** — **സമയം : 2.00 p.m.**

## സെമിനാർ : മതം ഇരുപത്തി ഒന്നാം നൂറ്റാണ്ടിൽ

| | | |
|---|---|---|
| ചെയർമാൻ | : | സീനിയർ അഡ്വ. എം.ആർ.രാജേന്ദ്രൻ നായർ |
| ഉദ്ഘാടനം | : | ജസ്റ്റിസ് (റിട്ട) ആർ. ഭാസ്കരൻ |
| വിഷയാവതരണം | : | ഡോ. മുരളി വല്ലഭൻ |
| | | അക്കാഡമിക് കോർഡിനേറ്റർ, ശ്രീ രാമകൃഷ്ണ മഠം, പാല |
| പ്രാതിനിധ്യം | : | സ്വാമി ചിദാനന്ദപുരി |
| | | ഫാദർ പോൾ തേലക്കാട്ട് |
| | | ശ്രീ. നിലമ്പൂർ റഹ്മത്തുള്ള കാസിം മുത്തേടം |
| കൃതജ്ഞത | : | ശ്രീ. ശ്രീവല്ലഭൻ നായർ. എം |

---

**മുഖ്യവേദി** — **ടി.ഡി.എം.ഹാൾ ഗംഗ** — **കലാപരിപാടികൾ**

6.15 p.m. — **കഥകളി**

**അവതരണം : എറണാകുളം കരയോഗം കഥകളി ക്ലബ്ബ്**

| | | |
|---|---|---|
| കഥ | : | നളചരിതം ഒന്നാം ദിവസം |
| ഹംസം | : | പത്മഭൂഷൺ മടവൂർ വാസുദേവൻ നായർ |
| നളൻ | : | പത്മശ്രീ കലാമണ്ഡലം ഗോപി |
| ദമയന്തി | : | മാർഗ്ഗി വിജയകുമാർ |
| നാരദൻ | : | ആർ.എൽ.വി. കൊച്ചു ഗോപി |
| തോഴിമാർ | : | കലാമണ്ഡലം വിപിൻ |
| | | കലാനിലയം അരവിന്ദ് |
| പാട്ട് | : | കോട്ടയ്ക്കൽ മധു |
| | | കലാനിലയം രാജീവൻ |
| ചെണ്ട | : | കലാമണ്ഡലം ഉണ്ണികൃഷ്ണൻ |
| മദ്ദളം | : | കലാമണ്ഡലം നമ്പീശൻകുട്ടി |

**"ഓർമ്മ ചിത്രങ്ങൾ" – എറണാകുളം കരയോഗത്തിന്റെ ഫോട്ടോ പ്രദർശനം ദിവസേന ടി.ഡി.എം. ഹാൾ കൃഷ്ണയിൽ**

# 23.12.2015, ബുധൻ

**മുഖ്യവേദി** | **ടിഡിഎം ഹാൾ ഗംഗ** | **സമയം :10.00 a.m.**

## സെമിനാർ : മാറുന്ന തൊഴിൽ സംസ്കാരം

| | | |
|---|---|---|
| ചെയർമാൻ | : | ഡോ.എം.പി.സുകുമാരൻ നായർ<br>മുൻ മാനേജിങ്ങ് ഡയറക്ടർ,<br>ടിസിസി ലിമിറ്റഡ് |
| ഉൽഘാടനം | : | ജസ്റ്റിസ് (റിട്ട) സി.എൻ. രാമചന്ദ്രൻ നായർ |
| വിഷയാവതരണം | : | ശ്രീ. എ.സി.ജോസ് മുൻ എം.പി. |
